കമ്മിറ്റിയുടേയും അതുപോലെ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടേയും സ്ക്രൂട്ടിണിക്ക് വിധേയമാക്കണമെന്ന്. അത്തരം ഒരു സാഹചര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സംബന്ധിച്ച് ചർച്ച വേണ്ട എന്നല്ല, ചർച്ച ചെയ്യണം. പക്ഷേ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടേയും അതുപോലെ തന്നെ പബ്ലിക് അണ്ടർടേക്കിംഗസ് കമ്മിറ്റിയുടേയും സ്ക്രൂട്ടിനിക്ക് വിധേയമാക്കിയതിനുശേഷം ചർച്ച ചെയ്യുമ്പോൾ അതിന് ശാസ്ത്രീയമായ ഉള്ളടക്കം ഉണ്ടാകും. അതുകൊണ്ടാണ് ഈ ചർച്ച അർത്ഥശൂന്യമാണെന്നു ഞാൻ പറയാൻ കാരണം.

XIV റൂളിംഗ്

മി. സ്പീക്കർ: മി. ബാലൻ ഉന്നയിച്ച കാര്യത്തെക്കുറിച്ച് പറയാം. ഒരു പ്രശ്നം ഉന്നയിച്ച് സാധാരണഗതിയിൽ മറ്റു കമ്മിറ്റികൾക്ക് അയക്കുകയാണെന്നു പറഞ്ഞത് ശരിയാണ്. അതേ സമയത്തു തന്നെ ഞാൻ പഴയ രേഖകൾ പരിശോധിച്ചപ്പോൾ .....(ബഹളം)..... 21-02-1994-ലെ പാമോയിലിനെ സംബന്ധിച്ച കേസ് റിപ്പോർട്ട് ചെയ്തപ്പോൾ 1-3-1994-ൽ ശ്രീ. കടവൂർ ശിവദാസൻ നല്കിയ 58-ാം ചട്ടപ്രകാരമുള്ള നോട്ടീസ് അനുസരിച്ച് ചർച്ച ചെയ്ത പ്രീസീഡന്റ് ഇവിടെയുണ്ട്. അപ്പോൾ പ്രീസീഡന്റ് അനുസരിച്ച് ഇവിടെ ചർച്ച ചെയ്യുന്നതിന് തടസ്സമൊന്നുമില്ല. മാത്രവുമല്ല ഇത് വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയവുമായിരുന്നു. ഇതു സംബന്ധിച്ച് വേറെ നാലഞ്ച് പ്രശ്നങ്ങൾ കക്ഷി നേതാക്കളുടെ യോഗത്തിലും, ബി.എ.സി.യിലും ചർച്ച ചെയ്ത്, ഒരു സമവായത്തിൽ എന്നതിന്റെ അടിസ്ഥാനത്തിൽ മി. ഹസ്സൻ തന്ന നോട്ടീസും പ്രതിപക്ഷം തന്ന ഈ വിഷയവും ഒന്നിച്ച് എടുക്കാമെന്നുള്ള ധാരണയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ എന്ന നിലയ്ക്കുള്ള അവകാശം ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ സമവായത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച ഒരു കാര്യമായതുകൊണ്ട്, ഇവിടെ ചർച്ച നടത്തുന്നതിൽ യാതൊരു അപാകതയുമില്ല. അങ്ങനെ കീഴ്വഴക്കമുണ്ട്. അതുകൊണ്ട്, Mr. Hassan you can .....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

XV ചട്ടം 58 പ്രകാരമുള്ള ചർച്ച

(1) സി. ആന്റ് എ.ജി.-യുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടിലെ അദ്ധ്യായം III (പാര 3.1 മുതൽ 3.36 വരെ) സംബന്ധിച്ച് ചർച്ച

ശ്രീ. എം.എം.ഹസ്സൻ: സർ, "കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെപ്പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

പൊതുപ്രാധാന്യമുള്ള അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള എന്റെ ഉദ്ദേശം സംബന്ധിച്ച് ഞാൻ നോട്ടീസ് നൽകുന്നു:-

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ടിലെ അദ്ധ്യായം III-ലെ 3.1 മുതൽ 3.36 വരെയുള്ള ഓഡിറ്റ് പാര, (ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിക്കുന്ന) റൂൾ 58 പ്രകാരം സഭ ചർച്ച ചെയ്യണം."

സർ, നമ്മുടെ സംസ്ഥാനം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ അഴിമതിയുടെ ചുരളുകൾ അഴിക്കുന്ന ആഡിറ്റ് റിപ്പോർട്ടാണ് നാം ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലുണ്ടായ ഭീമമായ നഷ്ടത്തെക്കുറിച്ച് നാം ഇവിടെ ചർച്ച ചെയ്യുമ്പോൾ, 374 കോടി രൂപയുടെ നഷ്ടം പേറേണ്ടിവരുന്നത് കേരളത്തിലെ മൂന്ന് കോടി ജനങ്ങളാണെന്നുള്ള യാഥാർത്ഥ്യം ഈ ചർച്ചയുടെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. ഇങ്ങനെയൊരു വിഷയം ഇവിടെ ചർച്ച ചെയ്യപ്പെടാതെയാണ് പതിനൊന്നാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനം അവസാനിക്കുന്നതെങ്കിൽ നിയമസഭയുടെ ചരിത്രത്തിൽ അതൊരു കറുത്ത രേഖയായി അവശേഷിക്കും. കേരളം രൂപീകൃതമായശേഷം ഇത്രയും ഭീമമായ അഴിമതിയുടെ ഞെട്ടിപ്പിക്കുന്ന ചിത്രം ഈ സഭയുടെ മുന്നിൽ സി.ആന്റ് എ.ജി. അവതരിപ്പിച്ചിട്ടില്ല. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നുള്ളത് ഇടതുപക്ഷ പാർട്ടികളും ട്രേഡ് യൂണിയനുകളും അവരുടെ വലിയ മുദ്രാവാക്യമായി ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള ഒരു നാടാണ്. വയലാർ-പുന്നപ്ര സമരത്തിന്റെ ആവേശത്തോടുകൂടി, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ ഇറങ്ങുന്ന ഇടതുപക്ഷക്കാർ ഈ സംസ്ഥാനം ഭരിച്ചപ്പോഴാണ്, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തിന് 374 കോടി രൂപയുടെ നഷ്ടമുണ്ടായതെന്ന് ഭരണഘടനാസ്ഥാപനമായ സി. ആന്റ് എ. ജി. ചൂണ്ടിക്കാണിച്ചത്. മാത്രമല്ല, അത് പാഴായിപ്പോയെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ഒരു ആഡിറ്റ് റിപ്പോർട്ടിലെ പ്രസക്തമായ കാര്യങ്ങൾ ഉദ്ധരിക്കാതെ ഈ ചർച്ചയ്ക്ക് തുടക്കം കുറിക്കുവാൻ സാധ്യമല്ല. തടസ്സവാദങ്ങൾകൊണ്ട് തടസ്സപ്പെടുത്തി എന്റെ പ്രസംഗം അലോസരപ്പെടുത്തുമെന്ന് എനിക്കറിയാം. പക്ഷേ കേരളത്തിലെ 3 കോടി ജനങ്ങൾ ഇതറിയണം. കാരണം മൂന്ന് കോടി ജനങ്ങൾക്ക് ഇത് അറിയാനുള്ള അവകാശമുണ്ട്. നിങ്ങൾ എന്ത് തടസ്സങ്ങൾ ഉന്നയിച്ചാലും പറയാനുള്ളത് മുഴുവൻ പറഞ്ഞേ ഞാൻ പ്രസംഗം അവസാനിപ്പിക്കൂ. "നവീകരിക്കപ്പെട്ട ഉപകരണങ്ങളിലെ വിവിധ സാങ്കേതിക തകരാറുകൾ കാരണം നവീകരണത്തിനുവേണ്ടി വഹിച്ച 374.50 കോടി രൂപയുടെ ചെലവ് ആനുപാതികമായ നേട്ടമുണ്ടാക്കിയിട്ടില്ല. വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ അഭിവൃദ്ധി ഇല്ലാതിരുന്നതിനാൽ യന്ത്രങ്ങളുടെ കാര്യക്ഷമത കൂട്ടുക എന്ന ലക്ഷ്യം നേടാൻ സാദ്ധ്യമായില്ല. ഈ പദ്ധതികൾ നവീകരണത്തിനുവേണ്ടി തെരഞ്ഞെടുത്തതിലും എസ്.എൻ.സി. ലാവ്‌ലിന് കരാർ നൽകിയതിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുശാസിക്കപ്പെട്ട നടപടിക്രമങ്ങളിൽനിന്ന് വ്യതിചലനങ്ങളുണ്ടായിരുന്നു. വിദേശ വായ്പകൾ ഇടപാട് ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധയുടെ അഭാവം ബോർഡിന്റെ ധനപരമായ താൽപ്പര്യങ്ങൾക്ക് ഹാനികരമായി ഭവിച്ചു" ഇതൊക്കയാണ് ഈ റിപ്പോർട്ടിലെ പ്രമുഖമായ ഭാഗങ്ങൾ. ഇതിൽ പിന്നീടു വരുന്ന പാരഗ്രാഫുകളിൽ ഉപദേശക ഫീസിന്റെ കാര്യം, എക്സ്പോഷർ ഫീസിന്റെ കാര്യം, കരാറിന്റെ ഭാഗമായി നല്കാമെന്ന് സമ്മതിച്ചിരിക്കുന്ന 98.30 കോടി രൂപയുടെ സഹായ ധനത്തിൽ, 89.32 കോടി രൂപ ലഭ്യമാകാത്ത കാര്യങ്ങൾ എന്നിവ പറയുന്നുണ്ട്. ഈ ആഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തായിരുന്നു? പുതുക്കിപ്പണിയൽ യഥാർത്ഥത്തിൽ ആവശ്യമായിരുന്നോ? ബാഹ്യ ഏജൻസികളുടെ ധനപരമായ ഏർപ്പാടുകൾ ബോർഡിന് ഗുണകരമായിരുന്നോ? യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും സേവനങ്ങളുടെയും സ്വായത്തമാക്കൽ ചെലവ് കുറഞ്ഞ രീതിയിൽ നടത്തിയിരുന്നോ? പുതുക്കിപ്പണിയലിനുശേഷം വൈദ്യുതി നിലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നോ? എന്നീ ചോദ്യങ്ങൾക്ക് ഇല്ല എന്ന ഉത്തരമാണ് ഇതിലുള്ളത്. .....(ബഹളം)..... ഞാൻ പറയുന്നതിന് കമന്റിന്റെയൊന്നും ആവശ്യമില്ല. ഞാൻ ചോദിക്കേണ്ടവരോട് ചോദിച്ചുകൊള്ളാം. ബാലൻ ഇവിടെ തടസ്സവാദം ഉന്നയിച്ചല്ലോ? ആർക്കു വേണ്ടിയെന്ന് എനിക്കറിയാം. ആ തടസ്സവാദങ്ങളൊന്നും എന്നെ തടസ്സപ്പെടുത്തുകയില്ല.....(ബഹളം)..... സി.ആന്റ്.എ.ജി.യുടെ റിപ്പോർട്ടിലെ ഏറ്റവും പ്രസക്തമായ കാര്യം, ആരാണ് ഈ കരാർ അവസാനമായി ഒപ്പിട്ടത് എന്നുള്ളതാണ്. ശ്രീ. കാർത്തികേയനോട് ചോദിക്കുവാൻ പറയുന്നു. ചോദിക്കാം. ശ്രീ. കാർത്തികേയന്റെ പങ്കിനെക്കുറിച്ച് പറയാം. ശ്രീ. കടവൂർ ശിവദാസനെക്കുറിച്ച് നിങ്ങൾ പറഞ്ഞതിലുള്ള മറുപടിയും ഞാൻ പറയാം. പറയാതെ പോകുകയില്ല. ഇതിൽ എ.ജി.യുടെ ഒബ്സർവേഷൻ, കൺക്ലൂഷനിൽ Ministerial delegation directly negotiated എന്നാണ് പറഞ്ഞിരിക്കുന്നത്. The final contract for supply of equipment and engineering services was finalised by a Ministerial delegation directly with the consultant who was acting as an intermediary and was not the manufacturer. സി.ആന്റ്. എ.ജി.യുടെ എത്രയോ റിപ്പോർട്ടുകൾ ഈ സഭയുടെ മുമ്പിൽ വന്നിട്ടുണ്ട്. ഇപ്പോൾ പാമോയിലിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. പാമോയിൽ ഇടപാടിനെക്കുറിച്ചുള്ള സി.ആന്റ് എ.ജി. റിപ്പോർട്ട് വന്നപ്പോൾ പ്രതിപക്ഷ നേതാവ് ശ്രീ. അച്ചുതാനന്ദൻ ശ്രീ. കരുണാകരന്റെ പങ്കിന് തെളിവായി ഉയർത്തിക്കാണിച്ചത് കോർപ്പറേഷൻ അന്നത്തെ മുഖ്യമന്ത്രിയാരുന്ന ശ്രീ. കെ. കരുണാകരനുമായി നടത്തിയ ചർച്ചയെക്കുറിച്ചുള്ള കത്താണ്. അതിനേക്കാൾ എത്രയോ ഗുരുതരമായിട്ടുള്ള സംഭവമാണിത്. ഇതിൽ മന്ത്രിതല പ്രതിനിധി സംഘം എസ്.എൻ.സി.-യിൽ ഒരു വിദഗ്ദ്ധ ഉപദേശക ഇടനിലക്കാരൻ മാത്രമായിരുന്നു. അല്ലാതെ യഥാർത്ഥ ഉപകരണ നിർമ്മാതാവ് ആയിരുന്നില്ല. ഇതിൽ കാനഡയിൽ വച്ചു നടന്ന ചർച്ചയിൽ അടിയന്തിരമായി ഒപ്പിട്ടത് ആരായിരുന്നു? അനാവശ്യമായ ധൃതിയിൽ..... (ബഹളം).....ഇതിന്റെ ഫലമായി ഉണ്ടായ നഷ്ടമെന്താണ്? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ പദ്ധതികളൊക്കെ പുതുക്കി പണിയലിന്റെ ആവശ്യം ഉണ്ടായിരുന്നോ? ഇതിൽ

പറയുന്നത് "പള്ളിവാസൽ, ശെങ്കുളം, പന്നിയാർ വൈദ്യുത നിലയങ്ങൾക്ക് ഇത്രയും ഭീമമായ ചെലവ് ഉൾക്കൊണ്ടുകൊണ്ടുള്ള പുതുക്കിപ്പണിയൽ ഉടനടി ആവശ്യമില്ലായിരുന്നു" എന്നാണ്. ഈ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗമാണ് ഞാൻ വായിക്കുന്നത്, അവിടംകൊണ്ട് അവസാനിക്കുന്നില്ല. പുതുക്കി പണിയലിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ സാധ്യമായില്ല. ഉല്പാദനം, പുതുക്കിപ്പണിയുന്നതിന് മുമ്പുണ്ടായിരുന്ന നിലയിൽപ്പോലും നിലനിർത്താൻ സാധ്യമായില്ല. അതിനാൽ ബോർഡിന് കേടുപാട് തീർക്കലിനായി ഒഴിവാക്കാമായിരുന്ന ചെലവ് വഹിക്കേണ്ടി വന്നു. യന്ത്രങ്ങളുടെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തുക എന്ന മുഖ്യലക്ഷ്യം തന്നെ വൈദ്യുതി ഉല്പാദനത്തിന് ഒരു മെച്ചവും ഉണ്ടാക്കാത്തതിനാൽ നേടുവാനായില്ല. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ വൈദ്യുത നിലയങ്ങളിൽ പുതിയ ഡിജിറ്റൽ പി.ഐ.ഡി ഗവർണറുകൾ സ്ഥാപിതമായതു മുതൽ വേഗതാപ്രതികരണം തകരാറിലായിരിക്കുകയും അതിന്റെ ഫലമായി ജനറേറ്ററുകളുടെ പ്രവർത്തനത്തിൽ റിഥ്മം ഉണ്ടാകുകയും അത് വൈദ്യുതി തടസ്സത്തിലേക്കും അതുപോലെതന്നെ ഉല്പാദനനഷ്ടത്തിലേക്കും നയിച്ചു. എന്നാൽ ഇതെല്ലാം ഗവർണ്ണറുകളുടെ പ്രവർത്തനത്തിന്റെ അപര്യാപ്തത കാരണമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഗവർണറുകൾ കേട്പാട് തീർക്കലിന് അതീതമാണെന്ന് എസ്.എൻ.സി. ലാവ്‌ലിൻ സമ്മതിച്ചതായും പ്രസ്താവിക്കപ്പെടുന്നു. ഇവിടെ സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ച വസ്തുത ഇതാണ്. നിങ്ങൾ ഇവിടെ ചോദിക്കുന്നു, എം.ഒ.യു. ഒപ്പിട്ട ശ്രീ. കാർത്തികേയൻ ആ കൺസൾട്ടൻസി കരാർ ഒപ്പിട്ടത് എന്തിനാണ് എന്ന്? ശ്രീ. കാർത്തികേയൻ എം.ഒ.യു ഒപ്പിട്ടു. ഈ എം.ഒ.യു. ഒപ്പിടുന്നതാണോ അന്തിമ കരാർ? എ.ജി. ഇവിടെ പറയുന്നത്, ശ്രീ. കാർത്തികേയൻ ഒപ്പിട്ടത് മെമ്മോറാണ്ടം ഒഫ് അണ്ടർസ്റ്റാന്റിംഗ് ആണെന്നാണ്. ലാവ്‌ലിൻ ധനകാര്യ കരാർ ഒപ്പിട്ടത് എൽ.ഡി.എഫ് ഭരണ കാലത്താണ്. ധാരണാ പത്രം ഒപ്പ് വയ്ക്കുന്നത് ശ്രീ. കാർത്തികേയനാണ്.

എസ്.എൻ.സി.ലാവ്‌ലിൻ ഇടപാടിൽ ധാരണാപത്രം പ്രാവർത്തിക മാക്കിയത് 1998-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്താണെന്ന്. സി. ആന്റ്.എ.ജി. റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഒരു കനേഡിയൻ ഗവൺമെന്റ് സ്ഥാപനമായ ഇ.ഡി.സി.യുടെ പദ്ധതികൾക്കാവശ്യമായ വായ്പയ്ക്കുവേണ്ടി എസ്.എൻ.സി. ലാവ്‌ലിനുമായി ചർച്ചകൾ ആരംഭിക്കുന്നതിനുമുമ്പ് ഇ.ഡി.സി.യുടെ ആവശ്യ പ്രകാരമാണ് കൺസൾട്ടൻസി കരാർ ഒപ്പു വയ്ക്കുന്നത്. അതിന്റെ പ്രിയാംബിളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. കൺസൾട്ടൻസി കരാറിന്റെ എം.ഒ.യു ശ്രീ. ജി. കാർത്തികേയൻ ഒപ്പിട്ടു എന്ന കാരണംകൊണ്ട് ഇത് മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾ ബാദ്ധ്യസ്ഥരല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി 1996-ൽ ഇവിടെ അധികാരത്തിൽ വന്നു. അപ്പോൾ ഒരു പശ്ചാത്തലമുണ്ടായിരുന്നു. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തിലൂടെ ഉയർത്തിക്കൊണ്ടുവന്ന ഒരു മുദ്രാവാക്യമുണ്ടായിരുന്നു. വിദേശ കുത്തക

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളെ ഒഴിവാക്കിക്കൊണ്ട് ചെലവ് കുറഞ്ഞ രീതിയിൽ ഇവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കണം. അപ്പോൾ ബദൽ നയങ്ങൾ നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ നടപ്പാക്കണം. ശ്രീ. ജി.കാർത്തികേയൻ ധാരണാപത്രവും കൺസൾട്ടൻസി കരാറും ഒപ്പിട്ടതുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോയി. ഞങ്ങൾക്ക് പുറകോട്ട് പോകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് ഈ കുഴപ്പങ്ങൾ എന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. അതു പറയുമ്പോൾ ഗൗരവമായ ഒരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. എ.ജി. പറഞ്ഞിരിക്കുന്ന ഒരു ക്രമക്കേട്, ആഗോള ടെൻഡർ വിളിച്ചിട്ടില്ല എന്നതാണ്. എസ്.എൻ.സി. ലാവ്‌ലിനിൽ നിന്നും കിട്ടിയ കമ്മീഷനെ സംബന്ധിച്ചിടത്തോളം ഉപകരണങ്ങളുടെ വില നിങ്ങൾ സ്വീകരിച്ചിട്ടില്ല, പരിശോധിച്ചിട്ടില്ല. അതുമാത്രമല്ല, ഇതിന്റെ ഗുണനിലവാരത്തെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ ചരിത്രത്തിൽ ഒരു കൺസൾട്ടന്റ്, സപ്ലൈറും കോൺട്രാക്ടറുമായി മാറിയ സംഭവം ഉണ്ടായിട്ടുണ്ടോ? രാവണന് പത്ത് തലയുണ്ടെന്ന് പറഞ്ഞതുപോലെ ഒരു ലാവ്‌ലിന് മൂന്നു തല-കൺസൾട്ടന്റ്, സപ്ലൈയർ, കോൺട്രാക്ടർ, ഇലക്ട്രിസിറ്റി ബോർഡിൽ ഒരു സ്റ്റോർ പർച്ചേസ് മാനുവലുണ്ട്. ഇരുപതിനായിരം രൂപയിൽ കൂടുതൽ വിലയ്ക്ക് എന്ത് സാധനം വാങ്ങണമെങ്കിലും കമ്മീഷൻ വിളിക്കണം. ഈ കൺസൾട്ടൻസി കരാറിനെ നിങ്ങൾ സപ്ലൈ കരാറാക്കി മാറ്റിയപ്പോൾ ആഗോള ടെൻഡർ വിളിച്ചിട്ടുണ്ടോ എന്നാണ് എ.ജി. ചോദിച്ചത്? ആഗോള ടെൻഡർ വിളിക്കാതെ ഏതെങ്കിലുമൊരു കമ്പനിക്ക് കൊടുത്തുവെങ്കിൽ അതാണ് മിനിസ്റ്റീരിയൽ ഡെലിഗേഷൻ. ആ കരാർ ഒപ്പിട്ടതാണ് അഴിമതിയുടെ ഉറവിടമെന്ന് സംശയാതീതമായി, അനിഷേധ്യമായി എ.ജി. പറഞ്ഞിരിക്കുന്നു. ശ്രീ. ജി. കാർത്തികേയനോട് ചോദ്യം ചോദിക്കുന്നവരോട് ഞാൻ പറയട്ടെ, 1996-ലാണ് LDF ഇവിടെ അധികാരത്തിൽ വന്നത്. കേരള ഗവൺമെന്റ് ഒരു കമ്മിറ്റിയെ വച്ചു. ബാലാനന്ദൻ കമ്മിറ്റി, A committee to study the development of electricity. അതിന്റെ G.O.യിൽ പറയുന്നത് Government of Kerala vide G.O.(MS) 23/96/P.D dated 19/9/96 Annexure-1 appointed the committee to study the development of electricity within the state and to formulate and report, specific conclusions and recommendations on the various issues relating to the development of electricity. The committee consisted of 26 members under the chairmanship of E. Balanandan M.P., സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നശേഷം നിയമിച്ച കമ്മിറ്റിയാണ്. യാതൊരു പണിയുമില്ലാതെ കറങ്ങി നടന്ന ബാലാനന്ദനെ അക്കോമഡേറ്റ് ചെയ്യാൻ ആ കമ്മിറ്റിയിൽ പിടിച്ച് ചെയർമാനാക്കിയതല്ല. അദ്ദേഹം പോളിറ്റ് ബ്യൂറോ മെമ്പറാണ്. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷന്റെ ആൾ ഇൻഡ്യ പ്രസിഡന്റാണ്. വളരെ ഗൗരവമായ എൻറോൺ പ്രോജക്ട് ഉണ്ടായ കാലത്ത് ഉയർത്തിക്കൊണ്ടു വന്ന പ്രക്ഷോഭത്തിന്റെ ഫലമായി gamon പ്രോജക്ടിന് എതിരായി ഉന്നയിച്ച ആരോപണങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ ഇലക്ട്രിസിറ്റി സമരങ്ങളുടെ പരിണതഫലമായി നിങ്ങളുടെ ഗവൺമെന്റ് ബദൽ നയമുണ്ടാക്കാൻ, ആദ്യ ചുവടായി വച്ച കമ്മിറ്റിയാണിത്. ആ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി പരിശോധിച്ച് പറഞ്ഞത് ഇത്തരത്തിലുള്ള എം.ഒ.യു ഉണ്ടെങ്കിലും കണ്ടസൾട്ടൻസി കരാറുണ്ടെങ്കിലും അത് റദ്ദാക്കുന്നതിൽ ഒരു കുഴപ്പവുമില്ല എന്നാണ്. ശ്രീ. ജി. കാർത്തികേയൻ എടുത്ത കൺസൾട്ടൻസി കരാർ ഒഴിവാക്കുന്നതിൽ അപാകതയൊന്നുമില്ല. പൂർണ്ണമായി ഇതിന്റെ മെഷിനറി മാറ്റേണ്ടതില്ലെന്ന് പരിശോധിച്ച് പറയുകയും ചെയ്തു. അതിലെ പ്രസക്തമായ ഒന്നു രണ്ട് വരികൾ ഞാൻ വായിക്കാം. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത രൂപത്തിലുള്ള ഒരു ഓഫറാണ് എസ്.എൻ.സി.ലാവ്‌ലിനിൽ നിന്ന് വന്നിരിക്കുന്നത്. 100.50 കോടി രൂപയ്ക്കകത്ത് BHEL ഇതിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാണ്. 100 കോടി രൂപ മുടക്കുമ്പോൾ അതിന്റെ കപ്പാസിറ്റി വർദ്ധിക്കുമെന്നാണ് ബാലാനന്ദൻ കമ്മിറ്റി ശുപാർശ ചെയ്തത്. പള്ളിവാസലിൽ 40 മെഗാവാട്ട് വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിക്കും. ശെങ്കുളത്ത് 85 ദശലക്ഷം യൂണിറ്റ് ഉണ്ടാകും. പന്നിയാറിൽ 2 ദശലക്ഷം യൂണിറ്റ് ഉണ്ടാക്കും. അങ്ങനെ 97 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിക്കാനുള്ള ഒരു ഓഫർ 100.5 കോടി രൂപയുടെ പദ്ധതി BHEL-നെക്കൊണ്ട് നടപ്പാക്കണം. നിങ്ങൾ എന്തുകൊണ്ട് ശ്രീ. ജി. കാർത്തികേയന്റെ കരാർ റദ്ദാക്കി, ബാലാനന്ദൻ കമ്മിറ്റിയുടെ ശുപാർശയ്ക്ക നുസരിച്ച് ഈ ഓഫർ പൂർണ്ണമായും അംഗീകരിച്ചില്ല? അതിന് നിങ്ങളുടെ നയമെന്താണ്? മാർക്സിസ്റ്റ് പാർട്ടിക്ക് പല തരത്തിലുള്ള സമീപനങ്ങളുണ്ടല്ലോ. ഇപ്പോൾ രാഷ്ട്രീയത്തിലാണെങ്കിൽ സഖ്യം, ധാരണ, അടവ് ഇതൊക്കെയുണ്ട്. ധാരണയിൽ നിന്നാണല്ലോ ധാരണാപത്രം ഉണ്ടായത്. ബദൽ നയങ്ങൾ നടപ്പിലാക്കാൻ ശ്രീ. ജി. കാർത്തികേയന്റെ ധാരണാപത്രത്തെ വലിച്ചുകീറിക്കളഞ്ഞ് പുതിയൊരു ധാരണയുണ്ടാക്കാൻ എന്തുകൊണ്ട് കഴിഞ്ഞില്ല? ശ്രീ. കെ. കരുണാകരനെപ്പോലുള്ള ഒരാളെ ഒരു വർഷം പിന്നാലെ കൊണ്ടു നടന്നിട്ട് അദ്ദേഹവുമായുള്ള ധാരണ റദ്ദാക്കിയപ്പോൾ, സംസ്ഥാന കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തിൽ നിങ്ങൾ എന്താണ് പറഞ്ഞത്? ബദൽ നയങ്ങൾ നടപ്പിലാക്കാൻ ശ്രീ. കെ. കരുണാകരനുമായുള്ള ധാരണ ഒരു തടസ്സമാണെന്നുള്ളതു കൊണ്ട് ഇടതുമുന്നണിക്ക് പുറത്ത് ആരുമായും ഞങ്ങൾക്ക് സഖ്യമില്ല എന്നു പറയാനുള്ള തന്റേടം കാണിച്ച നിങ്ങൾക്ക് പാവപ്പെട്ട ശ്രീ. ജി. കാർത്തികേയനുണ്ടാക്കിയ ഒരു ധാരണാപത്രം കീറിക്കളഞ്ഞ് ബദൽ സമീപനം സ്വീകരിക്കുന്നുവെന്ന് പറയാൻ നിങ്ങൾ മടിക്കുന്നത് എന്തിനാണ്? അതുകൊണ്ട് ഇത് ഒരിക്കലും ഒരു മറുപടി ആയിരുന്നില്ല. ശ്രീ. ജി. കാർത്തികേയൻ ഇവിടെ കൊണ്ടുവന്നത് ഇ.ഡി.സി.യുടെ ആവശ്യപ്രകാരമാണ്. ആ ധാരണാപത്രത്തിൽ നിന്ന് ഏത് നിമിഷവും നിങ്ങൾക്ക് മാറാം. മാത്രമല്ല, ബാലാനന്ദൻ കമ്മിറ്റിയിൽ പ്രശസ്തനായ അഡ്വക്കേറ്റ് എം. കെ. ദാമോദരനെ വിളിച്ചുവരുത്തി. ശ്രീ. ജി. കാർത്തികേയന്റെ കൺസൾട്ടൻസി കരാറിൽ നിന്ന് പിന്മാറുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എന്താണെന്ന് അന്വേഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, കൂടിപ്പോയാൽ അവർ കേസിനു പോകും; നഷ്ടപരിഹാരം കൊടുക്കണം എന്ന്. ഒരു കേസിനും പോകില്ല. കാരണം എസ്.എൻ.സി. ലാവ്‌ലിൻ എന്നുപറയുന്നത് ഇവിടെ ഒരുപാട് കൺസൾട്ടൻസി കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനിയാണ്. ഈ ഗവൺമെന്റുമായി

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമയുദ്ധത്തിന് അവർ തയ്യാറാവില്ല. കൺസൾട്ടൻസി കരാർ നമ്മൾ റദ്ദാക്കിയിരുന്നെങ്കിൽ, സാങ്കല്പികമായി ഞാൻ പറയുകയാണ്, അവർ കേസിന് പോയി എന്നിരിക്കട്ടെ എന്ത് സംഭവിക്കും? എ.ജി. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കൺസൾട്ടൻസി ഫീസ് ഇനത്തിൽ 20 കോടി രൂപ നഷ്ടപരിഹാരം കൊടുക്കണമെന്ന് കോടതി പ്രഖ്യാപിച്ചാൽ അത് കൊടുക്കേണ്ടിവരുമായിരിക്കും. BHEL-ൽ നിന്ന് 100 കോടി രൂപയുടെ ഓഫർ. കൺസൾട്ടൻസി കരാറിൽ നിന്ന് പുറകോട്ട് പോയാൽ പത്തോ ഇരുപതോ കോടി രൂപ നഷ്ടപരിഹാരം കൊടുക്കേണ്ടിവരും. 120 കോടി രൂപ കൊണ്ട് തീരാവുന്ന കാര്യത്തിനാണ് 374 കോടി രൂപ ചെലവാക്കിയത് എന്നാണ് എ.ജി. പറഞ്ഞത്. ഇത് നമ്മുടെ സംസ്ഥാനത്തിന് പാഴായിപ്പോയി എന്നാണ് പറഞ്ഞത്.....(ബഹളം)..... ഇത്തരം കരാറുകൾ വരുമ്പോൾ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യമെന്താണ്? ഇതിലെ ഗ്രാന്റ് പോർഷൻ ആണ് എനിക്ക് മനസ്സിലാകാത്തത്. നമ്മുടെ നാട് ഒരു കൺസ്യൂമർ സൊസൈറ്റിയാണ്. ഉൽസവ സീസണുകളിൽ ടെക്സ്റ്റയിൽസുകാർ സ്ത്രീകളെ ആകർഷിക്കാൻവേണ്ടി ഓഫറിടും. മൂന്ന് ചുരിദാർ ഒരുമിച്ച് എടുക്കുന്നവർക്ക് ഒരു സാരി ഇനാം, കണ്ടിട്ടില്ലേ അഡ്വർടൈസ്മെന്റ്? ഇവിടെ എന്താണ് പറഞ്ഞത്? മൂന്ന് ജനറേറ്റർ ഒരുമിച്ച് വാങ്ങിയാൽ ഒരു കാൻസർ ആശുപത്രി ഫ്രീ. അല്ലേ? ഇത്തരത്തിലുള്ള ഓഫറുകൾ വരുമ്പോൾ ആളുകൾ സൂക്ഷിക്കും.

മലബാറിലെ ക്യാൻസർ രോഗികളോട് നമുക്കെല്ലാം സഹതാപമുണ്ട്. സർക്കാരിന്റെ പണം മുടക്കി ഒരു ക്യാൻസർ ആശുപത്രി തുടങ്ങാനുള്ള പ്രാപ്തി ഈ സർക്കാരിന് നഷ്ടപ്പെട്ടിട്ടില്ലേ? 98 കോടി രൂപ ഇതിനകത്ത് ഗ്രാന്റ് പോർഷനായി ഉൾപ്പെടുത്തി. ആ ഗ്രാന്റ് പോർഷൻ ഉൾപ്പെടുത്തുന്നതിന് മൂന്ന് കൊല്ലമെടുത്തു. അതിനു പകരം എം.ഒ.യു. വച്ചു. എന്തിനാണ് എം.ഒ.യു? അതിനെ സംബന്ധിച്ച് സി. ആന്റ് എ.ജി. ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "ആ കോൺട്രാക്ടിന്റെ ഭാഗമായി ആശുപത്രികൾക്ക് നൽകിയ വാഗ്ദാനം അതിൽ ഒരു വ്യവസ്ഥയായി അല്ലെങ്കിൽ ഒരു clause ആയി പറഞ്ഞിരുന്നുവെങ്കിൽ ഈ പ്രശ്നം ഒന്നും വരില്ലായിരുന്നു" എന്ന്. ഈ കോൺട്രാക്ടിനെ ഉൾപ്പെടുത്തിക്കൊണ്ട് അതുകൂടി ഇതിന്റെ ഭാഗമാക്കിയിരുന്നെങ്കിൽ നമുക്ക് ഇപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ട് വരുമായിരുന്നോ? .....(ബഹളം)..... ശ്രീ. ബാലന് ശ്രീ. പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് മാത്രമേ കിട്ടുകയുള്ളൂ. ജനങ്ങളുടെ സർട്ടിഫിക്കറ്റ് കിട്ടുകയില്ല. .....(ബഹളം)..... ഇത് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത ഒരു കാര്യമാണ്. ഒരു കോൺട്രാക്ട് ഒപ്പിട്ടശേഷം മൂന്ന് കൊല്ലം കഴിഞ്ഞു. ആ സമയത്ത് ഇവിടെ എൽ.ഡി.എഫ്. ഭരണം ആയിരുന്നു. എന്തുകൊണ്ട് അതിനകം തന്നെ ഈ വ്യവസ്ഥ കോൺട്രാക്ടിന്റെ ഭാഗമാക്കിയില്ല? അതു മാത്രമല്ല, എം.ഒ.യു. ഒപ്പിട്ടത് തന്നെ ഏറ്റവും വലിയ കള്ളക്കളിയാണ്. ആശുപത്രിക്ക് വാഗ്ദാനം ചെയ്ത പണം കോൺട്രാക്ടിൽ വ്യവസ്ഥ ചെയ്യാതെ എം.ഒ.യു. ഒപ്പിട്ടു എന്നുള്ളത് വരുമ്പോൾത്തന്നെ കള്ളക്കളി അവിടെ തുടങ്ങുകയാണ് എന്ന് മനസ്സിലാകും. അവിടെ നിന്നാണ് അഴിമതി ആരംഭിക്കുന്നത്. ആശുപത്രി കെട്ടിടം കെട്ടാൻ ഒരു ഏജൻസിയെ എൽപിച്ചു. അതാണ് ചെന്നൈയിലെ ടെക്നിക്കാലിയ. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ? കേരളത്തിൽ കൺസ്ട്രക്ഷൻ കമ്പനി ഇല്ലേ? കണ്ണൂരിൽ കൺസ്ട്രക്ഷൻ കമ്പനി ഇല്ലേ? ഈ നാട്ടിൽ എത്രയോ കമ്പിനികൾ ഉണ്ടായിട്ടാണ് ചെന്നൈയിൽ പോയി അജ്ഞാതനായ ടെക്നിക്കാലിയയെ കണ്ടുപിടിച്ചത്. ഇതിന്റെ അഴിമതിയുടെ വഴി അന്വേഷിക്കുമ്പോൾ ടെക്നിക്കാലിയയുടെ പങ്ക് കാണാം. 98 കോടി രൂപ നമുക്ക് കിട്ടാനുള്ളത് എവിടെപ്പോയി. ശ്രീ. ആര്യാടൻ ഇവിടെ പറഞ്ഞു; പണം ചോദിക്കണം. കത്തെഴുതി. പണം കിട്ടിയിട്ടില്ല എന്ന് വിചാരിച്ചു. .....(ബഹളം).....പാവം ശ്രീ. ആര്യാടൻ വിചാരിച്ചു പണം കിട്ടിക്കാണില്ലെന്ന്. ശ്രീ. ആര്യാടനും അറിയാം; കേരളത്തിലെ ജനങ്ങൾക്കും അറിയാം. 98 കോടി രൂപ കിട്ടിയിട്ടുണ്ട്. കിട്ടേണ്ടവർക്കു കിട്ടി. കൊടുക്കേണ്ടവർക്കു കൊടുത്തു. അതാണ് സത്യം. അതാണ് നാം അറിയേണ്ടത്. 374 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടം വന്നപ്പോൾ 100 കോടി രൂപ ഒരാളിന് ലാഭം വന്നു. അല്ലെങ്കിൽ ഒരുകൂട്ടർക്കു ലാഭം വന്നു. ആ ലാഭം ആർക്ക് കിട്ടി? പല ചാനലുകാരും ഞങ്ങളോട് ചോദിക്കുന്നു. നിങ്ങൾക്ക് ആരെയാണ് സംശയം? ഞങ്ങൾ പറഞ്ഞു ഇത് നടന്ന കാലത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ തലപ്പത്തിരുന്ന സിദ്ധാർത്ഥ മേനോനെ പിന്നെ നമ്മൾ കാണുന്നത് കൈരളി ചാനലിന്റെ തലപ്പത്താണ്. അദ്ദേഹത്തിനേ അഴിമതിയുടെ ചാനലുകൾ ശക്തിപ്പെടുത്താൻ കഴിയൂ. അല്ലാതെ അദ്ദേഹത്തിന് മറ്റ് ചാനലുകൾ നടത്തി പാരമ്പര്യമില്ലെന്നും എല്ലാവർക്കും അറിയാം. എവിടെപ്പോയി എന്ന് ചോദിച്ചാൽ ഞങ്ങൾക്ക് ഉത്തരം പറയാൻ ഇല്ല. എസ്.എൻ.സി. ലാവ്‌ലിനെ കരിം പട്ടികയിൽ ഉൾപ്പെടുത്തണം എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അദ്ദേഹം വളരെ പ്രായാധിക്യമുള്ളയാളാണ്. ചിലപ്പോഴൊക്കെ ഉറങ്ങും. ഇപ്പോഴും ഉറങ്ങുകയാണോ അതോ ഉറക്കം നടിക്കുകയാണോ എന്ന് അറിയില്ല. അദ്ദേഹം പറഞ്ഞു കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം. ഉൾപ്പെടുത്താം. കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ പറഞ്ഞത് വാഗ്ദാന ലംഘനത്തിന്റെ പേരിലാണ്. എസ്.എൻ.സി. ലാവ്‌ലിനുമായി ഹൃദയ ബന്ധമുള്ളവരാണ് അപ്പുറത്തിരിക്കുന്നത്. എസ്.എൻ.സി. ലാവ്‌ലിന് ഈ കോൺട്രാക്ട് കൊടുക്കുക മാത്രമല്ല, ശ്രീമാൻ പിണറായി വിജയൻ 1997 ജൂലൈ മാസം ഒരു വൈദ്യുതി നയവും പ്രഖ്യാപിച്ചു. എന്തായിരുന്നു ബാലാനന്ദൻ കമ്മിറ്റി കൊടുത്ത ശുപാർശ? കെ.എസ്.ഇ.ബി.-യെ ഒറ്റ സ്ഥാപനമായി നിലനിർത്തി ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം എന്നുള്ളത്. അതിന് ഇവരെടുത്ത തീരുമാനം എന്താണ്? കെ.എസ്.ഇ.ബി. യെ മൂന്ന് ലാഭ കേന്ദ്രകമ്പനികളാക്കി വെട്ടി നുറുക്കാൻ തീരുമാനിച്ചു. അതിന് 5 കർമ്മ സമിതിയും വച്ചു. ആ കർമ്മ സമിതിയെ വയ്ക്കുക മാത്രമല്ല, അവർക്ക് വൈദ്യുതി ഭവന്റെ രണ്ടാമത്തെ നിലയിൽ എ.സി. മുറിയുണ്ടാക്കി. ആ കർമ്മ സമിതിക്ക് നേതൃത്വം കൊടുക്കാൻ കാനഡയിൽനിന്ന് 4 ഓഫീസർമാരും ഒരു പട്ടിയും ഒരുമിച്ച് വന്നു. ഇലക്ട്രിസിറ്റി ബോർഡിൽ സംസാരമായിരുന്നു. ടാറ്റാ സുമോയിൽ 4 ഓഫീസർമാരും ഒരു പട്ടിയും ഒരുമിച്ച് വന്നു. പട്ടിയുടെ പ്രസക്തി പിടികിട്ടിയിട്ടില്ല. എത്ര കൊല്ലമാണ് ചർച്ച ചെയ്തത്. ഇലക്ട്രിസിറ്റി ബോർഡിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും അവർ യോഗം കൂടുന്നത് എവിടെയാണ്? ഹോട്ടൽ ലൂസിയായിൽ, അല്ലെങ്കിൽ ഹോട്ടൽ സൗത്ത് പാർക്കിൽ. ഇതിന്റെ ചെലവിന് എത്ര കോടി രൂപ! ഗ്രാന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിൽ കിട്ടിയതാണ്! ഒരു കാര്യം നിങ്ങളാരും മറക്കരുത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ലാവ്‌ലിന്റെ അവസാനത്തെ കർമ്മത്തെക്കുറിച്ച് വാർത്ത വന്നു. വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണത്തിന്റെ ആഗോള ഏജന്റ് എസ്.എൻ.സി ലാവ്‌ലിൻ ആണെന്ന് തിരിച്ചറിഞ്ഞ ആളാണ് ഞാനെന്ന് പ്രതിപക്ഷ നേതാവ്. വൈദ്യുത മേഖലയിലെ സ്വകാര്യവൽക്കരണത്തിന്റെ ആഗോള ഏജന്റുമാരെ ഇലക്ട്രിസിറ്റി ബോർഡിനകത്ത് കുത്തിയിരുത്തി എ.സി. മുറിയുണ്ടാക്കി അവർക്ക് വൈദ്യുതി നയം എഴുതിക്കൊടുത്ത് അവരെക്കൊണ്ട് നടപ്പിലാക്കിച്ച ആ മഹാൻമാരാണ് ഇപ്പോൾ ഇങ്ങനെ പറയുന്നത്. എ.ഡി.ബി. ക്കാർക്ക് സെക്രട്ടേറിയറ്റിലെ ഓഫീസിൽ സ്ഥലം കൊടുത്തപ്പോൾ സെക്രട്ടേറിയറ്റ് എ.ഡി.ബി. ക്ക് വിറ്റു എന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. അമേരിക്കൻ അമ്പാസിഡറെ മാറ്റണമെന്നാണ് പറയുന്നത്. എന്തിനാണ്? നമ്മുടെ രാജ്യത്തിന്റെ താൽപര്യങ്ങളെ ഹനിക്കുന്ന, ആഗോള സ്വകാര്യവൽക്കരണത്തിന്റെ ആഗോള ഏജന്റുമാരായ എസ്.എൻ.സി. ലാവ്‌ലിനെയാണ് ഇവിടെ കുടിയിരുത്തിയത്. ആ എസ്.എൻ.സി. ലാവ്‌ലിൻ ഇപ്പോൾ വെടിമരുന്ന് വിൽപ്പനക്കാരാണ്. ഇറാക്കിന്റെ നെഞ്ച് കീറാനും ലാവ്‌ലിന്റെ വെടിയുണ്ടകൾ. കാനഡയിൽ പ്രക്ഷോഭം നടക്കുകയാണ്. ഇറാക്കിനെ ആക്രമിക്കാൻ അമേരിക്കയ്ക്ക് ആയുധം സപ്ലൈ ചെയ്ത പ്രധാനപ്പെട്ട കമ്പനികളിൽ ഒന്നാണിത്. ലജ്ജയുണ്ടോ നിങ്ങൾക്ക്? ലജ്ജകൊണ്ട് തലതാഴ്ത്തണ്ടേ? ഇവർ അപമാനഭാരംകൊണ്ട് തല കുനിക്കണ്ടേ? സ്വകാര്യവൽക്കരണത്തിന്റെ ആഗോള ഏജന്റുമാരായ എസ്.എൻ.സി. ലാവ്‌ലിനുമായി ബന്ധപ്പെട്ട് അതിനെ കുടിയിരുത്തി, ഇപ്പോൾ അമേരിക്കയ്ക്ക് ആയുധം സപ്ലൈ ചെയ്ത അവരെ ന്യായീകരിക്കേണ്ട ഗതികേടിൽ ഇവർ എത്തിയിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് ഇതുപോലൊരു അഴിമതി ആരോപണം ഇന്നോളം ഉണ്ടായിട്ടില്ല. പാമോയിൽ ഇറക്കുമതിയിൽ ആറ് കോടി രൂപ നഷ്ടം ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്ന് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞതായാണ് ബഹുമാനപ്പെട്ട അച്ചുതാനന്ദൻ ഈ സഭയിൽ ആവർത്തിച്ച് പറഞ്ഞത്. രാജ്യത്തെ ഇളക്കി മറിച്ചു. രാജീവ്ഗാന്ധി മരിച്ചതിനുശേഷം ബോഫോഴ്സ് തോക്കിടപാടിൽ അദ്ദേഹം നിരപരാധിയാണെന്ന് അത്യുന്നത നീതിപീഠം പറഞ്ഞു. 64 കോടി രൂപയാണ് നഷ്ടപ്പെട്ടതായി സി.ആന്റ്.എ.ജി പറഞ്ഞത്. ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 316 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടു എന്നാണ്. ഇവിടെ പറഞ്ഞ ഭീമമായ അഴിമതിയിൽ ഒന്നാം പ്രതി ശ്രീ. പിണറായി വിജയനാണ്. ഈ അഴിമതിയിൽ ഒരു പങ്കുപോലും ശ്രീ. കാർത്തികേയനോ ശ്രീ. കടവൂർ ശിവദാസനോ ഇല്ല. അവരെ കുറ്റപ്പെടുത്തി നിങ്ങൾക്ക് രക്ഷപ്പെടാൻ സാധ്യമല്ല. ഞാൻ ഒന്നുകൂടി പറയട്ടെ, അഴിമതിക്കെതിരെ കുരിശു യുദ്ധം നടത്തുന്നു എന്ന് അവകാശപ്പെടുന്നയാളാണ് സഖാവ് അച്ചുതാനന്ദൻ. ഞാൻ അദ്ദേഹത്തെ അങ്ങനെ വിശേഷിപ്പിക്കുകയാണ് ഈ സഭയുടെ അവസാന സമ്മേളനത്തിന്റെ അവസാന മണിക്കൂറുകളിൽ ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു; അഴിമതിക്ക് എതിരായ കുരിശു യുദ്ധത്തിൽ ശ്രീ. പിണറായി വിജയന്റെ ഭീമമായ ഈ അഴിമതി പെടുമോ? അദ്ദേഹം ഉറക്കം നടിച്ചാൽ പോര; പറയണ്ടേ? ശ്രീ. പ്രകാശ് കാരാട്ട്

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം സി. ആന്റ് എ.ജി.-യുടെ പ്രിലിമിനറി റിപ്പോർട്ട് വന്നപ്പോൾ ഫൈനൽ റിപ്പോർട്ട് വരട്ടെയെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ രണ്ടുമൂന്ന് ദിവസം സ്റ്റേറ്റ് കമ്മിറ്റി കൂടി. ശ്രീ. പിണറായി വിജയനെ ന്യായീകരിച്ച് ശ്രീ. പ്രകാശ് കാരാട്ട് ഇതുവരെ പറഞ്ഞിട്ടുണ്ടോ? മാർക്സിസ്റ്റ് പാർട്ടിയുടെ സംഘടനാ സംവിധാനം അറിയുന്നവർക്ക് അറിയാം. അതിനകത്ത് എന്ത് ചർച്ച ചെയ്താലും പുറത്ത് ന്യായീകരിക്കും.....(ബഹളം)..... ഇതുവരെ ന്യായീകരിച്ചിട്ടില്ല. അവർ ന്യായീകരിക്കുന്നില്ലെങ്കിൽ അഴിമതിക്ക് ഉത്തരം പറയേണ്ടത് സി.പി.ഐ.(എം.)-ന്റെ ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയനാണ്. ഒരു ചോദ്യം ശ്രീ. അച്ചുതാനന്ദനോട് ചോദിക്കാനുണ്ട്. പാം ഓയിൽ കേസ് വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കരുണാകരനോട്, അന്ന് അദ്ദേഹം പറഞ്ഞു; അങ്ങ് ഒരു നിമിഷം പോലും ആ കസേരയിൽ ഇരിക്കരുത്; ആറ് കോടി രൂപ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായതാണ്; ഇറങ്ങിപ്പോകണം എന്ന്. അങ്ങയുടെ പാർട്ടി ജനറൽ സെക്രട്ടറിയോട്, 374 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടം വരുത്തിയതാണ്; ഇനിയും അധികാരത്തിൽ തുടരുക തുടരുക ശ്രീ. പിണറായി വിജയൻ എന്ന് പറയാനാണോ അങ്ങ് ഉദ്ദേശിക്കുന്നത്. അങ്ങ് പറയണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഏജന്റിനെ ഇവിടെ കുടിയിരുത്തി എന്ന് എന്റെ സ്നേഹിതൻ ശ്രീ. ഹസ്സൻ ഇവിടെ പറയുകയുണ്ടായി. കുടിയിരുത്തിയത് നിങ്ങളുടെ സഹപ്രവർത്തകനായ ശ്രീ. ജി. കാർത്തികേയനല്ലേ?

ശ്രീ. എം. എം. ഹസ്സൻ: Energy Infrastructure Service Project (EISP)-ന്റെ നടത്തിപ്പിന് കാനഡയിലെ കമ്പനിക്കാരെ കുടിയിരുത്തിയത് അങ്ങയുടെ പാർട്ടി ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയനാണ്. അങ്ങേയ്ക്ക് പരിശോധിക്കാം. അവരാണ് കമ്പനിക്കാരെ കുടിയിരുത്തിയത്. ഒരു കോൺട്രാക്ടറെ നയം നടപ്പിലാക്കാൻ ഏൽപ്പിച്ച സർക്കാരാണ് അന്നത്തെ എൽ.ഡി.എഫ്. കൺവീനറായിരുന്ന അങ്ങ് അത് മറക്കരുത്. അങ്ങ് ഞാൻ ചോദിച്ചതിന് ഉത്തരം പറഞ്ഞില്ല. അതിന് ഉത്തരം പറയുമെന്ന് വിചാരിച്ചാണ് ഞാൻ ഇരുന്നത്. കാരണം സംസ്ഥാന സെക്രട്ടറി..... അങ്ങ് എന്താണ് ആവശ്യപ്പെടാൻ പോകുന്നത്? ശ്രീ. കരുണാകരനോട് അധികാരത്തിൽ നിന്ന് ഒഴിയാൻ പറഞ്ഞില്ലേ? സംസ്ഥാന സെക്രട്ടറിയോട് അങ്ങനെ പറയാൻ ചങ്കൂറ്റമുണ്ടോ? ഇല്ലെങ്കിൽ ഞങ്ങൾ പറയും ശ്രീ. അച്ചുതാനന്ദനും ഈ അഴിമതിയിൽ പങ്കുണ്ടെന്ന്. മാർക്സിസ്റ്റ് പാർട്ടി സംഘടിതമായി നടത്തിയ അഴിമതിയാണ്. മാർക്സിസ്റ്റ് പാർട്ടി ആലോചിച്ച് നടത്തിയ അഴിമതിയാണെന്ന് ഞങ്ങൾ പറയും. അങ്ങ് ഇതിൽ കൈകഴുകാനാണ് നിൽക്കുന്നതെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങളുടെ മുമ്പിൽ സി. ആന്റ് എ.ജി. റിപ്പോർട്ട് ചർച്ച ചെയ്യുമ്പോൾ ഞാൻ പറയുന്നു, ഒരു പോപ്പുലർ ഓഡിറ്റ്, ഒരു ജനകീയ ഓഡിറ്റ് ജനകീയ കോടതി നടത്താൻ പോകുകയാണ് എന്ന്. കേരളത്തിന്റെ ചരിത്രത്തിൽ 374 കോടി രൂപ നഷ്ടപ്പെടുത്തിയ ഒരു സർക്കാർ. ആ സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ മന്ത്രി, ഇന്നത്തെ സി.പി.ഐ(എം.)-ന്റെ സെക്രട്ടറി ഒരു പോപ്പുലർ ഓഡിറ്റിന് ജനങ്ങളുടെ മുമ്പിൽ മാപ്പ് പറയേണ്ടിവരും, മറുപടി പറയേണ്ടിവരും. അതിനുള്ള ശക്തമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട്..... ഞാൻ നേരത്തെ പി.എ.സി. ചെയർമാൻമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഖിലേന്ത്യാ കമ്മിറ്റിയുടെ തീരുമാനം പറഞ്ഞു. ശ്രീ. പിണറായി വിജയനെ പ്രതിയാക്കി നടപടി എത്രയും വേഗം ആരംഭിക്കാൻ ഈ ഗവൺമെന്റ് തന്റേടം കാണിക്കണം.....(ബഹളം)..... എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഭരണം നമുക്ക് അറിയാം. വൈദ്യുതി മേഖലയിൽ ഒരു മെഗാവാട്ട് പോലും വൈദ്യുതി അന്ന് കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നില്ലേ..... 11-ഓ 12-ഓ ഒക്കെ കണക്ക് പറഞ്ഞാലും കേരളത്തിലെ വൈദ്യുതി ഉൽപ്പാദന രംഗത്ത് ശ്രീ. ജി. കാർത്തികേയൻ ആയാലും കാർത്തികേയന്റെ മുൻഗാമി യായിട്ടുള്ള ശ്രീ. പത്മരാജൻ ആയാലും ഒരു മെഗാ വാട്ട് പോലും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേരളം മുഴുവൻ അന്ധകാരത്തിൽ ആയിരുന്നു. പവ്വർ കട്ടും ലോഡ് ഷെഡ്ഡിംഗും വ്യവസായങ്ങൾ അടച്ചു പൂട്ടലും തൊഴിലാളികൾ തെരുവാധാരമാകലും മൂലം നാട് മുഴുവൻ നരകിച്ചുകൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് ഇടതുപക്ഷ മുന്നണി അന്ന് അധികാരത്തിൽ വന്നത്. സഖാവ് നായനാർ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്ന സന്ദർഭത്തിലും തുടർന്നു വന്ന സഖാവ് എസ്. ശർമ്മ മന്ത്രിയായ സന്ദർഭത്തിലും ആയിരത്തിലേറെ മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉല്പാദിപ്പി രുന്നു. നിങ്ങൾ തന്ന കണക്ക് 1056 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉൽപ്പാദിപ്പിച്ചു എന്നാണ്. ദേശീയ അടിസ്ഥാനത്തിൽ ഇന്ത്യയിലുടനീളം ആ കാര്യത്തിൽ സംസ്ഥാനത്തെ പ്രശംസിക്കപ്പെട്ടതാണ്. മറ്റ് ഏത് സംസ്ഥാനത്തേക്കാളും കേരളത്തിലെ വൈദ്യുതി ഉൽപ്പാദന രംഗത്ത് വൻ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞതായി മുഴുവൻ പത്രങ്ങളും എഴുതി. രാജ്യം മുഴുവൻ അംഗീകരിച്ചു. കേരളത്തിലെ വൈദ്യുതി ഉൽപ്പാദന രംഗത്ത് വമ്പിച്ച നേട്ടമുണ്ടാക്കിയ സർക്കാരായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. വൈദ്യുതി രംഗത്ത് വളർച്ചയ്ക്കും നേട്ടത്തിനും നേതൃത്വം കൊടുത്തത് സഖാവ് പിണറായി വിജയനും, പിന്നീട് സഖാവ് എസ്. ശർമ്മയും ആണെന്ന് പത്രങ്ങളെല്ലാം എഴുതി. പത്രങ്ങളിൽ എഴുതുക മാത്രമല്ല; ജനങ്ങളുടെ അനുഭവവും അതായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അഞ്ച് വർഷം ആയി. നമ്മൾ ഇപ്പോൾ പിരിയുകയല്ലേ? ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെയിരിക്കുന്നു അദ്ദേഹത്തിന്റെ മുൻഗാമി അപ്പുറത്ത് ഇരിക്കുന്നു. ഒരു മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞോ നിങ്ങൾക്ക്? വ്യാമോഹിപ്പിക്കുന്ന കണക്കുകളും പ്രസ്താവനകളുമല്ലാതെ വൈദ്യുതി ഉൽപ്പാദന രംഗത്ത് നിങ്ങളുടെ ഗവൺമെന്റ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനേക്കാളും പുറകിൽ നിൽക്കുകയാണ്. ഇതാണ് ഇവിടുത്തെ ഗ്രാഫ്. കണക്കുകൾ നോക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

അറിയാം ഞാൻ ചോദിക്കട്ടെ. ശ്രീ. ഹസ്സൻ കൺസൾട്ടൻസിയെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ ഭരണത്തിൽ കൺസൾട്ടൻസി രാജ് ആണ്. ഇരുപത്തിനാലോളം കൺസൾട്ടൻസി കമ്പനികൾ കേരളത്തിലുണ്ട്. കുടിവെള്ള മേഖലയിൽ, വൈദ്യുതി ഉൽപ്പാദന രംഗത്ത്, കേരളത്തിന്റെ സെക്രട്ടേറിയറ്റ് ഭരണവുമായി ബന്ധപ്പെട്ട നവീകരണ പദ്ധതിയിൽ, കേരളത്തിന്റെ ഏത് മേഖലയെടുത്താലും ഇന്ന് കൺസൾട്ടൻസികളാണ്. റോഡ് പണിയാകട്ടെ നിർമ്മാണ പ്രവർത്തനങ്ങളാകട്ടെ, കേരള ഗവൺമെന്റ് ചെലവഴിക്കപ്പെടുന്ന കോടിക്കണക്കിന് രൂപയുടെ കാര്യമാകട്ടെ എന്തിനും കൺസൾട്ടൻസിയെ വയ്ക്കുകയാണ് ചെയ്യുന്നത്. വേൾഡ് ബാങ്കിന്റെ സംഖ്യയായാലും എ.ഡി.ബി.യുടെ സംഖ്യയായാലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന സംഖ്യയായാലും അതിനെല്ലാം നിങ്ങൾ കൺസൾട്ടൻസികളെ വയ്ക്കുകയാണ്. ഞാൻ ഒരു ചോദ്യം ചോദിച്ചു, ഇവിടെ എത്ര കൺസൾട്ടൻസികളുണ്ട് എന്ന്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം നൽകിയത്, വിവരം ശേഖരിച്ചുവരുന്നു എന്നാണ്. എത്ര കൺസൾട്ടൻസികൾ കേരളത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ ഉത്തരംപോലും പറയാൻ മടിക്കുന്നവരും, പേടിക്കുന്നവരുമാണ് നിങ്ങൾ. അങ്ങനെ കൺസൾട്ടൻസിരാജുകൾ ഉണ്ടാക്കി കോടിക്കണക്കിന് രൂപ അഴിമതി നടത്തുവാൻ അവസരമുണ്ടാക്കിക്കൊടുത്ത് അതിന്റെ വിഹിതം പറ്റുന്ന ഭരണ നേതൃത്വത്തിലുള്ളവർ വിളിച്ചു കൂവിയാൽ ആര് വിശ്വസിക്കാൻ? ഇന്ന് പത്രത്തിൽ വന്നില്ലേ? നമ്മൾ ഇപ്പോൾ സി. ആന്റ് എ.ജി. റിപ്പോർട്ട് ചർച്ച ചെയ്യുകയാണ്. സി. ആന്റ് എ.ജി. റിപ്പോർട്ട് വന്ന് അത് ബി.എ.സി.യിൽ പോയി വിശദമായി വീണ്ടും പരിശോധിച്ച് റിപ്പോർട്ട് വരുന്ന ഒരു പ്രക്രിയയുടെ അടിയന്തിര പ്രാധാന്യം ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, സി. ആന്റ് എ.ജി. ഏറ്റവും അവസാനം നൽകിയ റിപ്പോർട്ട് എന്താണ്? സി.എ.ജി. ഏറ്റവും അവസാനം നൽകിയ റിപ്പോർട്ടിൽ കെ.എസ്.ടി.പി. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വെറും മൂന്ന് വർഷത്തിനുള്ളിൽ നഷ്ടപ്പെടുത്തിയതായി ചൂണ്ടിക്കാണിച്ചത് 569 കോടി രൂപയാണ്. കൃത്യമായ കണക്കല്ലേ? 2002- 2003-ൽ 388.10 കോടി രൂപ, 2003-04-ൽ 43.63 കോടി രൂപ, 2004-05-ൽ 98.87 കോടി രൂപ. 569 കോടി രൂപ കെ.എസ്.ടി.പി.യുടെ റോഡ് പണിയിൽ നഷ്ടപ്പെടുത്തിയ സർക്കാർ; ആ സർക്കാരിന്റെ പ്രതിനിധികൾ വിളിച്ചു കൂവിയാൽ ആര് വിശ്വസിക്കും?

ശ്രീ. വി.ഡി. സതീശൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 58 അനുസരിച്ച് ഇന്ന് ശ്രീ. ഹസ്സൻ നോട്ടീസ് നൽകിയിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ചർച്ചയാണ്. ഇവിടെ നടക്കുന്നത്. അത് പള്ളിവാസൽ തുടങ്ങിയ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചയാണ്. ഇവിടെ ഇന്ന് നടത്തുന്നത് കെ.എസ്.ടി.പി.-യെക്കുറിച്ച് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ വന്നിരിക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ളതാണ്. ഒരു കാരണവശാലും റൂൾ 58 അനുസരിച്ച് ഈ കാര്യം ഇവിടെ ചർച്ച ചെയ്യാൻ പാടില്ല. അതേക്കുറിച്ച് നടത്തുന്ന ചർച്ചകൾ രേഖയിൽ ഉണ്ടാകാൻ പാടില്ല.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അപ്പുറത്തും പറയുന്നുണ്ട്. ഇപ്പുറത്തും പറയുന്നുണ്ട്. ഇതിൽ പോയിന്റ് ഒന്നുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും സപ്ലൈ സൂപ്പർ മാർക്കറ്റിലുംപോയി പാവപ്പെട്ടവർക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ കേരളത്തിലുണ്ടാക്കിയെടുത്ത പൊതുവിതരണ സമ്പ്രദായത്തിൽ..... സി. ആന്റ് എ.ജി. പറയുന്നു, നിങ്ങൾ മോഷ്ടിച്ചില്ലേ? പൊതു വിതരണ സമ്പ്രദായ രംഗത്ത് മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലും സൂപ്പർ മാർക്കറ്റുകളിലും വിതരണം ചെയ്യുന്ന സാധനങ്ങൾ വിൽക്കുന്നതിലൂടെ കച്ചവടക്കാരെ സഹായിക്കാൻ നിങ്ങൾ തുനിഞ്ഞു എന്നല്ലേ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത്? കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹൈക്കോടതിയിൽ പോയി കേസ് നടത്തും, ജുഡീഷ്യൽ അന്വേഷണം നടത്തും എന്നൊക്കെ പറയുന്നുണ്ടല്ലോ. ഹൈക്കോടതിയിൽ പോയി അഫിഡവിറ്റ് കൊടുത്ത സർക്കാർ ഏതെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മോഷ്ടിക്കലിനെക്കുറിച്ചും തട്ടിപ്പിനെ കുറിച്ചും കളവിനെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും എന്തെങ്കിലും അന്വേഷണം നടത്തിയോ? ഇപ്പോൾ കേരളത്തിലെ സി. ആന്റ് എ.ജി. റിപ്പോർട്ട് എന്ന് പറയുന്നത് റിപ്പോർട്ടല്ലേ? ഇലക്ട്രിസിറ്റിയെക്കുറിച്ച് തന്നെ പറയാം.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഒരു സീനിയർമോസ്റ്റ് മെമ്പറാണ്. വിഷയത്തിനകത്ത് നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. നിങ്ങൾ ഇലക്ട്രിസിറ്റി പദ്ധതി നടത്തിപ്പിന് പണം മുടക്കി എന്നു പറയുന്നു; ബ്രഹ്മപുരം പദ്ധതിയിൽ മുടക്കി എന്നും പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അന്ന് അസംബ്ലിയിൽ പറഞ്ഞു 25 കോടി രൂപ ശ്രീ. പത്മരാജൻ മോഷ്ടിച്ചു, ശ്രീ. പത്മരാജന്റെ കാലത്ത് ഇവിടെ അഴിമതി നടത്തി. ശ്രീ. പത്മരാജൻ പത്രസമ്മേളനം വിളിച്ച് പ്രതിപക്ഷ നേതാവിനെ വെല്ലുവിളിച്ചു. പ്രതിപക്ഷ നേതാവ് ഹൈക്കോടതിയിൽ കേസ് കൊടുത്തു. അന്വേഷണം വന്നു. നിയമസഭയിൽ കമ്മിറ്റിയെ വച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നു. ജസ്റ്റിസ് ശിവരാമൻ നായർ കമ്മീഷൻ വച്ചു, അദ്ദേഹം മരണപ്പെട്ടു. തുടർന്ന് ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ വന്നു. എന്താണ് റിപ്പോർട്ടിൽ? പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് 25 കോടി രൂപയുടെ അഴിമതി. ശ്രീ. പത്മരാജൻ മോഷ്ടിച്ചത് 25 കോടി രൂപ എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. പക്ഷേ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ റിപ്പോർട്ടിൽ, സഭയിൽ വച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എത്രയാണ്? 125 കോടി രൂപ മോഷ്ടിച്ചു എന്നാണ്.

ബഹുമാനപ്പെട്ട പത്മരാജനെവിടെ? അദ്ദേഹത്തിന് നിങ്ങൾ കൊടുത്ത സ്ഥാനമെന്താണ്? കെ.പിസിസി. അച്ചടക്ക സമിതിയുടെ, സദാചാര സമിതിയുടെ അദ്ധ്യക്ഷനാക്കി. നാണമില്ലേ നിങ്ങൾക്ക്? ഇപ്പോൾ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കി. 125 കോടി രൂപ ബ്രഹ്മപുരം പദ്ധതിയിൽ മോഷ്ടിച്ചവർ,

LIBRARY ARCHIVES Kerala Legislative Assembly

പലവ്യഞ്ജനങ്ങൾ വിറ്റവകയിൽ 200 കോടി രൂപ മോഷ്ടിച്ചവർ, കെ.എസ്.ടി.പി.യിൽ 569 കോടി രൂപ തട്ടിപ്പു നടത്തിയവർ, ഇവിടെ പുരപ്പുറത്ത് കയറി വിളിച്ചിട്ടൊന്നും കാര്യമില്ല .....(ബഹളം).....വൈദ്യുതി ഉൽപ്പാദനരംഗത്തെ സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ നടത്തിയ പ്രസംഗം ഞാനൊന്നുകൂടെ വായിച്ചു. അത് മാതൃഭൂമി പത്രത്തിൽ മുഴുവനും വന്നതല്ലേ? ശ്രീ. ജി. കാർത്തികേയൻ, ശ്രീ. കടവൂർ ശിവദാസൻ എന്നിവർ പറഞ്ഞതൊക്കെ ഈ സഭയിയിലില്ലേ? അത് ഈ സഭ ചർച്ച ചെയ്തതല്ലേ? ഏത് അന്വേഷണത്തിനും തയ്യാറാണെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾ നിങ്ങൾ തലകുമ്പിട്ടിരുന്നില്ലേ? എന്താണ് അന്വേഷണം നടത്താൻ മടിക്കുന്നത്? നിങ്ങളുടെ കയ്യിൽ വിജിലൻസ് റിപ്പോർട്ടില്ലേ? ആ വിജിലൻസ് റിപ്പോർട്ട് എവിടെ? ആ റിപ്പോർട്ടിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞോ? അഞ്ച് കൊല്ലം ഇവിടിരുന്നവരല്ലേ? പോലീസ് വകുപ്പുകൾ ഉൾപ്പെടെ മറ്റ് എല്ലാ വകുപ്പുകളും കയ്യടക്കി ഭരിച്ചിരുന്നവരല്ലേ? ഇതിന്റെ അന്വേഷണം എത്ര നടത്താമായിരുന്നു? ഇതിന്റെ ചർച്ച എത്ര നടത്താമായിരുന്നു. ഇവിടെ ശ്രീ. എം. എം. ഹസ്സൻ 10 മിനിട്ടിനുപകരം 35 മിനിട്ടു പ്രസംഗിച്ചപ്പോൾ പോലും അദ്ദേഹം ഇതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞോ? നിങ്ങൾ നടത്തിയ ഒരു അന്വേഷണമല്ലേ? ഈ അന്വേഷണവുമായി ബന്ധപ്പെട്ട് ഇത് മാത്രമല്ല ഈ ഗവൺമെന്റിന്റെ കാലത്ത് സി. ആന്റ് എ.ജി. മുന്നോട്ടുവച്ച നിങ്ങളുടെ വെട്ടിപ്പുകളും, തട്ടിപ്പുകളും ഉൾപ്പെടെ ഈ സംസ്ഥാനത്തെ പൊതുഖജനാവിന് ഉണ്ടാക്കിയ നഷ്ടം അന്വേഷിക്കണ്ടേ? അതിലൂടെ വസ്തുതകൾ പുറത്തുവരണ്ടേ?. ഞങ്ങൾ ഏത് അന്വേഷണത്തിനും തയ്യാറാണെന്ന് ഈ സഭയിൽ പ്രഖ്യാപിച്ചതിനുശേഷവും നിങ്ങളുടെ നിലപാടെന്താണ്? ഞാൻ ഒരു കാര്യം കൂടി പറയട്ടെ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: .....(ബഹളം).....പറയുമ്പോൾ നിങ്ങൾക്ക് പൊള്ളുകയല്ലേ?.....(ബഹളം).....നിങ്ങളിവടെ ബ്രഹ്മപുരം പദ്ധതി കൊണ്ടുവന്നപ്പോൾ, നിങ്ങളുടെ ഉദ്ദേശമെന്താണ്? പുതിയ വൈദ്യുതി ഉൽപ്പാദനം, മെഗാവാട്ട് ഉണ്ടാക്കൽ എന്നൊക്കെയല്ലേ പറഞ്ഞത്? ഒരു യൂണിറ്റ് വൈദ്യുതിയെങ്കിലും ഉൽപ്പാദിപ്പിച്ചോ? നിങ്ങൾക്ക് വലിയ പദ്ധതിയും കരാറും വേണം. അതിരപ്പിള്ളി, പാത്രക്കടവ് എന്നീ പുതിയ പദ്ധതികൾ ഉൾപ്പെടെ കേരളത്തിന്റെ വൈദ്യുതിരംഗത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ കൊണ്ടുവരുന്നതിനു പകരം കരാറുകൾ ഉണ്ടാക്കി അതിന് കൺസൾട്ടൻസികളെ നിയമിച്ച് അതിന്റെ ഓഹരിയും വാങ്ങി മൂടും തട്ടി പോകാൻ കാത്തുനിൽക്കുന്ന ഗവൺമെന്റല്ലേ ഇത്? മറിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 5 വർഷക്കാലം കേരളത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് നയിച്ചു. അത് ജനങ്ങൾ അംഗീകരിച്ചതാണ്. അതുകൊണ്ട് ഞാൻ ആവർത്തിച്ചുപറയുന്നു ഏത് അന്വേഷണത്തിനും തയ്യാറാണെന്ന്, അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം ഒന്നുകൂടി അടിവരയിട്ട് ആവർത്തിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, നിയമസഭാ ചട്ടം 58 അനുസരിച്ച് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. കേരളം കണ്ടതിലേറ്റവും ഗുരുതരമായി ബഹുജനങ്ങൾ അപ്പാടെ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്ന ഏറ്റവും വലിയ അഴിമതിയെ സംബന്ധിച്ചുള്ള ഒരു ചർച്ച 5 വർഷത്തെ നിയമസഭാസമ്മേളനം തീരുന്ന ഈ വേദിയിൽ ഉണ്ടായത് ഒരു കണക്കിന് കേരളത്തിന്റെ ഒരു നിർഭാഗ്യമാണ്. പാവപ്പെട്ട സി.പി.ഐ. (എം)കാരോട് ശ്രീ. പിണറായി വിജയനും കൂട്ടരും പറയുന്ന ഒരു കഥയുടെ അവസാനമാണ് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പറഞ്ഞുനിർത്തിയത്. നമ്മുടെ കാലത്ത് ധാരാളം വൈദ്യുതി ഉൽപ്പാദിപ്പിച്ചു, വെളിച്ചം കൊണ്ടുവന്നു വിപ്ലവമുണ്ടാക്കി. സർ, എന്താണ് വസ്തുത? 1991-96 കാലത്ത് തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുക മാത്രമല്ലേ ഇടതുപക്ഷജനാധിപത്യമുന്നണി ചെയ്തത്? ഞാൻ കണക്കുകൾ ഇവിടെ ഉദ്ധരിക്കാം. ലോവർ പെരിയാർ - 180, കക്കാട്-50, ബ്രഹ്മപുരം - 106, ബി.എസ്.ഇ.എസ്. റിലയൻസ് -157, മൈലത്തറ - 20, പേപ്പാറ -3, കുറ്റിയാടി - 50, കോഴിക്കോട് ഡീസൽ നിലയം -120, മൊത്തം 600 മെഗാ വാട്ട്. ഇതിൽ കോഴിക്കോട് ഡീസൽ നിലയമൊഴികെ മുഴുവനും യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച് എൽ.ഡി.എഫ്-ന്റെ കാലത്ത് പൂർത്തിയാക്കിയതാണ്. ഈ കാര്യം പറഞ്ഞാണ് തെരുവിൽ പാർട്ടിക്കുവേണ്ടി പോരാടുന്ന പാവപ്പെട്ട കമ്മ്യൂണിസ്റ്റ് സി.പി.ഐ.(എം)-ന്റെ അനുയായികളെ ഇപ്പോഴും പറ്റിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. പിണറായി വിജയന്റെ ലാവ്‌ലിൻ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിലൊരു വിപ്ലവം ഉണ്ടായിട്ടില്ല. ഞാൻ ചോദിക്കട്ടെ എന്റെ സ്നേഹിതൻ ശ്രീ. ബാലൻ ചർച്ച ഒഴിവാക്കാനായി ശ്രമിക്കുകയാണ്. ദയനീയമായി പരാജയപ്പെട്ടു. അദ്ദേഹത്തിന് ഇങ്ങനെയൊരു ഗതികേട് വന്നല്ലോയെന്നോർത്ത് ഞാൻ ദു:ഖിക്കുന്നു. അദ്ദേഹം ശ്രീ. പിണറായി വിജയന്റെ മാനേജരായിരുന്നു. ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ച വരികൾ ഞാൻ ശ്രദ്ധിച്ചു ഒറ്റയക്ഷരം കൊണ്ടുപോലും ശ്രീ. പിണറായിയെ ന്യായീകരിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. മഹാനായ ടി. വി. തോമസ് ഇരുന്ന കസേരയിലാണ് അങ്ങ് ഇരിക്കുന്നതെന്ന് ഓർക്കണം. ഈ തട്ടിപ്പിനെപ്പറ്റി പറയാതെ പോയാൽ നിങ്ങൾക്ക് ചേർപ്പുകാർ മാത്രമല്ല കേരളംപോലും മാപ്പ് തരില്ല. സി.പി.ഐ.ക്ക് മാപ്പ് നൽകില്ല. കെ.എസ്.ഇ.ബി.യെ കമ്പനിയാക്കാമെന്നും ലാഭകേന്ദ്രമാക്കാമെന്നും റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാമെന്നും ഉൽപ്പാദനമേഖലയടക്കം സ്വകാര്യമേഖലയ്ക്ക് വിട്ടുതരാമെന്നും ലോകബാങ്ക് മേധാവിക്കും സാമ്രാജ്യത്വ ധനകാര്യ ഏജൻസികൾക്കും ഉറപ്പു നൽകിയിരുന്നില്ലേ നിങ്ങൾ? ശ്രീ. പിണറായി വിജയൻ നൽകിയിരുന്നില്ലേ? ലാവ്‌ലിൻ കരാറിനുമപ്പുറം നിരവധി ഇടപാടുകൾ കാനഡയിലും അമേരിക്കയിലും സ്വിറ്റ്സർലന്റിലും ഇംഗ്ലണ്ടിലുമായി നിങ്ങൾ നടത്തിയില്ലേ? ഇതുമൂലം അവിടെ ലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ വയറ്റത്ത് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചില്ലേ? മീറ്റർ ചാർജ്ജ് വയ്ക്കാൻ പോലും യു.ഡി.എഫ്.-നെ പ്രേരിപ്പിച്ച ഘടകമല്ലേ ഇത്? അതിനെപ്പറ്റി മറുപടിയുണ്ടോ? ഇതിന്റെ ഭാഗമായി എൽ.ഡി.എഫ്.-ന്റെ കാലത്ത് 4 പ്രാവശ്യം വൈദ്യുതിചാർജ്ജ് കൂട്ടിയില്ലേ? ഇത് അവിടത്തെ ലോകബാങ്ക് സായിപ്പിനെ കണ്ടപ്പോൾ കവാത്ത് മറന്നതിന് കേരളത്തിലെ 3 കോടി ജനങ്ങളുടെ മേൽ നിങ്ങൾ അടിച്ചേൽപ്പിച്ചതാണ്. എന്റെ ജില്ലയിലെ കുത്തുങ്കൽ പദ്ധതി കേരളത്തിന്റെ വൈദ്യുതബോർഡിന്റെ ചരിത്രത്തിൽ ആദ്യമായി സ്വകാര്യമേഖലയ്ക്ക് നിങ്ങൾ തീറെഴുതിയില്ലേ? കുത്തുങ്കൽ പദ്ധതിയെപ്പറ്റി അറിയാവുന്നവർക്കറിയാം. പന്നിയാർ പദ്ധതിയിലേയ്ക്കുള്ള വെള്ളത്തിന്റെ സ്ത്രോതസ്സാണ് നിങ്ങൾ തടഞ്ഞുനിർത്തി സ്വകാര്യവ്യക്തിക്കു നൽകിയത്. അപ്പോൾ ശ്രീ. പിണറായി വിജയന്റെ ലാവ്‌ലിൻ കരാറിൽ 374 കോടിരൂപയുടെ തട്ടിപ്പുമാത്രമല്ല ഇലക്ട്രിസിറ്റി ബോർഡിനെ മുച്ചൂടും തകർത്തു. പല സോഴ്സുകളും അടച്ച് സ്വകാര്യമേഖലയെ വിളിച്ചുവരുത്തി. റെഗുലേറ്ററി കമ്മിഷനെ അനുവദിച്ചു. അദ്ദേഹത്തിന്റെ വൈദ്യുതി നയത്തിന്റെ 19 മുതൽ 21 വരെയുള്ള പേജുകൾ പ്രിയപ്പെട്ട സഖാക്കൾ എടുത്തു വായിക്കണം. ലാഭകേന്ദ്ര മാക്കി മാറ്റുമെന്നല്ലേ പറഞ്ഞത്. അഴിമതിക്കെതിരായിരുന്നല്ലോ നിങ്ങൾ. ഒരു ഇല അനങ്ങിയാൽ പാർട്ടി അറിയാതിരിക്കുമോ? പി. ബി. മെമ്പർ ശ്രീ. ബാലാനന്ദൻ എവിടെ? ഒരു ഇല അനങ്ങിയാൽ ഞങ്ങളറിയുമെന്നു പറഞ്ഞ നിങ്ങളെവിടെപ്പോയി? തൂക്കുമരത്തിൽ ഊഞ്ഞാലാടിയ വീരന്മാരുടെ പ്രസ്ഥാന മെവിടെപ്പോയി? അത് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. പറയാനുള്ള വാക്കുകൾ നീർച്ചാലുകളാകുകയും, കേൾക്കുവാനുള്ള കാതുകൾ മരുഭൂമി യാകുകയും ചെയ്യുമ്പോൾ ഞാൻ മൗനത്തെ സ്നേഹിക്കുമെന്നു പറഞ്ഞതുപോലെ ശ്രീ.പിണറായി വിജയൻ മൗനം ഭഞ്ജിക്കുമോ? അറിയാൻ ഞങ്ങൾക്കു താൽപ്പര്യമുണ്ട്. വസന്തത്തിന്റെ ഇടിമുഴക്കമാണ് ചൈനയിൽ നിന്നും മുഴങ്ങുന്ന തെന്ന് നിങ്ങൾ പഠിപ്പിച്ചിട്ടില്ലേ? ലാവ്‌ലിൻ വന്നപ്പോൾ ചൈനക്കാർ ചോദിച്ചതല്ലേ? എന്താ ശ്രീ. പിണറായി വിജയൻ ചൈനയ്ക്കു കൊടുക്കാത്തത്? ചൈനയ്ക്കു കൊടുക്കാതെ ലാവ്‌ലിന് കൊടുത്തത് നിങ്ങളുടെ പണക്കൊതിയായിരുന്നോ? പാർട്ടി സെക്രട്ടറി പണം കണ്ടപ്പോൾ പിണമായി മാറിയോ? നാണമില്ലേ നിങ്ങൾക്ക്? രാജഭരണകാലത്തുപോലും സർ സി. പി. രാമസ്വാമി അയ്യർ പോലും ചെയ്യാൻ മടിച്ച കാര്യമല്ലേ നിങ്ങൾ ചെയ്തത്? പാവപ്പെട്ട ക്യാൻസർ രോഗികളുടെ പേരിൽ 98 കോടി രൂപ കിട്ടുമെന്ന് പറഞ്ഞ് നിങ്ങൾ ജനങ്ങളെ വിശ്വസിപ്പിച്ചില്ലേ? ഞങ്ങൾ ഈ പദ്ധതി എതിർത്തപ്പോൾ നിങ്ങൾ കേരള സംസ്ഥാനവ്യാപകമായി പറഞ്ഞില്ലേ ക്യാൻസർ രോഗികൾക്കെതിരാണ് യു.ഡി.എഫ്. എന്ന്? എവിടെ പോയി പണം? ഒരു കരാറിലും കക്ഷിയല്ലാത്ത ആരും കേട്ടിട്ടില്ലാത്ത ടെക്നിക്കാലിയ ഇന്റർനാഷണലിന് 8 കോടി രൂപ നിങ്ങൾ കൊടുത്തില്ലേ? ആരാണ് ടെക്നിക്കാലിയ ഇന്റർനാഷണൽ? പണം പോയതെങ്ങോട്ടാണ്? .....(ബഹളം)..... അതുവഴി ഇങ്ങോട്ടാണ് വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ബോർഡിന് സർവ്വനാശമാണ്. കാരണം ഈ നടപടിയെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡിലെ സി.ഐ.ടി.യു. സംഘടന 'കമാ' എന്നൊരക്ഷരം മിണ്ടിയിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ചോദിക്കുന്നു, ഇവിടെ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലേയ്ക്ക് പൊകുന്നതുകൊണ്ട് സമരം ചെയ്യുന്നുണ്ടല്ലോ നിങ്ങൾ? എന്തുകൊണ്ടാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യത്തിൽ വാക്ക് പാലിക്കാത്തത്? ഏത് അന്വേഷണത്തിനും ഞങ്ങൾ തയ്യാറാണ് എന്ന് ഇപ്പോൾ പറയുന്നു. ഇതിൽ കൂടുതൽ ഏത് അന്വേഷണമാണ്? പിടിച്ച് അകത്തിട്ടാൽ മതി. വേറെ ഒരു അന്വേഷണവും വേണ്ട. യാതൊരു അന്വേഷണവും ഇനി ആവശ്യമില്ല. നിങ്ങൾ ഈ കണ്ട കാലംമുഴുവൻ പറഞ്ഞ സി.ആൻഡ് എ.ജി. റിപ്പോർട്ടാണ് ഇത് കണ്ടുപിടിച്ചിരിക്കുന്നത്. നിരുപംസെന്നിനേയും ദീപാംങ്കർ മുഖർജിയേയും പോലുള്ളവർ ഉയർത്തിപ്പിടിച്ച ബോഫോഴ്സ് അടക്കം പാമോയിൽ വരെയുള്ള കാര്യങ്ങൾ അന്വേഷിച്ച സി. ആൻഡ് എ.ജി., ശ്രീ. കെ. കരുണാകരൻ പാമോയിൽ കള്ളനാണെന്നാണ് പറയുന്നത്. 3 കോടി രൂപയല്ലേയുള്ളൂ? 374 കോടി രൂപയുടെ സ്ഥാനത്ത് 3 കോടി രൂപ എവിടെ? ശ്രീ. കെ. കരുണാകരൻ എവിടെ? ശ്രീ. പിണറായി വിജയൻ എവിടെ? ജവഹർലാൽ നെഹ്റുവിന്റെ മുന്നിൽ കുഞ്ഞാണ്ടി ആരാണെന്ന് ചോദിക്കുന്നതുപോലെയല്ലേ? നിങ്ങളുടെ പാർട്ടി സെക്രട്ടറി..... അതിന്റെ കൺസൾട്ടൻസി റദ്ദാക്കാൻ പറ്റില്ലെന്നുപറയുന്ന സഖാക്കളേ ഇതൊന്ന് വായിക്കാമോ? കഴിഞ്ഞ ദിവസം സഖാവ് എം. വി. ജയരാജൻ വായിച്ച ആ കോൺട്രാക്ടാണിത്. Effective date of contract..... അതിൽ 13 (1)-ൽ പറയുന്നത് The contract shall become effective when all the following conditions have been fulfilled and shall take effect from the respective date as indicated hereunder;

The finance has been satisfactorily arranged, the loan agreement between EDC and KSEB has been signed and brought into force and financing disbursement procedure agreement have been signed by EDC and all the parties of this contract and brought into force. എന്നാണ്. 13 (2)-ൽ പറയുന്നത് The approval of ratification of the above loan agreement and financing procedure been received from the Government of India എന്നാണ്. 13(1)(3)-ൽ പറയുന്നത് The approval of ratification of the Government of India has been received by the KSEB for the signing of this contract. 17(1) ശ്രീ. എം. വി. ജയരാജൻ നിങ്ങളെ വായിച്ചു കേൾപ്പിച്ചല്ലോ. 13(1)-നെപ്പറ്റിയാണല്ലോ ഇവിടെ പറഞ്ഞത്. ഇത് നിങ്ങളുടെ പാർട്ടി സെക്രട്ടേറിയറ്റ് പാസ്സാക്കിയ പ്രമേയം ദേശാഭിമാനി പത്രത്തിൽ വന്നതാണ്. അതിനകത്ത് നിങ്ങൾ 17(1) വച്ച് ഇത് റദ്ദാക്കിയാൽ കോടികളുടെ നഷ്ടമുണ്ടാകുമെന്ന് പ്രസംഗിച്ചല്ലോ. പാർട്ടി സെക്രട്ടേറിയറ്റിൽ നിങ്ങളത് പറഞ്ഞുകൊടുത്തിട്ടുണ്ടാകുമല്ലോ. സഖാവ് പ്രകാശ് കാരാട്ടിന് അല്പംകൂടി വിവരമുണ്ടെന്ന് മനസ്സിലായി. ശ്രീ. പ്രകാശ് കാരാട്ട് 13(1)-ഉം 13(2)-ഉം 13(3)-ഉം ചൂണ്ടിക്കാട്ടി ഈ നഷ്ടമുണ്ടാകുന്നതിനെപ്പറ്റി പറഞ്ഞു. സെക്രട്ടേറിയറ്റ് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

എവിടെ പോയി? 17(1) അനുസരിച്ച് റദ്ദാക്കാൻ പറ്റുമായിരുന്നില്ല എങ്കിൽ 13(1) എന്തുകൊണ്ട് ചൂണ്ടിക്കാണിച്ചില്ല? അത് ബോധ്യമായതുകൊണ്ടല്ലേ സഖാവ് പ്രകാശ് കാരാട്ട് നിങ്ങളുടെ വാദത്തെ തള്ളിയത്? പിന്നെ നിങ്ങളുടെ വാദം ക്യാൻസർ സെന്റർ പുതുക്കാത്തതിന്റെ കുറ്റവാളി യു.ഡി.എഫ്. ആണെന്നാണ്. ക്യാൻസർ സെന്റർ സംബന്ധിച്ച നിങ്ങളുടെ എഗ്രിമെന്റിന്റെ കോപ്പിയാണിത്. ഇത് വായിക്കാം. The MOU shall remain in force and effect until a formal agreement for the endeavours is executed by Kerala and SNC Lavalin, unless Kerala or SNC Lavalin ..... written notice that it propose to terminate it, such written notice will be given three months in advance of the proposed date of termination. എങ്ങനെ റദ്ദാകും? പുതുക്കാത്തതുകൊണ്ട് റദ്ദാകുമെന്നല്ലേ നിങ്ങളുടെ ആളുകളെ പറഞ്ഞ് പഠിപ്പിക്കുന്നത്? പാവപ്പെട്ട സഖാക്കന്മാരെ പറഞ്ഞു പഠിപ്പിക്കുന്നത്? ഇത് നിങ്ങൾ ഒപ്പിട്ട രേഖയല്ലേ? മലപ്പുറത്ത് മിന്നൽപ്പിണറായി ഉയർന്ന പിണറായിയെ ഓർത്ത് ഞങ്ങളും ആവേശം കൊണ്ടിരുന്നു. അതൊരു തുലാവർഷത്തിലെ ഇടിമുഴക്കമാണ്. തുലാവർഷത്തിലെ ഇടിമുഴക്കം സർവ്വനാശത്തിന്റേയും തുടർച്ചയാണ്. അങ്ങനെയായിരുന്നുവെന്ന് തെളിഞ്ഞില്ലേ? കമ്മ്യൂണിസ്റ്റുകാരെ എതിർക്കുമ്പോഴും പ്രിയപ്പെട്ട വി. എസ്. അച്ചുതാനന്ദൻ സഖാവേ ഞങ്ങൾക്ക് ഈ കമ്മ്യൂണിസ്റ്റുകാരോട് ഉള്ളിൽ ബഹുമാനമുണ്ടായിരുന്നു. പാവപ്പെട്ട പുലമാടത്തിൽ പാമ്പുകടിയേറ്റ് മരിച്ചുകിടന്ന സഖാവ് പി. കൃഷ്ണപിള്ളയുടെ പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി, എ. കെ. ഗോപാലന്റെ പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ഞങ്ങൾക്ക് അഭിമാനമുണ്ടായിരുന്നു. ടി. വി. തോമസിന്റെ പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി, എം. എൻ. ഗോവിന്ദൻ നായരുടെ പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ഞങ്ങൾക്ക് അഭിമാനമുണ്ടായിരുന്നു. ഇന്ന് കേരളം കണ്ട ഏറ്റവും വലിയ അഴിമതിക്കൂമ്പാരമായി നിങ്ങളുടെ സെക്രട്ടറി മാറുമ്പോൾ ഒന്നു കരയാൻപോലുമാകാതെ നിങ്ങൾ ഞെളിഞ്ഞിരിക്കുകയാണ്. പ്രിയപ്പെട്ടവരേ ഇതൊരു ജാജ്ജ്വല്യമാനമായ ഓർമ്മയായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻ സെക്രട്ടറിമാരുടെ നേതൃത്വപരമായ പങ്കാളിത്തത്തെ ഞങ്ങൾ കണ്ടിട്ടുണ്ട്. ഇന്ന് ശ്രീ. പിണറായിയെ ഇതാ ചരിത്രം കുറ്റവാളിയാണെന്ന് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ശ്രീ. ബിനോയ് വിശ്വത്തിനറിയില്ലേ ചരിത്രം ആരെയാണ് കുറ്റവാളിയായി ചിത്രീകരിക്കുന്നതെന്ന്? പാവപ്പെട്ട ഡി.വൈ.എഫ്.ഐ.ക്കാരോടും എസ്.എഫ്.ഐ.ക്കാരോടും ഇവർ എന്താണ് പറഞ്ഞിരിക്കുന്നത്?

"ബലികുടീര വാതിൽ തുറന്ന്
രക്തസാക്ഷികൾ വിളിക്കുമ്പോൾ
ആ വിളികേൾക്കാൻ ഏറ്റുവിളിക്കാൻ
ആവേശോജ്ജ്വല സമരമുഖങ്ങളിൽ
ഞങ്ങൾക്കായി മരിച്ചവരേ
നിങ്ങൾക്കൊരായിരം അഭിവാദ്യങ്ങൾ.
രക്തസാക്ഷികൾ അമരന്മാർ

LIBRARY ARCHIVES Kerala Legislative Assembly

അനശ്വരന്മാർ അവർ ധീരന്മാർ
മൃത്യുഞ്ജയത്തിന്റെ ശക്തിമന്ത്രങ്ങളിൽ
ഒരു പടപ്പാട്ടിന്റെ ഈണമായ്, താളമായ്
ധീരേതിഹാസം രചിച്ച സഖാക്കളേ
നിങ്ങൾക്ക് ലാൽസലാം.
ഇങ്കിലാബ് സിന്ദാബാദ്
രക്തസാക്ഷികൾ സിന്ദാബാദ്
ഞങ്ങൾക്കു മരണമില്ല."

ആ മുദ്രാവാക്യം എവിടെപ്പോയി? ആ മുദ്രാവാക്യം വിളിച്ച നിങ്ങൾ കൂത്തുപറമ്പിൽ സഖാവ് എം.വി. രാഘവനെ തടയാൻ പോയില്ലേ? ഇന്ന് മലമൂത്ര വിസർജ്ജനത്തിനുപോലും ബുദ്ധിമുട്ടായ സഖാവ് പുഷ്പൻ ഈ മുദ്രാവാക്യം കേട്ടിട്ടില്ലേ? നിങ്ങൾ ഗ്രനേഡിന്റെ മുനമ്പിലേയ്ക്ക് പറഞ്ഞയച്ച പാവപ്പെട്ട സിന്ധു ജോയി ഇത് കേട്ടിട്ടില്ലേ? അങ്ങനെയുള്ള നിരവധി പേരുടെ പാരമ്പര്യമുള്ള പാർട്ടിക്കാരോട് ഞാൻ ചോദിക്കുന്നു, ബക്കിംഗ്ഹാം യൂണിവേഴ്സിറ്റിയിൽ 24 മാസത്തെ പഠനത്തിന് 46 ലക്ഷം രൂപ മുടക്കി പഠിക്കുന്ന വിവേക് തായ്കണ്ടിൽ ആരാണ് സർ? അറിയാൻ ഞങ്ങൾക്ക് താത്പര്യമുണ്ട്. പ്രതിപക്ഷനേതാവേ, അത് ഞങ്ങൾക്ക് അറിയാൻ താത്പര്യമുണ്ട്. കുടുംബ പാരമ്പര്യങ്ങൾ പറയാൻ ഞങ്ങൾക്ക് മടിയുണ്ട്. അത് പറയാൻ പ്രേരിപ്പിച്ചത് ഈ കൊള്ളക്കഥ പറയേണ്ടി വന്നതുകൊണ്ടാണ്. ആ കുട്ടിയും കുടുംബവും ക്ഷമിക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സിന്ധു ജോയിയെ രക്തസാക്ഷിയായി ചിത്രീകരിച്ചത് കഷ്ടമായിപ്പോയി. അവർ ഇപ്പോഴും ജീവിച്ചിരിക്കുകയാണ്. എസ്.എഫ്.ഐ.-യുടെ സംസ്ഥാന പ്രസിഡന്റിനെ രക്ത സാക്ഷികളുടെ കൂട്ടത്തിൽ ശ്രീ. പി. ടി. തോമസ് പെടുത്തിയത് കഷ്ടമായിപ്പോയി.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞാൻ പറഞ്ഞത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ ആദ്യം രക്തസാക്ഷികളെപ്പറ്റി പറഞ്ഞിട്ട് അതിന്റെ രണ്ടാം ഭാഗത്തിലാണ് മരിക്കാതെ കിടക്കുന്ന പുഷ്പനേയും ജീവിച്ചിരിക്കുന്ന സിന്ധു ജോയിയേയും പറ്റി പറഞ്ഞത്. സിന്ധു ജോയിയെ എനിക്കറിയാം. അത് പ്രതിപക്ഷനേതാവ് തെറ്റിദ്ധരിച്ചു. കേരളത്തിലെ സ്വാശ്രയ കോളേജുകളുടെ മാനേജുമെന്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജി. പി. നായരുടെ സ്ഥാപനത്തിൽ എം.ബി.എ. കഴിഞ്ഞ വിവേക് തായ്കണ്ടിൽ 46 ലക്ഷം രൂപ മുടക്കി ഇംഗ്ലണ്ടിലെ ബക്കിംഗ്ഹാം യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ ഞങ്ങൾക്ക് അസൂയയില്ല. പക്ഷേ ശ്രീ. പിണറായി വിജയന്റെ പല പ്രസ്താവനകളും ഞങ്ങൾക്ക് ലഭിക്കുന്നു. അതിൽ പറയുന്നത് ചെത്തുകാരന്റെ കൈത്തഴമ്പുള്ള അദ്ദേഹത്തിന്റെ കുടുംബ പാരമ്പര്യവും, ഇടയ്ക്കുവച്ച് ഫീസ് കൊടുക്കാൻ പണമില്ലാത്തതിന്റെ പേരിൽ ഡിഗ്രി പൂർത്തിയാക്കാൻ കഴിയാത്ത പൂർവ്വകാലവും

LIBRARY ARCHIVES Kerala Legislative Assembly

മറ്റുമാണ്. ആ പൂർവ്വകാലത്തിൽനിന്നും 46 ലക്ഷം രൂപ മുടക്കി വിവേക് തായ്കണ്ടിയെ പഠിക്കാൻ വിടുന്ന ആ വളർച്ചയുണ്ടല്ലോ; അതാണ് ഞാൻ പറയുന്നത്. പ്രിയപ്പെട്ടവരെ നിങ്ങൾ ലോൺ എഗ്രിമെന്റിനെപ്പറ്റി പറയുന്നു. ലോൺ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തപ്പോഴാണ് കൺസൾട്ടൻസി യാഥാർത്ഥ്യ മായിരിക്കുന്നതെന്ന് ഈ നാട്ടിൽ ആർക്കാണ് അറിയാത്തത്? ഏതു കൊച്ചുകുട്ടിക്കും അതറിയാം. നിങ്ങൾക്ക് ഒന്നുകിൽ അത് റദ്ദാക്കാമായിരുന്നു. നിങ്ങൾ എന്തുകൊണ്ട് അത് റദ്ദാക്കാൻ മുന്നോട്ടുവന്നില്ല?

സിംഗപ്പൂരിൽ പ്രവർത്തിക്കുന്ന കമലാ ട്രേഡേഴ്സ് എന്താണ്? മറുപടി പറയേണ്ടിവരും. മിനിസ്റ്റീരിയൽ ഡെലിഗേഷൻ എന്നു പറഞ്ഞിരിക്കുന്നത് ശ്രീ. ജി. കാർത്തികേയന്റെ ഡെലിഗേഷനല്ല, സി ആന്റ് എ. ജി. നിങ്ങളെപ്പറ്റി മാത്രമാണ് പറഞ്ഞത്. ശ്രീ. പിണറായി വിജയൻ വച്ച കരാർ, ശ്രീ. പിണറായി വിജയന്റേതു മാത്രമാണ്. ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡാണ് കരാറിൽ പങ്കു ചേർന്നത്. ശ്രീ ജി. കാർത്തികേയൻ നേരിട്ടു ചെയ്തതല്ല. one third ഉപകരണങ്ങൾ നിങ്ങൾ വെട്ടിക്കുറച്ചു. പന്നിയാറിൽ 15 മെഗാവാട്ടിന്റെ യന്ത്രോപകരണങ്ങൾ നിങ്ങൾ വെട്ടിക്കുറച്ചില്ലേ? നിങ്ങൾക്കു മറുപടിയുണ്ടോ? ശ്രീ. ജി. കാർത്തികേയൻ വച്ച കൺസൾട്ടന്റ്സ് റദ്ദാക്കിയാൽ കേരളത്തിനൊന്നും സംഭവിക്കില്ലായിരുന്നു. സഖാവ് ബാലാനന്ദൻ പോളിറ്റ് ബ്യൂറോക്ക് കൊടുത്ത റിപ്പോർട്ട്, സഖാവ് വി. എസ്. അച്ചുതാനന്ദനെങ്കിലും വായിച്ചില്ലേ? വായ്പ കരാർ ഇല്ലാതെ കൺസൾട്ടൻസി കരാർ ഉണ്ടോ? ഡോ. തോമസ് ഐസക് എങ്കിലും മറുപടി പറയണം. നിങ്ങൾ പറയുന്ന കൺസൾട്ടൻസി കരാറും, അടിസ്ഥാന കരാറും എന്താണ്? എന്തിനാണ് പാവങ്ങളെ പറ്റിക്കുന്നത്? കെ.എസ്.ഇ.ബി.ക്ക് സാമ്പത്തികമായോ അല്ലാതെയോ യാതൊരു ബാദ്ധ്യതയും കൺസൾട്ടൻസി കരാർ കൊണ്ടുണ്ടായിട്ടില്ല. അനെക്സ് (ബി)-യിൽ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ്, എസ്.എൻ.സി. ലാവ്‌ലിൻ തയ്യാറാക്കിയതെന്നു കാണാൻ വല്ല ബുദ്ധിമുട്ടും ഉണ്ടോ? മലബാർ കാൻസർ സെന്ററിന് കൊടുക്കാമെന്നു പറഞ്ഞി രുന്ന, 89 കോടി രൂപ എവിടെ പോയി? അതു കണ്ടുപിടിക്കണ്ടേ?

ശ്രീ. പി. ജയരാജൻ: റൂൾ 58 അനുസരിച്ചുള്ള ചർച്ചയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനിടയിൽ അവാസ്തവമായിട്ടുള്ള പ്രസ്താവനയാണ് നടത്തുന്നത്. ശ്രീ. പിണറായിയുടെ മകൻ വിവേക് തായ്ക്കണ്ടി ബക്കിംഗ്ഹാം യൂണിവേഴ്സിറ്റിയിലാണ് പഠിക്കുന്നത് എന്നാണ് ഇവിടെ പറയുന്നത്. അയാൾ ബാംഗ്ലൂരിൽ ജോലി ചെയ്യുകയാണ്. ഈ സഭയിൽ ഇല്ലാത്ത ഒരാളെ സംബന്ധിച്ച് അവാസ്തവമായിട്ടുള്ള ഇത്തരം പ്രസ്താവനകൾ ഉന്നയിക്കുന്നത് ശരിയായിട്ടുള്ള കാര്യമല്ല. അത്തരം പ്രസ്താവനകൾ രേഖയിൽ നിന്നും നീക്കം ചെയ്യുന്നതിന് റൂളിംഗ് നൽകണം.

ശ്രീ. പി. ടി. തോമസ്: ഞാൻ വിവേക് തായ്ക്കണ്ടി എന്നു പറയുന്ന ഒരു ചെറുപ്പക്കാരൻ ബക്കിംഗ്ഹാം യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നതിനെപ്പറ്റിയാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. അതു ശ്രീ. പിണറായിയുടെ മകൻ അല്ലെങ്കിൽ എനിക്കൊന്നും പറയാനില്ല. നിങ്ങളോടു മാപ്പു ചോദിക്കാൻ ഞാൻ തയ്യാറാണ്. ഇവിടെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 89 കോടി രൂപ എവിടെപ്പോയി?

"കത്തുന്ന, പുകയുന്ന പുന്നപ്ര വയലാറിൻ,
കുഴിമാടം കൈപൂണ്ടി പറയുന്നു ഞങ്ങൾ". നിങ്ങൾ വിളിച്ചില്ലേ മുദ്രാവാക്യം?

"മാറണം, മാറ്റണം, മാറ്റി മറിക്കണം
മാറിയില്ലെങ്കിലോ, തീയിട്ടെരിക്കണം".

നാട്ടിലെ അഴിമതിയെപ്പറ്റിയാണോ നിങ്ങൾ പറഞ്ഞത്? ഞാൻ എബ്രഹാം ലിങ്കന്റെ ഏതാനും വരികൾ കോട്ടു ചെയ്യുന്നു. ശ്രീ. പിണറായി വിജയനോടും സി.പി.ഐ.(എം.)നോടും ഇതു മാത്രമേ എനിക്കു പറയാനുള്ളൂ. You can fool all the people sometime and some of the people all the time. But you cannot fool all the people all the time എന്നു പറയുന്ന ചുണക്കുട്ടപ്പന്മാർ നാട്ടിൽ ഉണ്ടാകട്ടെ. മാർക്സിസത്തിന്റെ പേരിൽ പട്ടാപ്പകൽ കൊള്ള നടത്തുന്ന മാഫിയാ സംഘത്തിന്റെ പിടിയിൽ ഒരു പാർട്ടി സെക്രട്ടറി അകപ്പെട്ടിരിക്കുന്നു. കേരളം കണ്ട ഏറ്റവും ഗുരുതരമായ അഴിമതിയിൽ അകപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് ഇത് സംബന്ധിച്ച് എന്തു പറയാനുണ്ട്?

"മാനസം കല്ലല്ലാതുള്ള
മാനവരാരെങ്കിലുമുണ്ടെങ്കിൽ
ഇത്തിരി നേരമിരുന്നു കരഞ്ഞു പോകേണമേ"

എന്നു കവി പാടിയതുപോലെ, കേരളത്തിൽ അഴിമതിക്കെതിരെ, ചാട്ടവാറിന്റെ ശക്തിയോടെ, ചക്രവാളങ്ങൾക്കുമപ്പുറം ശക്തിയോടെ മുദ്രാവാക്യം മുഴക്കിയ നിങ്ങൾ, നിങ്ങളുടെ അഴിമതി നിങ്ങളെത്തന്നെ തിന്നുകൊണ്ടിരിക്കുന്നു, വിപ്ലവം അതിന്റെ സന്തതികളെ തിന്നും എന്നു പറഞ്ഞതുപോലെ, ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് എന്ത് പറയാനുണ്ട്? നിങ്ങൾ ശ്രീ. ജി. കാർത്തികേയനാണ് കുറ്റവാളി എന്ന് പറയുന്നുണ്ടല്ലോ? നിങ്ങൾ എന്തുകൊണ്ട് ശ്രീ. ജി. കാർത്തികേയനെ പ്രോസിക്യൂട്ടു ചെയ്യാൻ ധൈര്യം കാണിച്ചില്ല? നിങ്ങൾ എന്തുകൊണ്ട് ശ്രീ. സി.വി. പത്മരാജനെ പ്രോസിക്യൂട്ടു ചെയ്യാൻ ധൈര്യം കാണിച്ചില്ല? നിങ്ങൾ എന്തുകൊണ്ട് ശ്രീ. കടവൂർ ശിവദാസനെ പ്രോസിക്യൂട്ടു ചെയ്യാൻ ധൈര്യം കാണിച്ചില്ല? നിങ്ങൾ ഞങ്ങൾ പറഞ്ഞ പ്രകടന പത്രികയുടെ അടിസ്ഥാനത്തിലാണോ മൽസരിച്ചത്? നിങ്ങൾ സഖാവ് ബാലാനന്ദന്റെ റിപ്പോർട്ട് തള്ളി. പാർട്ടിയിൽ ചർച്ച ചെയ്യാതെ കോടിക്കണക്കിനു രൂപ നഷ്ടപ്പെടുത്തി. എന്തുകൊണ്ട് നിങ്ങൾ ആ റിപ്പോർട്ട് തള്ളിക്കളഞ്ഞു? സഖാവ് ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിലെ പ്രധാനപ്പെട്ട നിർദ്ദേശം എന്താണെന്ന് അറിയാമോ? അത്യാവശ്യം ചില ഉപകരണങ്ങൾ മാത്രം മാറ്റണം എന്നാണ്. പണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ "ഹിറ്റാച്ചി കമ്പനിയെ മൂരാച്ചി കമ്പനി" എന്ന് വിളിച്ചു. ആ റിപ്പോർട്ടിൽ ഹിറ്റാച്ചി കമ്പനിയിൽ നിന്നും വാങ്ങണമെന്നു പറഞ്ഞിരിക്കുന്നു. സഖാവ് ബാലാനന്ദൻ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BHEL-നു കൊടുക്കണമെന്നു പറഞ്ഞിരിക്കുന്നു. പണം കണ്ടെത്തണമെങ്കിൽ എഫ്.എ.സി.ടി. പോലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കൺസോർഷ്യത്തിൽ നിന്നും ഷെയർ എടുത്ത് ഇത്തരം സ്ഥാപനങ്ങൾ നടത്താൻ പണം കണ്ടെത്തണമെന്ന് പറഞ്ഞിരിക്കുന്നു. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് വച്ച 8-ാം ദിവസം നിങ്ങൾ ലാവ്‌ലിനു പിന്നാലെ പോയതിന്റെ ഉദ്ദേശം, പച്ചപ്പണമല്ലാതെ മറ്റെന്താണ്? ശ്രീ. പിണറായി വിജയൻ കേരളത്തെ നോക്കി മറുപടി പറയണം. നിങ്ങൾ കാസർകോടു മുതൽ തിരുവനന്തപുരം വരെ അഴിമതി വിരുദ്ധ സമരം നടത്തുകയല്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങയുടെ അഴിമതി വിരുദ്ധ സമരം സത്യസന്ധമാണെന്നാണ് ഞാൻ വിചാരിച്ചത്. സത്യസന്ധതയുണ്ടെങ്കിൽ നിങ്ങൾക്ക് ശ്രീ. പിണറായി വിജയനോട് ഇതിനു സമാധാനം ചോദിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ ഒരു കാര്യം വായിച്ചു കേൾപ്പിക്കാം. സി.പി.ഐ.(എം.) ഒരു പഠനം നടത്തി. Energy Infrastructure Service Project (EISP) ബോർഡിലെ ഉദ്യോഗസ്ഥരെ പഠിപ്പിച്ചു. ഇത് വൈദ്യുതി ഭവനിൽ വച്ച് എസ്.എൻ.സി. ലാവ്‌ലിനാണ് ചെയ്തത്, ഇതിനു 7.3 ദശലക്ഷം ഡോളർ ചെലവായി. ഇത് പുറത്തുവന്നിട്ടില്ല. ഏകദേശം 43 കോടി രൂപ. സൗത്ത് പാർക്കിൽ ഭക്ഷണം, ബോംബെയിൽ അംബാനിയുടെ സ്ഥാപനം കാണാൻ വിമാനത്തിൽ തൊഴിലാളികളെ കൊണ്ടുപോയി. ഇലക്ട്രിസിറ്റി ബോർഡിലെ ആളുകളെ കൊണ്ടുപോയി. ഇടതു ട്രേഡ് യൂണിയൻ നേതാക്കൾക്ക് സൗത്ത് പാർക്കിൽ ഭക്ഷണവും, വിമാനത്തിൽ കയറ്റി B.S.E.S.-ലും, ബോംബെയിൽ അംബാനിയുടെ സ്ഥാപനത്തിലും മറ്റും പഠിക്കാൻ കൊണ്ടു പോകലും. അത് സ്വകാര്യസ്ഥാപനമാണ്. Bombay Suburban Electrical Supply - അംബാനിയുടെ കുത്തകകളോടുള്ള എതിർപ്പ് എവിടെപ്പോയി.? ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. അതിനു നിങ്ങൾ പ്രത്യുപകാരം ചെയ്തു. എറണാകുളത്തുള്ള മുഹമ്മദാലിയുടെ മണ്ഡലത്തിൽ, പാതാളത്ത് B.S.E.S - ന് ഒരു പ്രോജക്ട് കൊടുത്തു. സ്വകാര്യ പ്രോജക്ടിനെ സംബന്ധിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ? ഈ ചോദ്യങ്ങൾക്കുകൂടി നിങ്ങൾ ഉത്തരം പറയണം. കെ.എസ്.ഇ.ബി.യിലെ വിദഗ്ദ്ധരുടെ അഭിപ്രായം അരായാതെ ലാവ്‌ലിനുമായി കരാറിൽ ഏർപ്പെടാൻ ആവേശം കാണിച്ചതിന്റെ പിന്നിലെ ചാലകശക്തി എന്താണ്? പണമാണോ മറ്റെന്തെങ്കിലുമാണോ? ആഗോള ദർഘാസ് ഒഴിവാക്കിയതിന്റെ ചാലകശക്തി എന്താണ്? കൺസൾട്ടൻസി ഇനത്തിൽ ഒഴിവാക്കാമായിരുന്ന 20 കോടി രൂപ എന്തുകൊണ്ട് നിങ്ങൾ ഒഴിവാക്കിയില്ല? ധാരണാപത്രം ഒപ്പിടുന്നതിനുമുമ്പ് എന്തുകൊണ്ട് ഫീസിബിലിറ്റി സ്റ്റഡി നടത്തിയില്ല? അതുപോലെ ഡിസൈനിംഗിലെ ന്യൂനതകളെ സംബന്ധിച്ച് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പ് നിങ്ങൾ എന്തുകൊണ്ട് പരിശോധിച്ചില്ല? C.E.C.-യുടെ ശുപാർശ കണക്കിലെടുക്കാതിരുന്നതെന്തുകൊണ്ട്? എന്തെങ്കിലും തർക്കം വന്നാൽ ഇന്ത്യൻ നിയമം ബാധകമാണെന്ന് ശ്രീ ജി. കാർത്തികേയൻ എം.ഒ.യു.വിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്നു. ശ്രീ. ജി. കാർത്തികേയന്റെ എം.ഒ.യു. മാറ്റിയിട്ട് നിങ്ങൾ കാനഡയിലെ ഒരു പ്രസിഡൻസിയിലെ, നിയമം ബാധകമാണെന്ന് എഴുതിച്ചേർത്തത് എന്തിനാണ്? ഡയറക്ട് പർച്ചേസ് എഗ്രിമെന്റ് ശ്രീ. പിണറായി വിജയൻ ഉണ്ടാക്കാത്തത് എന്തുകൊണ്ടാണ്? Foreign Contribution Regulation Act നിങ്ങൾ തെറ്റിച്ചില്ലേ? പ്രത്യേക അക്കൗണ്ട് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ തുടങ്ങിയിട്ടും പണം എവിടെപ്പോയി? അവികസിത രാജ്യങ്ങൾക്ക് നാല് ശതമാനം കമ്മീഷൻ പാടില്ല എന്നതു ശ്രീ. പിണറായി വിജയൻ ലംഘിച്ചില്ലേ? മേഘാലയയിലെ ഉമിയം പ്രോജക്ടിന്റെ താരതമ്യം പോലും ഇക്കാര്യത്തിൽ ഉണ്ടായോ? കേരളത്തിലെ പുൽക്കുടിലുകളിൽപ്പോലും വിപ്ലവത്തിന്റെ പുതിയ സൂക്തങ്ങൾ ഉയർത്തിയ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരു സെക്രട്ടറി

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ."എന്ന മട്ടിൽ കിടക്കുമ്പോൾ, കേരള ജനത ലജ്ജിച്ചു തലതാഴ്ത്തുകയാണ്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. കെ.എൻ.എ. ഖാദർ സർ, ശ്രീ. എം.എം. ഹസ്സൻ അവതരിപ്പിച്ച ചട്ട പ്രകാരമുള്ള വിഷയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരള സംസ്ഥാനത്തിലെ പള്ളിവാസൽ, പന്നിയാർ, ശെങ്കുളം എന്നീ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് ഇതുപോലൊരു നവീകരണവും പുന:സംഘടനയും ആവശ്യമായിരുന്നുവോ എന്നുള്ള ഒരു ചോദ്യം സി. ആന്റ് എ.ജി-യുടെ റിപ്പോർട്ടിൽത്തന്നെ ചോദിച്ചിട്ടുണ്ട്. ഇപ്പോൾ ചെയ്തതുപോലുള്ള ഒരു നവീകരണ പ്രക്രിയ വാസ്തവത്തിൽ ആവശ്യമില്ലായിരുന്നെന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ കുറഞ്ഞ ചെലവിൽ അതിന്റെ പരിഷ്ക്കരണം നടത്താൻ സാധിക്കുമായിരുന്നെന്നും വ്യക്തമാക്കപ്പെട്ടതിനുശേഷവും എസ്.എൻ.സി ലാവ്‌ലിൻ കമ്പനിയുമായി അന്തിമ കരാർ ഒപ്പിട്ട് 374 കോടി രൂപയുടെ നഷ്ടം കേരള സംസ്ഥാനത്തിന്റെ പൊതു ഖജനാവിൽ വരുത്തിയത് മാപ്പാക്കാൻ പറ്റാത്ത കുറ്റമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. വാസ്തവത്തിൽ ബാലാനന്ദൻ കമ്മിറ്റി എന്ന് നമ്മൾ ഇവിടെ പ്രതിപാദിക്കുന്ന കമ്മിറ്റി വെറുമൊരു ബാലാനന്ദന്റെ കമ്മിറ്റി ആയിരുന്നില്ല. ആ കമ്മിറ്റിക്കകത്ത് കേരളത്തിലെ വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ട്രേഡ് യൂണിയനുകളുടേയും പ്രതിനിധികളും ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്സ് ഉണ്ടാക്കിയ നല്ല പരിചയ സമ്പന്നരായ എഞ്ചിനീയർമാരും. നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ ഡയറക്ടറും വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഹസ്സൻ കോയ വരെയുണ്ടായിരുന്നു. 26 അംഗങ്ങളുള്ള ഒരു ക്രോസ് സെക്ഷൻ മുഴുവൻ, ഈ വിഷയവുമായി ബന്ധപ്പെട്ട എക്സ്പെർട്ട്സ് മുഴുവനുള്ള ഒരു കമ്മിറ്റിയാണ് പഠനം നടത്തിയത്. അവരുടെ Committee to study the development of electricity എന്നപേരിൽ നായനാർ ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി കേരളത്തിൽ ഇതുപോലുള്ള എല്ലാ പദ്ധതികളേയും കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. അവരുടെ വ്യക്തമായ നിർദ്ദേശപ്രകാരം ഈ മൂന്ന് പദ്ധതികളുംകൂടി

LIBRARY ARCHIVES Kerala Legislative Assembly

നവീകരിക്കുന്നതിന് ആകെ നൂറ് കോടി രൂപയാണ് ആവശ്യമായിട്ടുള്ളതെന്നാണ് പറഞ്ഞത്. ഇതിനെല്ലാം പണം കൊടുക്കുന്നതിനുവേണ്ടി ഒരു പവർ ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കണമെന്ന ഒരു നിർദ്ദേശവും അവർ വച്ചിട്ടുണ്ട്. ആ പവർ ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ആയിരം കോടി രൂപ തരാമെന്ന് Extra High Tension Consumers -ന്റെ പ്രതിനിധികൾ നേരിട്ട് തയ്യാറായി. പതിനായിരം കോടി രൂപയുടെ വായ്പ എടുക്കാനും സാധിക്കുമായിരുന്നു. അങ്ങനെ എല്ലാ വിധത്തിലും പൂർത്തിയാക്കാൻ ഇവിടെത്തന്നെ സാധിക്കുമായിരുന്ന ഒരു പ്രവൃർത്തിക്കുവേണ്ടി എസ്.എൻ.സി ലാവ്‌ലിനെ തേടിപ്പോയത് വളരെയധികം സംശയാസ്പദമായ സാഹചര്യമെന്ന് വ്യക്തമാക്കാതെ നിവൃത്തിയില്ല. സി.പി.ഐ-ക്കാർക്ക് സി.പി.ഐ.(എം)-നെ ന്യായീകരിക്കാൻ യാതൊരു താൽപര്യവുമില്ലെന്നുള്ളതിന് തെളിവാണെന്ന് ശ്രീ. കെ. പി. രാജേന്ദ്രന്റെ പ്രസംഗം. അതു കേട്ടപ്പോൾ എനിക്ക് അതാണ് ബോധ്യമായത്. അദ്ദേഹം അൽഭുതകരമായ ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. ശ്രീ. കെ.ഇ. ഇസ്മയിൽ എറണാകുളത്ത് ജാഥ നടത്തിയപ്പോൾ പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു; ഞങ്ങൾ ഇതുസംബന്ധിച്ചുള്ള നയം നാളെ നിയമസഭയിൽ പറയുമെന്ന്. ഇപ്പോൾ ഇവിടെ ഇതാണ് പറഞ്ഞത്. അപ്പോൾ അദ്ദേഹം അവിടെ പത്രക്കാരുടെ ഇടയിൽനിന്ന് നിയമസഭയിൽ പറയാമെന്ന് പറഞ്ഞു. നിയമസഭയിൽ പറഞ്ഞത് ഈ കോലത്തിലാകുമ്പോൾ രണ്ടാൾക്കും അതേ സംബന്ധിച്ച് ഒരേ തീരുമാനമാണുള്ളതെന്ന് വ്യക്തമായി. വാസ്തവത്തിൽ പക്ഷിപ്പനി ബാധിക്കുകയെന്നൊക്കെ കേട്ടിട്ടുണ്ടെങ്കിലും ഇതുപോലൊരു പക്ഷിപ്പനി ഈ പാർട്ടിയെ ബാധിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. അപ്പോൾ സത്യത്തെ മൂടിവയ്ക്കുന്നതിന് നിർവാഹമില്ലാത്തതു കൊണ്ടാണ് ഈ ഗതികേടിൽ അവർ എത്തിച്ചേർന്നത്.

"സ്വർഗ്ഗവാതിൽ പക്ഷി ചോദിച്ചു ഭൂമി.യിൽ
സത്യത്തിനെത്ര വയസ്സായി
ഉത്തുംഗ വിന്ധ്യ ഹിമാചലങ്ങൾക്കതിന് ഉത്തരമില്ലായിരുന്നു.
അബ്ധിത്തിരകൾതൻ വാചാലതയ്ക്കതിന് ഉത്തരമില്ലായിരുന്നു
സ്വർണ്ണപ്പാത്രംകൊണ്ട് മൂടിയിരിക്കുകയാണ്

മണ്ണിലെ ശാശ്വത സത്യം" എന്നു പറഞ്ഞതുപോലെ എസ്.എൻ.സി ലാവ്‌ലിൻകാർ കൊടുത്ത 100 കോടി രൂപകൊണ്ട് ഈ സത്യം മൂടി വയ്ക്കാനുള്ള വൃഥാ പ്രയത്നത്തിലാണ് സി.പി.എം-ഉം പ്രതിപക്ഷവും ഏർപ്പെട്ടിട്ടുള്ളതെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ബാലാനന്ദൻ കമ്മിറ്റിയുടെ റിപ്പോർട്ട് സബ്മിറ്റ് ചെയ്തതിനുശേഷം അത് അവഗണിച്ചിട്ട് ആ റിപ്പോർട്ട് മറിച്ചു നോക്കുകപോലും ചെയ്യാതെ, അതിന് ഒരു കടലാസ്സിന്റെ വിലപോലും കൽപ്പിക്കാതെ എത്രവേഗമാണ് അവർ കാനഡയിൽ ചെന്ന് അന്തിമ കരാർ ഒപ്പിട്ടത്. വാസ്തവത്തിൽ ചെന്നൈയിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പനിക്ക് എട്ട് കോടി രൂപ കൊടുത്തുവെന്നു പറഞ്ഞാൽ മുഴുവൻ പണവും കാനടക്കാർ ചെലവഴിച്ചിട്ടുണ്ടെന്നാണ് നമ്മൾ മനസ്സിലാക്കുന്നത്. എസ്.എൻ.സി ലാവ്‌ലിൻ കമ്പനി തരാമെന്നേറ്റ മുഴുവൻ പണവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലേയ്ക്ക് തന്നിട്ടുണ്ട്. ആ പണം എവിടെപ്പോയെന്ന് അന്വേഷിക്കുകയാണ് വേണ്ടത്. വാസ്തവത്തിൽ അത് സി.പി.ഐ.(എം)-കാരുടെ സംസ്ഥാന കമ്മിറ്റിയിൽ നിന്നും ഈടാക്കാനുള്ള തീരുമാനമാണെടുക്കേണ്ടത്. അത്രത്തോളം അവർക്ക് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാദ്ധ്യതയില്ലാത്ത സാഹചര്യമാണ്. അതിന്റെ സാദ്ധ്യതാ പഠനം നടത്തിയിട്ടില്ലെന്ന് സി. ആന്റ് എ.ജി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. സാദ്ധ്യതാ പഠനം നടത്തിയിട്ടില്ലെന്ന് മാത്രമല്ല, ഈ കരാർ ഉണ്ടാക്കിയ സന്ദർഭത്തിൽ ഒരു പ്രശ്നമുണ്ടായിരുന്നു. ആ കരാറിൽ പറഞ്ഞിരുന്നതുപ്രകാരമുള്ള വില യന്ത്രോപകരണങ്ങൾക്ക് ഉണ്ടോയെന്ന് നോക്കിയിട്ടില്ല. ലാവ്‌ലിൻ കമ്പനി ഒരു യന്ത്രം ഉൽപ്പാദിപ്പിക്കുന്ന ഒരു കമ്പനിയല്ല. ഇവർ വെറും ബ്രോക്കറാണ്. വിവാഹം ആലോചിക്കുന്ന ദല്ലാൾ തന്നെ ഉദ്ദേശിച്ച പെണ്ണിനെ കല്യാണം കഴിക്കുന്ന പതിവുണ്ടോ? അതുപോലെ കൺസൾട്ടൻസി കമ്പനിതന്നെ ഇതങ്ങ് ഏറ്റെടുക്കുകയാണുണ്ടായത്. കരാറിൽപ്പറഞ്ഞ യന്ത്രങ്ങളൊന്നും അവർ ഉൽപ്പാദിപ്പിക്കുന്നില്ല. ആ യന്ത്രങ്ങൾക്ക് നിശ്ചയിച്ച വില ശരിയാണോയെന്നറിയാൻ വേണ്ടി എൻ.എച്ച്.പി.സി-യെ ഒരു പഠനത്തിന് ചുമതലപ്പെടുത്തി. എൻ.എച്ച്.പി.സി-ക്ക് ആവശ്യമായ കടലാസ്സുകളും രേഖകളും അന്നത്തെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കൊടുത്തില്ല. അവർക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തില്ല. അങ്ങനെ എല്ലാ അർത്ഥത്തിലും ഇതിനെ പരാജയപ്പെടുത്തി ഇത് പൂർത്തിയാക്കിയേ പറ്റൂള്ളുവെന്ന ഒരു വാശി അവർക്കുണ്ടായിരുന്നുവെന്നുള്ളത് വ്യക്തമാണ്. എസ്.എൻ.സി ലാവ്‌ലിനെ കണ്ടപ്പോൾ ശ്രീ. ജി. കാർത്തികേയൻ ഇങ്ങനെയൊന്നും വിചാരിച്ചിരുന്നില്ല അത്തരത്തിലുള്ള ഒരു നല്ല കമ്പനിയെ കൈയിൽ കിട്ടിയപ്പോൾ അത് ഒഴിവാക്കാൻ ശ്രീ. പിണറായി വിജയനും അന്നത്തെ ഗവൺമെന്റിനും ആയില്ല. അതുകൊണ്ടാണ് ചെയ്തത്,

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ
ഏറ്റ വൈരിക്ക് മുൻപുഴറിയോടിയൊരു ഭീരുവാട്ടെ
നേരെ വിടർന്നു വിലസീടിന നിന്നെനോക്കി
ആരാകിലെന്ത് മിഴിയുള്ളവർ നിന്നിരിക്കാം." എന്ന് കുമാരനാശാൻ പറഞ്ഞ മാതിരി ആ കാശ് വാങ്ങിയിട്ടേ ബാക്കിക്കാര്യമുള്ളൂവെന്ന രീതിയിലാണ് അത് പൂർത്തിയാക്കിയിട്ടുള്ളതെന്നത് വളരെ വ്യക്തമായ ഒരു കാര്യമാണ്. ഇതൊരു വൻപിച്ച അഴിമതിയാണ്. വാസ്തവത്തിൽ എനിക്ക് ശ്രീ. പിണറായി വിജയനോട് ബഹുമാനമായിരുന്നു. കാരണം അദ്ദേഹം ആഗോളവൽക്കരണത്തെ അനുകൂലിച്ചു; ഒരു ചൈനീസ് മോഡൽ നയം വേണമെന്നും ബംഗാളിലെ ചില പരിഷ്ക്കാരങ്ങൾ ഇവിടെയും വേണമെന്നുമൊക്കെ ചിന്തിച്ച ഒരാളാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങനെയൊരു പ്രതീക്ഷ അദ്ദേഹത്തിലുണ്ടായിരുന്നു. അതിന്റെ മറുപുറത്താണ് "എല്ലാ വിളക്കുമരങ്ങൾക്കുതാഴേയും ഇരുട്ടാണ്" എന്ന് പറഞ്ഞതുപോലെ ഇങ്ങനെ ഒരു പ്രശ്നമുണ്ടായത്. ഇതു വന്നപ്പോൾ എനിക്ക് സങ്കടം തോന്നുകയാണ്. ഇനി ആരിലാണ് പ്രതീക്ഷയർപ്പിക്കുക. പ്രതിപക്ഷ നേതാവിനെ

ക്കുറിച്ചുള്ള പ്രതീക്ഷ അദ്ദേഹത്തിന്റെ കാലഹരണപ്പെട്ട സിദ്ധാന്തങ്ങളാൽ നമുക്ക് പണ്ടേ ഇല്ലാതായിപ്പോയി. പിന്നെ അവശേഷിച്ചിരുന്ന ഒരു പ്രതീക്ഷയായിരുന്നു ഇത്. അത് അങ്ങനെയുമാണ്. അതുകൊണ്ടാണ് ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ ഇരുട്ടുപോയി വെളിച്ചമുണ്ടാകട്ടെ എന്നൊക്കെ മഹർഷിവര്യനെ പ്പോലെ അദ്ദേഹം പറഞ്ഞത്.

"തമസ്സോമാ ജ്യോതിർഗമയാ
മൃത്യോമാ അമൃതംഗമയാ" എന്നൊക്കെ പറഞ്ഞാണ് ശ്രീ. കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചത്. അങ്ങനെ ഇരുട്ടുപോയി വെളിച്ചം ഉണ്ടാകട്ടെ എന്നൊക്കെ പറഞ്ഞ് മാവേലി സ്റ്റോറിലാണ് ഇപ്പോൾ എസ്.എൻ.സി ലാവ്‌ലിൻ കച്ചവടം നടത്തുന്നതെന്ന രീതിയിലാണ് അദ്ദേഹം പ്രസംഗിച്ച് പോയത്. പൊതുവിതരണ സമ്പ്രദായം ശ്രീ. അടൂർ പ്രകാശിൽ നിന്ന് എന്നാണ് എസ്.എൻ.സി ലാവ്‌ലിൻ ഏറ്റെടുത്തതെന്ന് എനിക്കറിയില്ല.

ശ്രീ. മത്തായി ചാക്കോ: അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്താക്കിയതാണ്.

ശ്രീ. കെ.എൻ.എ ഖാദർ: ശ്രീ. മത്തായി ചാക്കോ എന്നും പറയുന്നതാണ് കമ്മ്യൂണിസ്റ്റുകാർ എന്നെ പുറത്താക്കിയെന്ന്. എന്നെ ഒരാളും പുറത്താക്കിയിട്ടില്ല; പുറത്താക്കാനുള്ള ധൈര്യവുമുണ്ടായിട്ടില്ല. 17 കൊല്ലം ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു. ഇപ്പോൾ 18 കൊല്ലമായി മുസ്ലീംലീഗിലാണ്. ശ്രീ. മത്തായി ചാക്കോ എവിടെനിന്നാണ് വരുന്നതെന്ന് എനിക്കറിയില്ല. ശ്രീ. മത്തായിചാക്കോ പ്രവർത്തിച്ചതിനേക്കാൾ കൂടുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചയാളാണ് ഞാൻ. അദ്ദേഹം കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് പഠിച്ചതിനേക്കാൾ കൂടുതൽ ഞാൻ പഠിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് റൂൾ 58 പ്രകാരം എഴുതിക്കൊടുക്കൂ. നമുക്ക് ഇവിടെ ഒരു ചർച്ച ചെയ്യാം. എന്താണ് മാർക്സിസമെന്നും എന്താണ് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമെന്നും എന്താണ് ചരിത്രപരമായ ഭൗതികവാദമെന്നും, മാർക്സിയൻ സാമ്പത്തിക ശാസ്ത്രം എന്താണെന്നുമൊക്കെ ചർച്ച ചെയ്യാൻ ഞാൻ റെഡിയാണ്. എസ്.എൻ.സി ലാവ്‌ലിൻ എന്ന വിഷയത്തിൽ ആവശ്യമില്ലാത്ത കാര്യമെന്ന നിലയിൽ ആ കമ്പനിയെ ഉപയോഗിച്ച് കേരള സംസ്ഥാനത്ത് ആവശ്യമില്ലാത്ത ഒരു പദ്ധതി നടപ്പിലാക്കി അതിലെ പണം വളഞ്ഞ വഴിയിലൂടെ കൈപ്പറ്റുന്നതിനു വേണ്ടിയുള്ള ഒരേർപ്പാടാണ് നടന്നതെന്ന് വളരെ വ്യക്തമാണ്. അതിനെപ്പറ്റി പറയാൻ ഒരു തീരുമാനമെടുത്തപ്പോൾ ബ്രഹ്മപുരത്തെക്കുറിച്ചും കുറ്റ്യാടി പദ്ധതിയെക്കുറിച്ചു മൊക്കെ ചർച്ചചെയ്യണമെന്നാണ് അവർ പറഞ്ഞത്. സാധാരണ കുട്ടികൾക്ക് കയ്പ്പുള്ള കഷായം കുടിക്കാൻ മടിയായിരിക്കും. അമ്മമാർ കഷായം കൊടുക്കു മ്പോൾ കുട്ടികൾ വേണ്ടെന്നുപറയും. അസുഖം മാറാൻ വേണ്ടിയാണ് അമ്മമാർ ശ്രമിക്കുന്നത്. അപ്പോൾ അമ്മമാർ ചെയ്യുന്നത് എന്താണെന്നോ ഒരു കഷണം ശർക്കര കൊടുക്കും. അത് ആദ്യം കടിച്ചിട്ട് ഇത് കുടിക്കാൻ കൊടുക്കും. അതുപോലെയാണ് എസ്.എൻ.സി ലാവ്‌ലിൻ അവതരിപ്പിക്കാൻ ശ്രീ. എം. എം.

LIBRARY ARCHIVES Kerala Legislative Assembly

ഹസ്സൻ അനുവാദം ചോദിച്ചപ്പോൾ ഒരു കഷണം ശർക്കര വേണമെന്ന് അവർ പറഞ്ഞു അതാണ് കുറ്റ്യാടി പദ്ധതി. അല്ലാതെ അതിൽ വേറൊന്നുമില്ല. അതൊന്ന് നാക്കിൽ തൊട്ടതിനുശേഷം കഷായം കുടിക്കാമെന്നാണ് പറഞ്ഞത്. അതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ആര്യാടൻ മുഹമ്മദും അനുവദിച്ചു കൊടുത്തത് വളരെ നല്ല കാര്യമായി. ബാലാനന്ദൻ കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളവർ ഇത് ശരിവയ്ക്കും. ബാലാനന്ദൻ കമ്മിറ്റിയിൽ ശ്രീ. ബാലാനന്ദൻ മാത്രമല്ല ശ്രീ. സി. ദിവാകരൻ, ശ്രീ. എ. എൻ. രാജൻ, എം.എസ് റാവുത്തർ, എന്നിവരെക്കൂടാതെ എല്ലാ സംഘടനകളുടേയും പ്രതിനിധികളും ഉണ്ട്. ഒരുപാട് എഞ്ചിനീയർമാരുമുണ്ട്. അവർക്കൊക്കെ പച്ചവെള്ളംപോലെ മനസ്സിലാക്കാവുന്ന ഒരു സംഗതിയാണ്. അവരെല്ലാം തുറന്നു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്.

കേരളത്തിലെ വൈദ്യുതിയുടെ വികാസത്തെ സംബന്ധിച്ച് ഇത്ര വ്യക്തമായ നല്ല റിപ്പോർട്ട് വന്നിട്ട് അതിന് കടലാസിന്റെ വിലപോലും കല്പിക്കാതെ, അത് മറിച്ചു നോക്കാതെ കാനഡയിൽപ്പോയി കരാർ ഉണ്ടാക്കിയത് വലിയ നഷ്ടമായിപ്പോയി. ശ്രീ. വരദാചാരിയെക്കുറിച്ച് പറഞ്ഞത് എന്താണെന്ന് എനിക്കറിയില്ല. ശ്രീ. വരദാചാരിയെപ്പോലുള്ള ആളുകൾ ഇത് ആവശ്യമില്ലെന്നു പറഞ്ഞത് ശ്രീ. പിണറായി വിജയൻ എതിർത്തു എന്നാണ് പറയുന്നത്. എന്തായാലും ഇത് നടത്തിയേ അടങ്ങൂ എന്നുള്ള വാശി ഉണ്ടായിരുന്നു. ഇവിടെ നടത്തിയ പ്രവൃത്തികൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്നാണ് സി.ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. പള്ളിവാസൽ പദ്ധതിയുടെ കപ്പാസിറ്റി 40 മെഗാവാട്ട് വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു സംഗതിയായിരുന്നു; അത് അവർ ശുപാർശ ചെയ്തിരുന്നു. ശെങ്കുളത്ത് 85 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതിയതായി കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യമായിരുന്നു. പന്നിയാറിൽ 17 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കുന്ന ഒരു സംഗതിയായിരുന്നു. എല്ലാത്തിനുംകൂടി ആകെ 100 കോടി രൂപ. ശ്രീ.വരദാചാരി പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിയല്ലേ? 374 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിക്കുമ്പോൾ 100 കോടി രൂപ ഇനാമായിട്ട് കൊടുക്കാൻ ആർക്കാണ് സാധിക്കുക? അപ്പോൾ ആ കമ്പനിക്ക് 100 കോടി രൂപ മാത്രമേ ചെലവുള്ളൂ. ആ കമ്പനിക്ക് ഇഷ്ടാനുസരണം ലാഭമുണ്ടാക്കിക്കൊടുത്തു. ഈ വിഷയം വളരെ നിസ്സാരമായി അവഗണിക്കാൻ പാടില്ല. ഇത് നിർഭാഗ്യകരമായ സംഭവമാണ്. കേരളത്തിലെ പൊതുജനങ്ങളുടെ പണം, പൊതുജനാവിൽനിന്ന് 374 കോടി രൂപയുടെ നഷ്ടം ഉണ്ടായതാണ്. പ്രിയപ്പെട്ട സഖാക്കൾ ഒരു കാര്യം മനസ്സിലാക്കണം. ഈ സംഗതി സംബന്ധിച്ച് ഇവിടെ അല്ലെങ്കിൽ പാർട്ടിക്കകത്ത് പോയി പരിശോധിക്കണം. ഇവിടെ നിങ്ങൾക്ക് ഇങ്ങനെയല്ലേ ഇരിക്കാൻ പറ്റൂ? ഇടയ്ക്ക് ബഹളം വച്ചു, ശ്രീ.പി.ടി. തോമസ് പ്രസംഗിക്കുമ്പോൾ ഒന്ന് ചാടി, ഇങ്ങനെ വരുത്തിത്തീർക്കാനല്ലേ നിങ്ങൾക്ക് പറ്റൂ? ഈ വിഷയം സംബന്ധിച്ച് സത്യസന്ധമായി വിലയിരുത്തി പരിശോധിച്ചുനോക്കിയാൽ നിങ്ങൾക്ക് ഈ കാര്യത്തിൽ അബദ്ധം പറ്റിയെന്നും തെറ്റുപറ്റിയെന്നും മനസ്സിലാക്കാൻ യതൊരു പ്രയാസവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രകാശ് കാരാട്ട് വരെ ശ്രീ. പിണറായി വിജയനെ ന്യായീകരിക്കാൻ പുറത്തിറങ്ങാത്ത ഒരു സാഹചര്യമുണ്ട്. ഇത് ഏതായാലും നിർഭാഗ്യകരമായ ഒരു സംഗതിയാണ്. വളരെ വലിയ നഷ്ടമാണ്. ജനങ്ങളോട് കാണിച്ച വലിയ ക്രൂരതയാണ്. ഈ നഷ്ടം നികത്താൻ സി.പി.ഐ.(എം) എന്ന പാർട്ടി ബാദ്ധ്യസ്ഥമാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാന്യനായ എം. എം. ഹസ്സൻ റൂൾ 58 അനുസരിച്ച് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരള സംസ്ഥാനത്തിന് 374 കോടി രൂപയുടെ നഷ്ടം വരുത്തിവച്ച ഒരു പദ്ധതി പ്രവർത്തനത്തെ സംബന്ധിച്ച് സി.ആന്റ് എ.ജി. നൽകിയ റിപ്പോർട്ടാണ് ഇന്നത്തെ ചർച്ചയ്ക്ക് ആധാരം. സി.ആന്റ് എ.ജി.യുടെ റിപ്പോർട്ട് പരിപാവനമായ ഡോക്കുമെന്റായിട്ടാണ് കണക്കാക്കപ്പെടുന്നത്. രാഷ്ട്രീയ പക്ഷഭേദമില്ലാതെ സ്വതന്ത്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാനായി കോൺസ്റ്റിറ്റ്യൂഷണലായി അധികാരപ്പെടുത്തിയിരിക്കുന്ന ഒരു അധികാരിയാണ് സി. ആന്റ് എ.ജി. എന്നു പറയുന്ന ഉദ്യോഗസ്ഥൻ. മുൻകാലങ്ങളിൽ ഏത് അധികാരസ്ഥാനത്തെക്കുറിച്ച് നെഗറ്റീവായി റിപ്പോർട്ട് വന്നിട്ടുണ്ടോ. അവർ രാജി വയ്ക്കണമെന്ന് മുറവിളി കൂട്ടിയിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇപ്പോൾ സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ ലാവ്‌ലിൻ ഇടപാടുമായി ബന്ധപ്പെട്ട് ഉണ്ടായ നഷ്ടത്തെ സംബന്ധിച്ച് ഓരോന്നോരോന്നായി അക്കമിട്ട് അക്കമിട്ട് പറയുന്നുണ്ട്. സി.ആന്റ് എ.ജി.യുടെ റിപ്പോർട്ടിലെ 67-ാം നമ്പർ പേജിൽ, Failure to exclude fee for technical consultancy from fixed price contracts resulted in avoidable payment of 20.31 crores. അതിനുശേഷം ഓരോ പേജിലും ഓരോ തരത്തിലുമുണ്ടായ നഷ്ടത്തെക്കുറിച്ച് അക്കമിട്ട് പറയുന്നുണ്ട്. അങ്ങനെ കൂട്ടിനോക്കുമ്പോൾ ഏതാണ്ട് 124 കോടി രൂപയുടെ നഷ്ടം വൈദ്യുതി ബോർഡിന് ഈ ഇടപാടുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. 374 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ, അത് ക്യാൻസർ ആശുപത്രിയുടെ പേരിലാകട്ടെ അല്ലെങ്കിൽ മറ്റെന്തുമാകട്ടെ, 100 കോടി രൂപയുടെ ഇനാം നൽകാമെന്ന് പറയുമ്പോൾ അതിൽ എന്തോ കുഴപ്പമുണ്ടെന്ന് സാമാന്യ ബോധമുള്ളവർക്ക് മനസ്സിലാകും. പക്ഷേ അത് കിട്ടുന്നത് സ്വന്തം പാർട്ടിക്കോ സ്വന്തക്കാർക്കോ ആണെങ്കിൽ അത് ഉണ്ടായിക്കോട്ടേയെന്ന് തീരുമാനിച്ച, ആ ലക്ഷ്യംവച്ചുകൊണ്ട് ഒരു മന്ത്രിയുടെ നേതൃത്വത്തിൽ കൺസൾട്ടൻസി എഗ്രിമെന്റിലേയ്ക്ക് പോയിട്ടുണ്ടെങ്കിൽ ആ പണം തിരിച്ചുപിടിക്കാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്. ശ്രീ. പിണറായി വിജയനെ ന്യായീകരി ക്കാൻ ശ്രീ. കെ. പി. രാജേന്ദ്രന് കഴിഞ്ഞിട്ടില്ല. അദ്ദേഹം ഒരു വാക്കുപോലും ശ്രീ. പിണറായി വിജയനെക്കുറിച്ചോ എസ്.എൻ.സി. ലാവ്‌ലിനെക്കുറിച്ചോ പറഞ്ഞിട്ടില്ല. സി.പി.ഐ.യുടെ അഭിപ്രായമെന്താണെന്ന് ഇന്ന് പറയുമെന്ന് ശ്രീ. കെ. ഇ. ഇസ്മയിൽ പറഞ്ഞിരുന്നു. പലചരക്ക് കച്ചവടത്തെക്കുറിച്ചാണ് സി.പി.ഐ. ഇന്ന് അഭിപ്രായം പറഞ്ഞത്. സി.പി.ഐ.ക്കുപോലും ന്യായീകരിക്കാൻ കഴിയാത്ത വിധത്തിൽ വലിയൊരു നഷ്ടമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ഉണ്ടാക്കിവച്ചത്. ഇതിന് ഉത്തരവാദി ആരെന്ന് വളരെ വ്യക്തമാണ്. മലയിലെ പ്രസംഗംപോലെ വലിയ സിദ്ധാന്തം പറഞ്ഞുകൊണ്ടുനടക്കാൻ മാർക്സിസ്റ്റ് പാർട്ടി എന്നും വിരുത് കാണിച്ചിട്ടുണ്ട്. പാവപ്പെട്ടവനുവേണ്ടിയും തൊഴിലാളികൾക്കു വേണ്ടിയും വിപ്ലവത്തിനുവേണ്ടിയും നിലകൊണ്ടിട്ടുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം ഇന്ന് പണത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്ന ലജ്ജാകരമായ ഒരു സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുന്നു. ശ്രീ. പിണറായി വിജയന്റെ കേരള യാത്രയിൽ സംഭവിച്ചത് എന്താണ്? പണക്കാരെ വിളിച്ചുകൂട്ടി പണം സമ്പാദിക്കാനുള്ള ഒരു മാർഗ്ഗമായി കേരളയാത്രയെ മാറ്റിയെങ്കിൽ, മാർക്സിസ്റ്റ് പാർട്ടിയുടെ കേരള ഘടകം 4500 കോടി രൂപയുടെ സ്വത്ത് സമ്പാദിച്ചിട്ടുണ്ടെന്ന് ഇക്കണോമിക് ടൈംസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ 4500 കോടി രൂപ എവിടെന്ന് വന്നുവെന്നതിന്റെ ഒരു ചെറിയ സൂചന മാത്രമാണ് ഈ ലാവ്‌ലിൻ കേസിൽ ഉണ്ടായിട്ടുള്ള നഷ്ടമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ വലിയൊരു നഷ്ടം സംഭവിക്കാനിടയാക്കിയ ഈ പ്രശ്നത്തെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് യാതൊന്നും പറയാനില്ല. മുൻകാലങ്ങളിൽ സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിലൂടെ ഉണ്ടായ ആരോപണങ്ങളിലൊക്കെ ബന്ധപ്പെട്ട ആളുകൾ രാജി വയ്ക്കണമെന്നുപറഞ്ഞ് സമരം നടത്തുകയായിരുന്നു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പാമോലിൻ കേസിൽ സുപ്രീം കോടതിയിൽ പോയിരിക്കുകയാണ്. പക്ഷേ ഈ കേസ് വന്നപ്പോൾ അവിടെയൊന്നും തൊടാതെ, അക്കാര്യങ്ങളെക്കുറിച്ചൊന്നും പറയാതെ, നേതൃത്വത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാതെ, വന്ന പിഴവിനെ ന്യായീകരിച്ചുകൊണ്ടിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടി നേതൃത്വം കേരള സംസ്ഥാനത്തെ മാർക്സിസ്റ്റ് പാർട്ടിയുടെ ഏറ്റവും ഉന്നത സ്ഥാനം വഹിക്കുന്ന ശ്രീ. പിണറായി വിജയൻ ആ സ്ഥാനത്തിരിക്കാൻ ഇനിയും അർഹതയുണ്ടോയെന്നുള്ള കാര്യം പാർട്ടി കമ്മിറ്റികളിൽ ചോദിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. എസ്.എൻ.സി. ലാവ്‌ലിൻ കേസ്സിനിടയായ ഈ പദ്ധതിക്ക് റിപ്പയേഴ്സ് മാത്രം മതിയെന്ന് നേരത്തേ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തതാണ്. 100 കോടി രൂപയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് നടപ്പിലാക്കാതെ കൂടുതൽ തുക ചെലവാക്കി അതിൽനിന്ന് പണം സമ്പാദിക്കുക എന്ന ഒറ്റ ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള നഷ്ടം കോമ്പൻസേറ്റ് ചെയ്യാൻ മാർക്സിസ്റ്റ് പാർട്ടിക്ക് ഉത്തരവാദിത്വമുണ്ടെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എൻ. രാജൻബാബു: സർ, ബഹുമാന്യനായ എം. എം. ഹസ്സൻ റൂൾ 58 അനുസരിച്ച് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പൊതു ഖജനാവിലെ പണം അതി സൂക്ഷ്മതയോടും ഉത്തരവാദിത്വബോധത്തോടും കൈകാര്യം ചെയ്യുന്നതിൽ സി.പി.ഐ(എം) വരുത്തിയ വീഴ്ചയുടേയും അഴിമതിയുടേയും ആഴം മനസ്സിലാക്കിത്തരുന്നതാണ് സി.ആന്റ് എ.ജി.യുടെ റിപ്പോർട്ട്. കേരളം ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ കുംഭകോണമാണ് ഇവിടെ നടന്നിട്ടുള്ളത്. ഒരു പാർട്ടിയുടെ അത്യുന്നത അമരക്കാരനെ കയ്യോടെ പിടിക്കപ്പെട്ടിരിക്കുന്നു. ബോഫോഴ്സ്, പഞ്ചസാര കുംഭകോണം, യൂറിയ കുംഭകോണം തുടങ്ങിയ കേസ്സുകളിൽ സി ആന്റ് എ.ജി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലപാടെടുക്കുന്ന സി.പി.ഐ(എം)-ഉം എൽ.ഡി.എഫ്-ഉം ലാവ്‌ലിൻ കേസ്സിൽ എന്തുകൊണ്ട് അതേ മാതൃക പിന്തുടരാൻ സന്നദ്ധമാകുന്നില്ല. ഇടക്കാല റിപ്പോർട്ട് വന്നപ്പോൾ അവസാന റിപ്പോർട്ട് വരട്ടെയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ പറഞ്ഞത്. ഇപ്പോൾ അവസാന റിപ്പോർട്ട് വന്നിരിക്കുന്നു. സി.പി.ഐ.യുടെ നിലപാട് എങ്ങുംതൊടാതെ പറയുകയുണ്ടായി. സി.പി.ഐ(എം)-ന്റെ നിലപാട് എന്താണ്? ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തേയും ആരോപണങ്ങളേയും നിഷേധിച്ചില്ല എന്നുള്ള ഒറ്റക്കാരണംകൊണ്ട് അവർ അംഗീകരിച്ചിരിക്കുകയാണ്. ഇവിടെ 374 കോടി രൂപ പാഴാക്കിയിരിക്കുകയാണ്. ശ്രീ.കാർത്തികേയൻ കുറ്റക്കാരനല്ലേയെന്നാണ് അവർ ചോദിക്കുന്നത്.

അവർക്ക് ഏറ്റവും കൂടുതൽ പറയാനുള്ളത് ശ്രീ. ജി. കാർത്തികേയൻ കുറ്റക്കാരനാണ് എന്നുള്ളതാണ്. എന്തുകൊണ്ട് കാർത്തികേയൻ കുറ്റകാരനാകണം? ഇവിടെ ഷട്ട്ഡൗൺ കൊണ്ടും ബ്രേക്ക്ഡൗൺ കൊണ്ടും വൈദ്യുതിക്ഷാമം ഉള്ള അവസരത്തിൽ ആ റിപ്പോർട്ടുകളനുസരിച്ച് മെമ്മോറാണ്ഡം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പിടാൻ തയ്യാറായി. ഇടുക്കി പദ്ധതിയിലും കുറ്റ്യാടിയിലും ലാവ്‌ലിന്റെ സഹകരണം തേടിയത് അനുസരിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.ഒ.യു. ഒപ്പിടുക മാത്രമാണ് ചെയ്തത്. ആ എം.ഒ.യു ഒപ്പിട്ടത് തെറ്റായിരുന്നുവെങ്കിൽ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയ എം.ഒ.യു-വും സെറ്റിൽമെന്റും വേണ്ട എന്ന് വയ്ക്കണമായിരുന്നു. അവർക്ക് ഇനിയും ശ്രീ. കാർത്തികേയനെതിരെ ആരോപണം പറയാൻ ഒക്കില്ല. കാരണം ശ്രീ. കാർത്തികേയൻ എടുത്ത നടപടികൾ അംഗീകരിച്ച് മുന്നോട്ടു പോയപ്പോൾ ഇനിയും അതിനെ സംബന്ധിച്ച് അവർക്ക് എതിർക്കാൻ ന്യായമില്ല. എം.ഒ.യു. ഒപ്പിട്ടതിലും consultant-നെ appoint ചെയ്തതിലും pecuniary loss-ഓ സംസ്ഥാന ഖജനാവിൽ pecuniary advantage-ഓ ഉണ്ടായിട്ടില്ല. ആ loss-ഉം pecuniary advantage-ഉം ഒക്കെ ഉണ്ടായിരിക്കുന്നത് അതിനുശേഷംവന്ന ശ്രീ. പിണറായി വിജയൻ കാനഡയിൽ പോയി എഗ്രിമെന്റ് ഒപ്പിട്ടതിനുശേഷമാണ്. ആ എഗ്രിമെന്റുതന്നെ ഏതാണ്ട് 648 ശതമാനം അംഗീകൃത നിരക്കിനേക്കാൾ കൂടുതലാണ്. 56.75 കോടി രൂപയ്ക്ക് തീർക്കേണ്ട കരാർ 316 കോടി രൂപ കൂടുതൽ കൊടുത്തു. അഴിമതി അല്ലാതെ പിന്നെ എന്താണ്? പള്ളിവാസൽ പദ്ധതിക്ക് 37.5 മെഗാവാട്ട് ഉണ്ടായിരുന്നത് 30 മെഗാവാട്ട് ആയി കുറഞ്ഞു. ശെങ്കുളത്ത് 48 മെഗാവാട്ട് ഉണ്ടായിരുന്നത് 39 മെഗാവാട്ട് ആയി കുറഞ്ഞു. അതുപോലെ പന്നിയാർ 30 മെഗാവാട്ട് ഉണ്ടായിരുന്നത് 22 മെഗാവാട്ട് ആയിട്ട് കുറഞ്ഞു. ഗുണനിലവാരം പാലിച്ചില്ല. ആഗോള ടെന്റർ വിളിച്ചില്ല. ഇതിന് ആരാണ് ഉത്തരവാദി? അതേ 374 കോടി രൂപയുടെ ഇടപാടിൽ 100 കോടി രൂപ എന്തുകൊണ്ട് നൽകുന്നു?

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ ഇതിൽ അഴിമതി ഉണ്ട് എന്നുള്ളതാണ്. Man may lie but circumstances will never lie. ഇവിടെ സാഹചര്യം കൊണ്ടുതന്നെ കാണിക്കുന്ന അഴിമതിയാണ്. ഈ പ്രശ്നം സി.ബി.ഐ.ക്ക് വിടേണ്ടതാണ്. മിനിസ്റ്റർ ഒരു പബ്ലിക് സർവന്റ് ആണെന്ന് കരുണാനിധി കേസ്സിലും ആന്ധ്രയുടെ കേസ്സിലും സുപ്രീം കോടതി തന്നെ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ആ പബ്ലിക് സർവന്റായ മിനിസ്റ്റർ തന്റെ പൊസിഷൻ abuse ചെയ്തുകൊണ്ട് സ്വന്തമായിട്ടും മറ്റുള്ളവർക്കും pecuniary advantage ഉണ്ടാക്കത്തക്ക വിധത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇൻഡ്യയ്ക്ക് വെളിയിൽ നടന്ന ഇടപാടുകളായതുകൊണ്ട് കേരളത്തിലെ പോലീസുകാർ ചോദ്യം ചെയ്താൽ അതിന്റെ അന്വേഷണം എളുപ്പത്തിൽ പൂർത്തീകരിക്കില്ല. മറ്റു രാജ്യങ്ങളിൽ നടന്നതുകൊണ്ട് ഇത് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം. കാരണം ഇത് Prevention of Corruption Act-ന്റെ പരിധിയിൽ വരുന്ന വ്യക്തമായ കേസാണ്. സെക്ഷൻ 13 പ്രകാരം A public servant is said to commit the offence of criminal misconduct by abusing his position as a public servant, obtains for himself or any other person any valuable thing or pecuniary advantage. ഇവിടെ ശ്രീ. പിണറായി വിജയൻ മിനിസ്റ്ററാണ്. പബ്ലിക് സർവന്റാണ്. position abuse ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്ക് pecuniary advantage- ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ചെയ്തിട്ടുണ്ട്. സ്വന്തമായി നേട്ടം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിച്ചുകൊണ്ട് ഇതിന്റെ സത്യം പുറത്തുകൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എ .എ. അസീസ്: സർ, റൂൾ 58 അനുസരിച്ച് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഈ പ്രമേയം തന്നെ അപ്പുറത്തെ അനൈക്യം തെളിയിക്കുന്നതാണ്. അതിനു കാരണമുണ്ട്. ശ്രീ. എം. എം. ഹസ്സൻ പ്രമേയം അവതരിപ്പിച്ചതിന്റെ തലേനാൾ ശ്രീ. എം. എം. ഹസ്സന്റെ നേതാക്കൾ ഉൾപ്പെടെയുള്ള കാര്യോപദേശക സമിതി ഈ വിഷയം ചർച്ച ചെയ്യണ്ട എന്ന് തീരുമാനിച്ചതാണ്. ഇത്രയും വലിയ ഹിമാലയം പോലുള്ള ഒരു അഴിമതി മൂടിവയ്ക്കാൻ നിങ്ങളുടെ നേതാക്കൻമാർ ചർച്ച ചെയ്യണ്ട എന്ന് കാര്യോപദേശക സമിതിയിൽ തീരുമാനം എടുക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് നിങ്ങൾക്കറിയില്ല. ചർച്ച ചെയ്യണ്ട എന്ന് അവർ സമ്മതിച്ചതുതന്നെ ചർച്ച ചെയ്താൽ നിങ്ങളിൽപ്പെട്ട പല ആളുകളുടേയും പുറത്ത് ചെളിതെറിക്കും എന്നുള്ളതുകൊണ്ടാണ്. ശ്രീ. എം. എം. ഹസ്സന് ഇപ്പോൾ ഒരു ഉദ്ദേശമുണ്ട്. ആ ഉദ്ദേശം ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. എന്താണെന്ന് ചോദിച്ചാൽ ശ്രീ. എം. എം. ഹസ്സൻ നിങ്ങളിൽത്തന്നെ ചില ആളുകളെ ഉന്നം വച്ചിട്ടുണ്ട്. പാവംപിടിച്ച ശ്രീ. ജി. കാർത്തികേയനെ ക്രൂശിക്കണമോ? പാവം പിടിച്ച ശ്രീ. കടവൂർ ശിവദാസനെ ക്രൂശിക്കണമോ? നിങ്ങൾ ശ്രീ. പിണറായി വിജയന്റെ മേലിൽ വാരിയെറിയുന്ന ചെളി തെറിച്ച് ഈ രണ്ട് ആളുകളുടേയും ഇവിടെയില്ലാത്ത ശ്രീ എ.കെ ആന്റണിയുടേയും പുറത്താണ് വീഴുന്നത് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. ഈ കരാർ ഉണ്ടാക്കിയത് ശ്രീ. ജി. കാർത്തികേയന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുതന്നെയാണ്. ശ്രീ. ജി. കാർത്തികേയൻ കരാർ ഉണ്ടാക്കിയശേഷം നിങ്ങളുടെതന്നെ മറ്റൊരു മന്ത്രി വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തു. സാക്ഷാൽ ശ്രീ. കടവൂർ ശിവദാസൻ. ഒരു വ്യത്യാസമേയുള്ളൂ. ഒരാൾ 'ഐ' ആയിരുന്നു. ഒരാൾ 'എ' ആയിരുന്നു. അന്ന് ശ്രീ. കെ. കരുണാകരന്റെ ആളായിരുന്നു ശ്രീ. കടവൂർ ശിവദാസൻ ശ്രീ. ജി. കാർത്തികേയൻ ശ്രീ. ആന്റണിയുടെ ആൾ ആയിരുന്നു. ഇത്രയും വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. ഏതായാലും ഒരു യോജിപ്പിലെത്താൻ കഴിഞ്ഞില്ല. ശ്രീ. ജി. കാർത്തികേയൻ തിരുത്തൽവാദിയോ വേറെ വാദിയോ ആയിരിക്കാം. നിങ്ങളുടെ അനൈക്യം തന്നെ ഈ കരാർ തെളിയിക്കുന്നു. യു.ഡി.എഫ് ഉണ്ടാക്കിയ കരാറാണ്. ആ കരാർ നടപ്പാക്കുക മാത്രമാണ് എൽ.ഡി.എഫ് ചെയ്തത്.

ശ്രീ. എം. എം. ഹസ്സൻ : യു.ഡി.എഫിന്റെ കരാർ നടപ്പിലാക്കുന്ന ജോലിയാണോ എൽ.ഡി.എഫ് ചെയ്യുന്നത്?

ശ്രീ. എ. എ. അസീസ്: ഗവൺമെന്റ് ഗവൺമെന്റ് തന്നെയാണ്. ഇപ്പോൾ 10 കൊല്ലത്തെ വികസന പ്രവർത്തനമാണല്ലോ ബഡ്ജറ്റിൽ വകയിരുത്തിയത്. നിങ്ങൾ ഇറങ്ങിപ്പോകുന്ന ദിവസമാണല്ലോ മൂന്നു രൂപയ്ക്ക് അരി വന്നത്. നിങ്ങൾ ഇറങ്ങിപ്പോകുന്ന ദിവസമാണല്ലോ രാജ്യത്തെ മുഴുവൻ ആളുകളേയും ഇൻഷ്വർ ചെയ്യാൻ തീരുമാനിച്ചത്. നിങ്ങൾ തിരിച്ചു വരുമെന്ന് ഉറപ്പുണ്ടോ? തൊഴിലാളി വർഗ്ഗത്തിന്റേയും പാവപ്പെട്ടവരുടേയും പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാനവും. നിങ്ങൾ കമ്മീഷൻ വാങ്ങുന്ന പ്രസ്ഥാനമാണ്. അഴിമതിക്കാർ ആരാണെന്ന് ഏതാനും ദിവസം കഴിയുമ്പോൾ ജനം തീരുമാനിക്കും. നിങ്ങളെ തൂത്തെറിഞ്ഞുകൊണ്ട് ആരാണ് അഴിമതി നടത്തുന്നതെന്ന് തെളിയിക്കപ്പെടും. അതുകൊണ്ട് നിങ്ങൾ ഉമ്മാക്കി കാട്ടി തടുക്കാമെന്ന് വിചാരിച്ചാൽ നടക്കാൻ പോകുന്നില്ല. ഇത് മാത്രമാണ് എനിക്ക് ഈ അവസത്തിൽ പറയാനുള്ളത്. ഞാൻ നിർത്തുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ലാവ്‌ലിൻ കേസിനെ സംബന്ധിച്ചിടത്തോളം 35 എം.എൽ.എ.മാർ ഒപ്പിട്ട് അന്നത്തെ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തു. ഒരു ജുഡീഷ്യൽ എൻക്വയറി നടത്തിയിരുന്നെങ്കിൽ റൂൾ 58 അനുസരിച്ച് ഈ ചർച്ച ഇവിടെ നടക്കേണ്ടിവരുമായിരുന്നില്ല. മുത്തങ്ങ വെടിവയ്പ് നടന്നപ്പോൾ ശ്രീ. ആന്റണി നിസ്സംഗനായി. ആ ഘട്ടം ഉപയോഗിച്ചുകൊണ്ട് വീണ്ടും സമ്മർദ്ദം ചെലുത്തി. ജുഡീഷ്യൽ എൻക്വയറി ഇല്ലെങ്കിൽ വിജിലൻസ് എൻക്വയറിയെങ്കിലും ആകണമെന്ന് പറഞ്ഞു. വിജിലൻസ് എൻക്വയറി നടത്തി എന്ന് പറയുന്നു. എ.ജി.യുടെ റിപ്പോർട്ടിൽ ആഡിറ്റ് പാര വരുമ്പോൾ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് സ്വാഭാവികമായിട്ടും മറുപടി കൊടുക്കാറുണ്ടോ? ഞാൻ രണ്ടുമൂന്നു വർഷം പി.എ.സി. മെമ്പറായിരുന്നു. പി.എ.സി.യുടെ റിപ്പോർട്ട് വായിച്ചാൽ അറ്റുറത്തിരിക്കുന്ന എല്ലാവരുടേയും പേരിൽ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടും. പക്ഷേ ഉത്തരവാദപ്പെട്ട ആരും മറുപടി കൊടുക്കാറില്ല. ഈ നിയമസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

അവസാന ദിവസത്തെ ഏറ്റവും നല്ല മുഹൂർത്തത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ മുൻപിൽ രാഷ്ട്രീയക്കാരൊക്കെ മോശക്കാരാണെണ് വരുത്താൻ നിങ്ങൾ നൽകിയിട്ടുള്ള ചർച്ചയാണിത്. ശ്രീമാൻ എം.എം. ഹസ്സനോട് ഞാൻ പറയുന്നത്, രാഷ്ട്രീയത്തിൽ തെറ്റ് ചെയ്യാത്തവരുണ്ട്; ശരിയായ മാർഗ്ഗത്തിലൂടെ യാത്ര ചെയ്യുന്നവരുണ്ട്. ധാരാളം ആക്ഷേപങ്ങൾ കേട്ടിട്ടുണ്ട്. ഇവിടെ ഉണ്ടായത് ഈ കമ്പനി ധാരാളം വർക്ക് ചെയ്തു; ഗുഡ്‌വിൽ ഉണ്ടായി. മുഖ്യമന്ത്രി നായനാർ കാനഡയിൽ പോയപ്പോൾ കണ്ണൂരിൽനിന്നും ആർ.സി.സി.യിൽ വന്ന രോഗികൾ മന്ത്രിയോട് സഹായം ചോദിച്ചു. സഹായം നൽകി. ഒരു പക്ഷേ സഹായം ചെയ്ത വ്യക്തികളുടെ വീട്ടിൽ പോയതുപോലെ നായനാർ കൊണ്ടുപോയില്ല. കണ്ണൂരിൽ കൊണ്ടുപോയി ബോഫോഴ്സ് സ്ഥാപിച്ചു. അവിടെ ഒരു ക്യാൻസർ ഇൻസ്റ്റിട്യൂട്ട് വന്നതിന് 100 കോടി രൂപയുടെ മാറ്റമുണ്ടായി എന്നൊക്കെ പറയുന്നത് ശരിയല്ല. ഈ പതിനൊന്നാം കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്രയും മോശമായ ഒരു ചർച്ചയ്ക്ക് നേതൃത്വം കൊടുക്കാൻ ആദ്യത്തെ പാർലമെന്ററി മന്ത്രിയായിരുന്ന ശ്രീ. എം. എം. ഹസ്സൻ തുനിഞ്ഞതിൽ എനിക്ക് ദു:ഖമുണ്ട്. അദ്ദേഹത്തിന് പിന്നീടെങ്കിലും വേദന തോന്നുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ശ്രീ. എം.എം. ഹസ്സൻ ഈ പ്രമേയം അവതരിപ്പിച്ചതോടുകൂടി ഒരു മല എലിയെ പ്രസവിച്ച പ്രതീതിയാണ് ഇപ്പോൾ ഇവിടെ ഉണ്ടായത്. ഈ ഗവൺമെന്റ് വന്ന കാലം മുതൽ പ്രചരിപ്പിക്കാൻ തുടങ്ങിയതല്ലേ എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച്? ഒരു പുകമറ സൃഷ്ടിക്കുകയായിരുന്നു ഇവരുടെ ഉദ്ദേശം. ഈ സഭ പിരിയാൻ പോകുന്ന ഈ ദിവസം ഈ ചർച്ച എടുത്തതുതന്നെ രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയല്ലേ? അടുത്ത ഇലക്ഷന് പ്രചരണത്തിനു വേണ്ടിയുള്ള ഒരു കേളികൊട്ട് നടത്താൻ വേണ്ടിയാണ് ഈ സഭയുടെ വിലപ്പെട്ട സമയം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ ഇവർക്ക് ആടിനെ പട്ടിയാക്കണം, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ചർച്ച ഇവിടെ സംഘടിപ്പിച്ചത്. ഇവർ ധരിക്കുന്നത് ഒരു കളവ് 100 പ്രാവശ്യം പറഞ്ഞാൽ അത് സത്യമാണെന്ന് ആളുകൾ വിശ്വസിച്ചുകൊള്ളും എന്നാണ്. ആ പ്രമാണം അനുസരിച്ചാണ് ഇവിടെ ശ്രീ. എം. എം. ഹസ്സൻ മുതൽ ശ്രീ. പി. ടി. തോമസ് വരെയുള്ള ആളുകൾ ഇവിടെ പ്രചരിപ്പിച്ചത്. ശ്രീ. ഹസ്സൻ ഇത്ര ക്രൂരനാണെന്ന് ഞാൻ മനസ്സിലാക്കിയിട്ടില്ല. അദ്ദേഹം പ്രസംഗം ഉപസംഹരിച്ച് പറഞ്ഞു ഇതിൽ പ്രോസിക്യൂഷൻ നടപടിയെടുക്കണം. ഇതിന്റെ അർത്ഥമെന്താണ്? തൊട്ടടുത്തിരിക്കുന്ന ശ്രീ. ജി. കാർത്തികേയന്റെ കൈയ്ക്ക് വിലങ്ങ് വയ്ക്കണമെന്ന് സമർത്ഥിക്കുകയാണ് ശ്രീ. ഹസ്സന്റെ പ്രസംഗത്തിൽ ചെയ്തത്. ശ്രീ. പി. ടി. തോമസിന് ശ്രീ. കാർത്തികേയനോട് ഇത്ര വലിയ വിരോധമുണ്ടെന്ന് ഇന്നാണ് എനിക്ക് മനസ്സിലായത്. ശ്രീ. പി. ടി. തോമസ് പറഞ്ഞു; ശ്രീ. പിണറായി വിജയൻ കാനഡയിൽ പോയി, സിറ്റ്സർലന്റിൽ പോയി, സ്വീഡനിൽ പോയി, നോർവയിൽ പോയി എന്നൊക്കെ; ആരാണ് പോയത്? പി.എ.സി. റിപ്പോർട്ട് 2004-2005 പറയുന്നത് എന്താണ്? "The Minister of Electricity

LIBRARY ARCHIVES Kerala Legislative Assembly

undertook a tour to Canada, Switzerland, Sweden, Norway, USA and U.K from 30th September 1995 to 23 October 1995." ആരാണ് ഈ കാലത്ത് മന്ത്രി? 1995-ൽ ശ്രീ. പിണറായി വിജയനാണോ മന്ത്രി? ശ്രീ. കാർത്തികേയൻ പോയ ഒരു ടൂർ പ്രോഗ്രാമിന് ശ്രീ. പിണറായി വിജയനാണ് പോയത് എന്ന് സ്ഥാപിച്ചുകൊണ്ടാണ് ഇവിടെ പ്രസംഗം ചെയ്തത്. അതാണ് അപ്പുറത്ത് നടത്തിയ എല്ലാ പ്രസംഗങ്ങളുടേയും അടിസ്ഥാന ശില എന്ന് ഇവിടെ സ്ഥാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(.....ബഹളം.....)

എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ വിശദീകരണം ചോദിച്ച ഘട്ടത്തിൽ സി. ആന്റ് എ.ജി. യുടെ പ്രിലിമിനറി റിപ്പോർട്ട് എല്ലാ പത്രങ്ങളിലും വന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, റൂൾ 303 അനുസരിച്ച് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

ഇവിടെ എന്റെ പ്രസംഗത്തിൽ ബഹുമാന്യനായ മുൻ വൈദ്യുതി മന്ത്രി ശ്രീ. പിണറായി വിജയൻ കാനഡ, സ്വിറ്റ്സർലന്റ്, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ പോയതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ സ്വീഡൻ എന്നോ നോർവ്വേ എന്നോ ഒരു വാക്ക് ഉപയോഗിച്ചിട്ടില്ല. എന്റെ പ്രസംഗം തെറ്റായ രീതിയിൽ ശ്രീ. കോടിയേരി ചിത്രീകരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതാണ് ഞാൻ പറഞ്ഞത്, പോയത് ആരാണെന്ന് പി.എ.സി. റിപ്പോർട്ടിൽ പറയുന്നുണ്ട്. എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച് സി. ആന്റ് എ.ജി. യുടെ പ്രിലിമിനറി റിപ്പോർട്ട് കെ.എസ്.ഇ.ബി.-യോട് വിശദീകരണം ചോദിച്ച ഘട്ടത്തിൽത്തന്നെ ഇത് എല്ലാ പത്ര മാധ്യമങ്ങളിലും ചോർത്തിക്കൊടുത്തില്ലേ? ആരാണ് ഈ റിപ്പോർട്ട് ചോർത്തിക്കൊടുത്തത്? ഈ റിപ്പോർട്ട് കെ.എസ്.ഇ.ബി. യുടെ ചെയർമാനും പവർ സെക്രട്ടറിക്കുമല്ലാതെ ആർക്ക് കിട്ടി? ആ റിപ്പോർട്ട് മന്ത്രിയാണ് പത്രങ്ങൾക്ക് ചോർത്തിക്കൊടുത്തത്. ഇത് രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി ആദ്യം മുതലേ ഈ വിവാദം സംഘടിപ്പിക്കുക എന്നുള്ളതിന് തെളിവല്ലേ? കേരള അക്കൗണ്ടന്റ് ജനറൽ ശ്രീ. അരവിന്ദ് കെ. അവാസ്തി ഇതിൽ ഒപ്പിട്ടത് 2006 ജനുവരി 31-നാണ്. സി ആന്റ് എ.ജി. വിജയേന്ദ്ര എൻ കൗൾ ഒപ്പിടുന്നത് 2006 ഫെബ്രുവരി 3-നാണ്. ജനുവരി 31-ന് ഇവിടെനിന്ന് ഒപ്പിട്ടത് വിമാനത്തിൽ അവിടെ എത്തിച്ച് ഒപ്പുവാങ്ങിക്കൊണ്ടുവരാൻ ഇടയായത് എന്ത് ഉദ്ദേശത്തിലാണ്? ഫെബ്രുവരി 13-ന് സഭയുടെ മേശപ്പുറത്ത് ഈ റിപ്പോർട്ട് വയ്ക്കുന്നു. ഇങ്ങനെ ഒരു റിപ്പോർട്ട് ഇതിന് മുമ്പ് എപ്പോഴെങ്കിലും വച്ചിട്ടുണ്ടോ? സാധാരണ ഈ റിപ്പോർട്ട് വയ്ക്കാറുള്ളത് ജൂൺ-ജൂലൈ മാസത്തിൽ ചേരുന്ന സഭാസമ്മേളനത്തിൽ അല്ലേ? ഇപ്പോൾ ഇത് വച്ചത് ജനങ്ങൾക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയോടുകൂടി മനസ്സിലായില്ലേ? കേരളത്തിൽ യു.ഡി.എഫ്.-നെ അനുകൂലിക്കുന്ന ഒരു പത്രത്തിൽ ഒരു ലേഖകൻ എഴുതിയിട്ടുള്ള കുറേ കാര്യങ്ങളുടെ സമാഹാരമാണ് സി. ആന്റ് എ.ജി. റിപ്പോർട്ടായിട്ട് ഇവിടെ പുറത്തുവന്നത്. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ഇങ്ങനെ ചർച്ചചെയ്യുന്ന ഒരു രീതി ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഒരു സന്ദർഭത്തിൽ ഇവിടെ ചർച്ച നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ നേരത്തെ പറഞ്ഞത്. 1994 മാർച്ച് ഒന്നിന് എന്നാണ്. ഞങ്ങൾ ഈ ചർച്ചയെ ഭയപ്പെടുന്നില്ല, അതുകൊണ്ടാണ് ഞങ്ങൾ ഈ ചർച്ചയ്ക്ക് സമ്മതിച്ചത്. ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞു ഈ ചർച്ചയോടുകൂടി കുറ്റ്യാടിയും ബ്രഹ്മപുരവും വച്ച് കുട്ടികൾക്ക് മരുന്ന് കൊടുക്കുന്നതുപോലെ വെള്ളം കൊടുത്തതാണ് എന്ന്. മുസ്ലീം ലീഗിനെ സംബന്ധിച്ച് 201 കോടി രൂപയുടെ അഴിമതി കാണിച്ച കുറ്റ്യാടി അവർക്ക് ഒരു ശർക്കര പോലെയാണ്. ബ്രഹ്മപുരം 400 കോടി രൂപ വിഴുങ്ങിയത് മുസ്ലീം ലീഗിന് ഒരു പഞ്ചസാരയാണ്. ആ അഴിമതി ഒരു അഴിമതിയല്ല എന്നാണ് പറയുന്നത്. ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ട് ചർച്ചചെയ്ത സമയത്ത് ഇപ്പോഴത്തെ മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അന്ന് സഭയിൽ നടത്തിയ ഒരു പ്രസംഗം ഞാൻ ഇവിടെ കാട്ട് ചെയ്യുകയാണ്. അദ്ദേഹം പറഞ്ഞു; ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ട് നിയമ സഭയിൽ വന്നാൽ, അത് ഇവിടെ ലേ ചെയ്താൽ സാധാരണ ഗതിയിൽ ഒരു ചർച്ചയും ഉണ്ടാകാറില്ല. ഒരു ചർച്ചയും ഉണ്ടായതായി ഞാൻ ഓർക്കുന്നില്ല. ഒരുപക്ഷെ നമ്മുടെ സഭയുടെ ചരിത്രത്തിൽ ഇത് ആദ്യത്തെ സംഭവമായിരിക്കും. ഇത് രണ്ടാമത്തെ സംഭവമായി. അങ്ങനെ സി. ആന്റ് എ.ജി. റിപ്പോർട്ട് വന്നാൽ ആ റിപ്പോർട്ട് ചർച്ചചെയ്യുന്ന സമ്പ്രദായം ഇല്ല എന്നുമാത്രമല്ല, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് അത് പി.യു.സി.-ക്ക് പോകുകയാണ് ചെയ്യുക. അങ്ങനെ പി.യു.സി. ക്ക് ചെന്നാൽ പി.യു.സി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് എവിഡൻസ് എടുത്ത് അവരുടെ റിപ്പോർട്ട് സഭയിൽ കൊണ്ടുവരികയാണ് സാധാരണ സമ്പ്രദായം. എന്നാൽ ഈ പ്രശ്നത്തിൽ കാണിക്കുന്നത് മറിച്ചാണ്. ഇവിടെ ഭരണഘടനാപ്രകാരം സി ആന്റ് എ.ജി. നടത്തിയിട്ടുള്ള ആഡിറ്റ് ഭരണഘടനയുടെ ആർട്ടിക്കിൾ 151(2) അനുസരിച്ച് ഗവർണ്ണർ ലേ ചെയ്തു. ഇനിയുള്ള നടപടി പി.യു.സി.ക്ക് പോകലാണ്. അവിടെ എവിഡൻസ് എടുക്കലാണ്. അവിടെ എവിഡൻസ് എടുത്ത് അവരുടെ റിപ്പോർട്ട് വരണം. അതല്ലാതെ സി. ആന്റ് എ.ജി. പറഞ്ഞാൽ അതൊരു ഫൈനൽ വെർഡിക്റ്റ് ആയി. ഇതുവരെ ഈ സഭയിലോ പാർലമെന്റിലോ ഏതെങ്കിലും സഭയിലോ സി. ആന്റ് എ.ജി. റിപ്പോർട്ട് ചർച്ചയ്ക്ക് എടുത്തതായി യാതൊരു അറിവുമില്ല. ഇത് ആര് പറഞ്ഞു, ഇത് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അന്നത്തെ പ്രസംഗമാണ്. പ്രസംഗത്തിൽ ഞാൻ ഒരു വാചകം പോലും ചേർക്കാതെ ഇവിടെ അത് ആവർത്തിക്കുകയാണ് ചെയ്തത്. പ്രസംഗം ശ്രീ. ആര്യാടൻ ഇപ്പോൾ മറന്നുപോയിട്ടുണ്ടെങ്കിൽ നോക്കാൻ എന്റെ കൈയിൽ അങ്ങയുടെ പ്രസംഗം ഉണ്ട്. ഇവിടെ ഈ പ്രശ്നം ചർച്ചചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ സന്തോഷത്തോടുകൂടി സ്വീകരിച്ചു. ഈ പുകമറ സൃഷ്ടിക്കാനുള്ള ശ്രമം തുറന്നുകാട്ടാൻ ഇത് സഹായകരമാകും എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചത്. പള്ളിവാസൽ, പന്നിയാർ, ശെങ്കുളം തുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞത് എന്താണ്? ഇവിടെ ഇതിനെ സംബന്ധിച്ച് പുകമറ സൃഷ്ടിക്കുകയാണ്. ഒന്നാമതായി സി. ആന്റ് എ.ജി. പറഞ്ഞത് ഈ പദ്ധതി നവീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തതിലും എസ്.എൻ.സി. ലാവ്‌ലിന് കരാർ നൽകിയതിൽ അനുശാസിക്കപ്പെട്ട നടപടിക്രമങ്ങളിലും വ്യതിചലനം ഉണ്ടായി എന്നാണ്. ഈ രണ്ടു കാര്യങ്ങളും ആരാണ് ചെയ്തത്? ശ്രീ. പിണറായി വിജയന്റെ കാലത്താണോ ചെയ്തത്, അതോ ശ്രീ. കരുണാകരന്റെ കാലത്താണോനടന്നത്, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണോ നടന്നത്? ഇത് ചെയ്തത് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തല്ല. ഈ പദ്ധതി നവീകരണത്തിന് വേണ്ടി തെരഞ്ഞെടുത്തത് 1995-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അത് തെറ്റാണെന്നാണ് ഇപ്പോൾ സി. ആന്റ് എ.ജി. പറഞ്ഞത്. അപ്പോൾ ആരാണ് തെറ്റ് ചെയ്തത്? ഞങ്ങളാണോ? കരാർ നൽകിയത് എപ്പോഴാണ്? ഞങ്ങളുടെ കാലത്തല്ല, ശ്രീ. കാർത്തികേയന്റെ കാലത്താണ്, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത്. 10-5-1995-ൽ ധാരണാപത്രം ഉണ്ടാക്കി അന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ജി. കാർത്തികേയൻ 24-2-1996-ൽ കരാർ ആക്കിയിട്ട് മാറ്റി. 24-2-96-ൽ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കാർത്തികേയൻ, അന്നും മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി. ഇപ്പോൾ പറയുന്നത് അത് വെറും കൺസൾട്ടൻസി കരാർ ആയിരുന്നു. ആ കൺസൾട്ടൻസി കരാർ നിങ്ങളാണ് കോൺട്രാക്ട് കരാർ ആക്കി മാറ്റിയത് എന്നൊക്കെയാണ് ഇവിടെ അവർ സമർത്ഥിക്കാൻ ശ്രമിക്കുന്നത്. 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കരാർ ഉറപ്പിച്ചപ്പോൾ ആദ്യ കരാറിൽ നിന്ന് വ്യത്യസ്തമായി എന്ത് മാറ്റമാണ് വരുത്തിയത്? ഇതാണ് ഇവിടെ പരിശോധിക്കേണ്ടത്. ശ്രീ. കാർത്തികേയന്റെ കരാറിൽ മൊത്തം പദ്ധതിച്ചെലവ് കണക്കാക്കിയത് 183 കോടി രൂപ എന്നാണ്. ശ്രീ. പിണറായി വിജയൻ പോയിട്ട് ചെയ്തത് അതിൽ 34 കോടി രൂപ കുറച്ചു. 34 കോടി രൂപ കുറച്ചതാണോ തെറ്റ്? ശ്രീ. കാർത്തികേയന്റെ കാലത്ത് ഉണ്ടാക്കിയ കരാറിൽ ഇതിന്റെ വിലയെ സംബന്ധിച്ച് പറയുന്നുണ്ട്. 25.875 കനേഡിയൻ ഡോളർ എന്നാണ് അന്ന് കരാറിൽ പറഞ്ഞിരുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇത് കൺസൽട്ടൻസി കരാർ മാത്രമാണെന്നു പറഞ്ഞാൽ 183 കോടി രൂപയ്ക്ക് എന്തിനാണ് ഈ കരാർ ഉണ്ടാക്കിയത്? കൺസൽട്ടൻസി ചാർജ്ജ് വെറും 20 കോടി രൂപ മാത്രമേയുള്ളൂ. ശ്രീ. ജി. കാർത്തികേയൻ ആദ്യമുണ്ടാക്കിയ കരാർ 20 കോടി രൂപയ്ക്കല്ലേ ഉണ്ടാക്കേണ്ടിയിരുന്നത്. അതിനുപകരം 153 കോടി രൂപയുടെ കമ്മിഷനുണ്ടാക്കിയത് കോൺട്രാക്ട് കരാർ ആണെന്നുള്ളതിന് തെളിവല്ലേ? പിണറായി വിജയൻ പലിശ 0.80 ശതമാനമായി കുറച്ചു. ഇതാണോ സർ തെറ്റ്? ഇതേപോലെ കുറ്റ്യാടിയുടെ കാര്യം ഇവിടെ ചർച്ച ചെയ്യാൻ പോകുന്നു. അതിന്റെ ആദ്യമുണ്ടാക്കിയ എം.ഒ.യു. വിനെ ഇവർതന്നെ കരാർ ആക്കി മാറ്റിയപ്പോൾ കരാർ

തുക കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്തത്. 1996 ഫെബ്രുവരി 24-ന് ഒപ്പിട്ട കരാർ വെറും കൺസൽട്ടൻസി കരാർ മാത്രമല്ല. വിദേശ വായ്പ ലഭ്യമാക്കൽ, കാനഡയിൽ നിന്ന് സാധനസാമഗ്രികളും സേവനങ്ങളും ലഭ്യമാക്കൽ എന്നിവയ്ക്കും ധാരണയുണ്ടായിരുന്നു. കാനഡയിൽ നിന്ന് തരാമെന്നു പറഞ്ഞതും പദ്ധതിയുടെ പണിക്ക് ആവശ്യമായതുമായ സാധനങ്ങളുടെ ലിസ്റ്റ് ഇതിനകത്തുണ്ട്. അതെല്ലാം സാങ്കേതികപദങ്ങൾ ഉള്ളതാണ്. അപ്പുറത്തുള്ളവർ വായിച്ചുനോക്കിയിട്ടുണ്ടോയെന്ന് അറിയില്ല. ആ ലിസ്റ്റ് ഒക്കെത്തന്നെ ഇതിനകത്ത് കൊടുത്തിരിക്കുകയാണ്. ഏതെല്ലാം സാധനങ്ങളാണ് കൊണ്ടുവരേണ്ടത്, എങ്ങനെ കൊണ്ടുവരണം, എന്നെല്ലാം ശ്രീ. കാർത്തികേയന്റെ കരാറിൽ കൊടുത്തിട്ടുണ്ട്. വെറും കൺസൽട്ടൻസി കരാർ മാത്രമായിരുന്നുവെങ്കിൽ എന്തിനാണ് ഇതിനെല്ലാം വ്യവസ്ഥചെയ്തത്? ഇവിടെ യന്ത്ര സാമഗ്രികൾ കൊണ്ടുവരുന്ന കാര്യം വരെ ഇതിനകത്ത് രേഖപ്പെടുത്തി. ഇതിനകത്ത് പറയുന്നു ആ കരാറിൽ SNC Lavalin shall provide the technical services for management engineering, procurement of construction supervision so as to ensure the timely completion of the project within the agreed time frame of 3 years with effect from the date എന്നുപറഞ്ഞുകൊണ്ട് വ്യക്തമായ കരാറാണ് ഉണ്ടാക്കിയത്. ഈ കരാർ ഏകപക്ഷീയമായി റദ്ദാക്കാൻ പിന്നീട്വന്ന എൽ.എഡി.എഫ്. ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറായില്ല എന്നാണ് ചോദിക്കുന്നത്? എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ റദ്ദാക്കണമോ വേണ്ടയോ എന്ന് ആലോചിച്ചു, ആലോചിച്ചപ്പോൾ അന്ന് കേരളത്തിൽ രൂക്ഷമായ വൈദ്യുതി ക്ഷാമം നിലനിൽക്കുന്നു ഈ വിദ്യുച്ഛക്തി ക്ഷാമം നിലനിൽക്കുന്ന സന്ദർഭത്തിൽ ഈ കാരാറിൽ മുൻ കൈയെടുത്തത് ശ്രീ. എ. കെ. ആന്റണിയും ശ്രീ. കാർത്തികേയനും ആണെന്നുള്ളതുകൊണ്ട് ഈ രണ്ടു കൂട്ടരും ഒരഴിമതിക്കരാറിൽ ഒപ്പിടുമെന്ന് ഞങ്ങൾ കരുതിയില്ല സർ. ശ്രീ.എ. കെ. ആന്റണി ഒരു അഴിമതിക്കരാറിൽ ഒപ്പിടുവെന്ന് ഞങ്ങൾ വിശ്വസിച്ചില്ല. അതിന്റെ ഫലമായി ആ കരാറുമായി മുന്നോട്ടുപോകാൻ ഞങ്ങൾ തീരുമാനിച്ചു. മാത്രമല്ല ഈ കരാർ ഏകപക്ഷീയമായി റദ്ദാക്കിയാൽ എസ്.എൻ.സി. ലാവ്‌ലിന് നഷ്ടപരിഹാരം കൊടുക്കണമെന്ന് ഇതിനകത്ത് വ്യവസ്ഥ ചെയ്തിരുന്നു. മാത്രമല്ല പിൻമാറിയാൽ ഇതിൽ ചെയ്യേണ്ടത് എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. If such settlement is not made within 120 days after the written demand thereof, has been submitted by one to the other. Then upon either case KSEB or SNC Lavalin giving written notice one to the other, the matter shall be submitted within the subsequent 120 day's period for arbitration subject to the rules of procedures of International Chamber of Commerce, Paris, by a Board of three Arbitrators. The venue of arbitration shall be Paris. പാരീസിൽ പോയി കേസ് നടത്തണമെന്നുവരെ ഇതിൽ എഴുതിവച്ചു. ആളുകൾ ഇപ്പോൾ ചോദിക്കുന്നു നിങ്ങൾ എന്തുകൊണ്ട് ഇത് റദ്ദാക്കിയില്ല എന്ന്. ഇപ്പോൾ ഞങ്ങളോട് ചോദിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഇതിന്റെ തുടക്കമാരാണ് ചെയ്തത്? സി. ആന്റ് എ .ജി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ക്രമക്കേടിന് ഉത്തരവാദി ആരാണ്? ഒന്നാമത്തെ കരാറിനകത്ത് അതായത് ശ്രീ. പിണറായി വിജയൻ ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

കരാറിൽ ഈ സംസ്ഥാനത്ത് സാമ്പത്തിക നേട്ടമാണ് ഉണ്ടാക്കിയത്. വിദേശ വായ്പകൾ ഇടപാട് ചെയ്യുന്നതിന് വേണ്ടത്ര ശ്രദ്ധ കാണിച്ചില്ല എന്ന് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറയുന്നു ബോർഡ് ധനപരമായ താൽപ്പര്യങ്ങൾക്ക് ഹാനികരമായിരുന്നു എന്നുപറയുന്നു. ആരാണ് അത് ഉണ്ടാക്കിയത്? വിദേശവായ്പയെ സംബന്ധിച്ചുള്ളത് ആദ്യത്തെ കരാറിലെ വ്യവസ്ഥയല്ലേ? അതിന് വ്യത്യസ്തമായി ശ്രീ. പിണറായി വിജയൻ എന്തു ചെയ്തു. ഈ രണ്ടു കാര്യങ്ങളിലും യു.ഡി.എഫി-ന് എതിരായിട്ടാണ് സി. ആന്റ് എ.ജി. കുറ്റപത്രം ചാർത്തിയിരിക്കുന്നത്. മറ്റൊന്ന് സി. ആന്റ് എ.ജി. പറഞ്ഞത് നവീകരിക്കപ്പെട്ട ഉപകരണങ്ങളിലെ വിവിധ സാങ്കേതികത്തകരാറുകൾ കാരണം നവീകരിക്കപ്പെടുന്നതിനുവേണ്ടി വഹിച്ച 374.50 കോടി രൂപയുടെ ചെലവ് ആനുപാതികമായ നേട്ടമുണ്ടാക്കിയിട്ടില്ല എന്നാണ്. ആനുപാതികമായ നേട്ടം ഉണ്ടായില്ല എന്ന് പറയുന്നതും 374 കോടി രൂപ പാഴാക്കിക്കളഞ്ഞു എന്നു പറയുന്നതും ഒന്നാണോ? സി. ആന്റ് എ.ജി. യുടെ ആദ്യത്തെ റിപ്പോർട്ടിൽ പറയുന്നത് എന്താണ്? Due to various technical defects in the equipment renovated and non-achievement of pre- renovation generation levels the expenditure of Rs. 374 crores incurred for renovation was rendered wasteful എന്നാണ്. റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്. ഈ പ്രിലിമിനറി റിപ്പോർട്ടിൽ സി. ആന്റ് എ.ജി.-യുടെ അന്തിമ റിപ്പോർട്ടിൽ മാറ്റം വന്നിരിക്കുന്നു. ഇനി ഇത് പി.യു.സി.യുടെ മുമ്പിൽ പോയാലും പി.എ.സി.യുടെ മുമ്പിൽ പോയാലും ബന്ധപ്പെട്ടവരിൽ നിന്ന് കിട്ടുന്ന വിശദീകരണത്തോടുകൂടി ഇതിന്റെ എല്ലാ വസ്തുതയും പുറത്തുകൊണ്ടുവരാൻ സാധിക്കുമെന്നാണ് അതിൽനിന്ന് വ്യക്തമാകുന്നത്. ഈ അന്തിമ റിപ്പോർട്ടിൽ നിന്ന് കാണുന്ന പ്രധാനപ്പെട്ട കാര്യം ആദ്യത്തെ റിപ്പോർട്ടിൽ നിന്ന് സി. ആന്റ് എ.ജി. മാറി എന്നുള്ളതാണ്. ഇവിടെ മറ്റൊരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. പ്രധാനപ്പെട്ട ചില തെറ്റുകൾ ഈ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഉണ്ട്. ഇതിൽ പറയുന്നത് ഒരു വർഷത്തിനിടയിൽ, ഞങ്ങളുടെ കാലത്തല്ല യു.ഡി.എഫിന്റെ കാലത്ത് 1995 മുതൽ 1996 വരെയുള്ള കാലത്ത് 28 ബോർഡ് യോഗം നടന്നു എന്നാണ്. ഒരു കാരണവശാലും ഒരു കൊല്ലത്തിൽ 28 ബോർഡ് യോഗങ്ങൾ നടക്കാനിടയില്ല. മാസത്തിൽ ഒരു ബോർഡ് യോഗത്തിലധികം കെ.എസ്.ഇ.ബി. ബോർഡ് യോഗം ചേരാറില്ല. ഇത് തെറ്റാണ്. ഇത്തരം കാര്യങ്ങളാൽ അപാകതകളുള്ള റിപ്പോർട്ടായതുകൊണ്ട് ഇത് തിരുത്തണമെങ്കിൽ എങ്ങനെ സാധിക്കും? ബോർഡിനെ വിളിച്ച് എവിഡൻസ് എടുക്കണം. പി.യു.സി.യിൽ വന്നാൽ ഇത് ക്ലാരിഫൈചെയ്യാൻ സാധിക്കും. സി. ആന്റ് എ.ജി. -യുടെ റിപ്പോർട്ടിൽ പറയുന്ന 374.50 കോടി രൂപ ഇതിന്റെ പ്രോജക്ട് കോസ്റ്റായി കണക്കാക്കിയെന്ന് പറയുന്നതുതന്നെ ശരിയല്ല. അത് സി. ആന്റ് എ.ജി.-യെ ബോദ്ധ്യപ്പെടുത്തുന്നതിന് സാധിച്ചില്ല. മലബാർ ക്യാൻസർ സെന്ററിന് വാഗ്ദാനം നൽകിയ സഹായധനംകൂടി ചേർന്നാണ് ഈ കണക്ക് തയ്യാറാക്കിയതെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. പ്രോജക്ടിനുവേണ്ടി ചെലവായത് 259 കോടി രൂപയാണ് എന്നു സി. ആന്റ് എ.ജി. തന്നെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപ്രകാരം ഒരു മെഗാവാട്ടിന് 2. 09 കോടി രൂപ മാത്രമേ ചെലവ് വരുന്നുള്ളൂ. 374 കോടി രൂപ സി. ആന്റ് എ.ജി. കണക്കാക്കിയപ്പോഴാണ് ഒരു മെഗാവാട്ടിന് 3.24 കോടി രൂപ ചെലവ് വരുമെന്ന നിഗമനത്തിൽ സി. ആന്റ് എ.ജി. എത്തിയത്. കുറ്റ്യാടി പദ്ധതി ഇതുസംബന്ധിച്ച് വേറെ വരുന്നുണ്ട്. ഞാൻ അതിനെപ്പറ്റി പറയുന്നില്ല. മേഘാലയത്തിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 2.34 കോടി രൂപ ചെലവുണ്ടായി എന്ന് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നു. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ കണക്കാക്കിയിരിക്കുന്നതിൽ പിശകുണ്ടന്നല്ലേ വ്യക്തമാകുന്നത്? അപ്പോൾ സി. ആന്റ് എ.ജി.-യുടെ മുന്നിൽ യഥാർത്ഥമായ വസ്തുതകൾ ബോദ്ധ്യപ്പെടുത്തണം. ഇതൊന്നും ചെയ്യാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു കമന്റ് സി. ആന്റ് എ.ജി.-യിൽ നിന്ന് വരാൻ കാരണം. ഇലക്ട്രിസിറ്റി ബോർഡ് ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ ഇക്കാര്യം വ്യക്തമായി പറഞ്ഞിരിക്കുന്നു. അത് മാത്രമല്ല, ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ എന്തുകൊണ്ട് ഇവിടെ സി. ആന്റ് എ.ജി.-യെ ബോദ്ധ്യ പ്പെടുത്തിയില്ല. ഇവിടെ അപ്പുറത്തുനിന്ന് പറഞ്ഞിരിക്കുന്ന കുറേ കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമാക്കാൻ അങ്ങ് എന്നെ അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ ഗവൺമെന്റ് തന്നെ ഇതിനകത്ത് മറുപടി തന്നിട്ടുണ്ട്. എന്തുകൊണ്ട് 1995-ൽ യു.ഡി.എഫ്. സർക്കാർ നവീകരണത്തിന് തീരുമാനമെടുത്ത് മുന്നോട്ടുപോയിരിക്കുന്നു എന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഉത്തരം പള്ളിവാസൽ, ശെങ്കുളം, പന്നിയാർ . എന്നീ പദ്ധതികൾ സ്ഥാപിതമായിട്ട് 35 കൊല്ലം മുതൽ 60 വർഷം വരെയായി, പദ്ധതിയുടെ സാധാരണഗതിയിലുള്ള ഫെയർ ലൈഫ് പീരീഡ് കഴിഞ്ഞു. മെഷിനറിയുടെ കാലപ്പഴക്കവും അടിക്കടിയുണ്ടാകുന്ന തകരാറുകളും ആവശ്യമായ സ്പെയർ പാർട്ടുകളുടെ ലഭ്യതക്കുറവും കാരണമാണ് പദ്ധതികൾ നവീകരിക്കാൻ തീരുമാനിച്ചത് എന്നാണ്. ഞങ്ങളെ എന്തിനാണ് നിങ്ങൾ കുറ്റപ്പെടുത്തുന്നത്? ശ്രീ. ആര്യാടൻ മുഹമ്മദ് നിയമസഭയിൽ തന്നിട്ടുള്ള ഉത്തരമാണ്. മറ്റൊന്നുകൂടി ഇവിടെ പറയട്ടെ, പള്ളിവാസൽ-ശെങ്കുളം-പന്നിയാർ പദ്ധതികളുടെ നവീകരണത്തിന്റേയും കുറ്റ്യാടി ആഗ്മെന്റേഷന്റേയും പണികൾ നടത്താൻ ആഗോള ടെൻഡർ വിളിക്കാതെ 1996 ഫെബ്രുവരി 24-ന് ബോർഡ് എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി രണ്ട് കരാർ ഒപ്പ് വച്ചത് എന്തിനാണെന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതികളുടെ നവീകരണത്തിനായി ബോർഡ് 10-8-95-ൽ കൺസൽട്ടൻസി സർവീസിനും 24-2-96-ൽ ഇതിന്റെ അഡൻഡമായി സപ്ലൈ കോൺട്രാക്ടുമാണ് ഒപ്പുവച്ചത് എന്നാണ് ഉത്തരം പറഞ്ഞിരിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഉത്തരത്തിൽത്തന്നെ ഇത് വ്യക്തമായിരിക്കുന്നു. മറ്റൊരു കാര്യം ഞാൻ പറയട്ടെ, സ്ഥാപിതശേഷി വർദ്ധിച്ചില്ല എന്നുപറയുന്നവർ ഈ നിയമസഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് തന്നിട്ടുള്ള ഉത്തരം വായിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസലിന്, ലഭിക്കേണ്ട വൈദ്യുതി 36.6 മെഗാവാട്ട്; കിട്ടിയത് 36.84 മെഗാവാട്ട് ഉല്പാദനം വർദ്ധിച്ചിരിക്കുന്നു. പന്നിയാറിന് ലഭിക്കേണ്ടത് 32.4 മെഗാവാട്ട്; കിട്ടിയത് 32.4 മെഗാവാട്ട് തന്നെ. ശെങ്കുളത്തിന് ലഭിക്കേണ്ടത് 52.72 മെഗാവാട്ട്; കിട്ടിയത് 56.24 മെഗാവാട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ തന്നിരിക്കുന്ന ഉത്തരത്തിൽ ഇത് വ്യക്തമാക്കിയപ്പോൾ എന്തിനാണ് ഈ പുകമറ സൃഷ്ടിക്കുന്നത്? വിവാദ പരമായ ഒരു വിഷയം വന്നിരിക്കുന്നത്, വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയ കരാറിൽനിന്നും വ്യത്യസ്തമായി, ശ്രീ. പിണറായി വിജയൻ പോയ സന്ദർഭത്തിലെ കരാറിലെ മാറ്റം എന്താണ് എന്നുള്ള തിനെക്കുറിച്ചാണ്. ഞങ്ങൾ പറഞ്ഞു, അതിൽനിന്നും 34 കോടി രൂപ കുറയുകയാണ് ചെയ്തത് എന്ന്. എന്നാൽ ഒരു സംഭവമുണ്ടായി. മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ ഒരു എം.ഒ.യു. ഉണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. യു.ഡി.എഫ്.-ന്റേതല്ല അത്. അതിന്റെ ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുക്കുന്നു. മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിന് നിയമസഭയിൽ നൽകിയ ഉത്തരത്തിൽ പറയുന്നത് 12 കോടി രൂപ ചെലവഴിച്ചു എന്നാണ്. അത് ശ്രീ. കടവൂർ ശിവദാസൻ നൽകിയ ഉത്തരമാണ്. 12 കോടി രൂപ കിട്ടി എന്ന് ഇവിടെ വ്യക്തമാക്കി യല്ലോ? മലബാർ ക്യാൻസർ സെന്ററിന്റെ കാര്യത്തിൽ അവിടെയും ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ കരാർ ഉണ്ടാക്കിയ സന്ദർഭത്തിൽ പറഞ്ഞ കാര്യം, പന്നിയാർ-ശെങ്കുളം പദ്ധതികളുടെ ഭാഗമായി ക്യാൻസർ സെന്റർ ഉണ്ടാക്കും എന്നല്ല. മുഖ്യമന്ത്രി ഇ. കെ. നായനാർ കാനഡയിൽ പോയി ഹൈ കമ്മീഷണറുമായി സംസാരിച്ചു. നിങ്ങൾ വളരെ പദ്ധതികൾ കേരളത്തിൽ ചെയ്യു ന്നവർ എന്നുള്ള നിലയിലും രാജ്യത്തെ മറ്റു പല സ്ഥലങ്ങളിലും സഹായങ്ങൾ ചെയ്യു ന്നവർ എന്നുള്ള നിലയിലും ഞങ്ങളെ എന്തുകൊണ്ട് സഹായിക്കുന്നില്ല എന്ന് ചോദിച്ചു? ഈ ചർച്ചയുടെ അടിസ്ഥാനത്തിലാണ് മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ സഹായ ധനം നൽകാമെന്നുള്ള വ്യവസ്ഥ കനേഡിയർ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അത് കരാറിന്റെ ഭാഗമായിട്ടല്ല എന്നത് ഹൈക്കോടതി യിൽ കെ.എസ്. ഇ.ബി. കൊടുത്ത അഫിഡവിറ്റിൽത്തന്നെ വ്യക്തമാക്കിയിരിക്കുക യാണ്. എം.ഒ.യു. തുടരുന്നത് Whereas SNC Lavalin has legendly successful association with the Kerala State Electricity Board having been the Canadian Government appointed engineering consultants on Idukki-I, Idukki-II, Idukki enhancement. ഇടുക്കി പദ്ധതി മുതൽ കേരളത്തിന്റെ ജലവൈദ്യുതപദ്ധിതികളുടെ കാലം മുതൽ പ്രവർത്തിച്ച സ്ഥാപനമാണ് എസ്.എൻ.സി. ലാവ്‌ലിൻ. ലോവർ പെരിയാർ, ശബരിഗിരി, കുറ്റ്യാടി ഇതൊക്കെ എസ്.എൻ.സി. ലാവ്‌ലിന്റെ വർക്കല്ലേ? ഞങ്ങ ളാണോ എസ്.എൻ.സി. ലാവ്‌ലിനെ കുറ്റ്യാടിയിൽ കൊണ്ടുവന്നത്? ഞങ്ങ ളാണോ ലോവർ പെരിയാറിൽ കൊണ്ടുവന്നത്? നിങ്ങളുടെ കാലത്തല്ലേ എസ്. എൻ.സി. ലാവ്‌ലിനെ കേരളത്തിൽ കൊണ്ടുവന്നത്? ഇടുക്കി പദ്ധതിയിൽ പോയാൽ അവിടെയൊരു ചില്ലിട്ടുവച്ച ഫോട്ടോ കാണാം. എസ്.എൻ.സി. ലാവ്‌ലിന്റെ തലവൻ ക്ലൗസ് ട്രിൻഡൽ (Klaus Triendle) ഇന്ദിരാഗാന്ധിയുമായി ഒന്നിച്ചുനിൽക്കുന്ന പടം. 30 വർഷംമുമ്പ് സ്ഥാപിച്ച പടമാണ്. അവിടെ പവർഹൗസിൽ ചില്ലിട്ടു വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസിന് 50 പൈസ കൊടുത്താൽ അവിടെ പോയി ആ പടം കാണാൻ സാധിക്കും. എസ്.എൻ.സി. ലാവിലിനെ ഇവിടെ കൊണ്ടുവന്നത് ഞങ്ങളല്ല. കേരളത്തിൽ ധാരാളം പ്രവൃത്തികൾ ചെയ്ത സ്ഥാപനമെന്ന നിലയിലാണ് അവർ കേരളത്തിന് സഹായം നൽകാമെന്ന് സമ്മതിച്ചത്. അതിൽ പറയുന്ന കാര്യം In general SNC Lavalin will arrange the financing for the project through the establishing of a financing structure എന്നാണ്. മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ 98 കോടി രൂപ തരാമെന്നുള്ള എം.ഒ.യു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്താണ് ഒപ്പുവച്ചത്. ആ കരാർ അനുസരിച്ച് ആദ്യഘട്ടത്തിൽ പണം കിട്ടുന്നതിന് പ്രയാസമുണ്ടായി. കാരണം, പൊക്രാൻ സ്ഫോടനമുണ്ടായി. വിദേശത്തുനിന്നും പണം വരുന്നതിന് തടസ്സമുണ്ടായപ്പോൾ നിശ്ചലാവസ്ഥയുണ്ടായി. പിന്നീട് ഇവരുമായി ഫോളോ അപ് ചെയ്തപ്പോൾ ഇടയിടെ പണം കിട്ടുകയും ചെയ്തു. 12 കോടി രൂപ അവർ തരാമെന്ന് സമ്മതിച്ചു. അവിടെ 26 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുത്തു. 26 ഏക്കർ സ്ഥലത്ത് മനോഹരമായ കെട്ടിടം നിർമ്മിച്ച് അവിടെ ഇപ്പോൾ മലബാർ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നു. പിന്നീട് വിവാദങ്ങൾ ഉണ്ടായതിനെത്തുടർന്ന് ക്യാൻസർ സെന്ററിന്റെ വികസനം മുരടിച്ചു. ശ്രീ. എ. കെ. ആന്റണി ഇവിടം സന്ദർശിച്ചു. അദ്ദേഹം വന്നശേഷം ചില മാറ്റങ്ങളുണ്ടായി. ശ്രീ. ആര്യാടൻ മുഹമ്മദ് സന്ദർശിച്ചു. ഇവരെല്ലാം സ്ഥാപനം കാണുന്നതിനുമുമ്പുതന്നെ കരുതിയത് അവിടെ എന്തോ ഒരു ജയിൽ ഉണ്ടാക്കി വച്ചിരിക്കുന്നു എന്നാണ്. എന്നാൽ സ്ഥാപനം കണ്ടശേഷം ആ അഭിപ്രായം മാറി. ബഹുമാനപ്പെട്ട സ്പീക്കർ മലബാർ ക്യാൻസർ സെന്റർ സന്ദർശിക്കണം. ആതുരശുശ്രൂഷാ രംഗത്ത് ഒരു വലിയ സ്ഥാപനം അവിടെ ഉണ്ടായി. നിങ്ങൾ വിവാദങ്ങളിൽപ്പെടുത്തി കിട്ടേണ്ട പണം നഷ്ടപ്പെടുത്തി. ഇതിന് ആരാണ് ഉത്തരവാദി എന്നത് പരിശോധിക്കേണ്ട കാര്യമാണ്. ഈ പദ്ധതി സംബന്ധിച്ച് എസ്.എൻ.സി. ലാവ്‌ലിനുമായി കരാറുണ്ടാക്കിയപ്പോൾ ഇവിടെ ഉണ്ടാക്കിയിരുന്ന മലബാർ ക്യാൻസർ സെന്ററിന്റെ പണം എങ്ങനെ നഷ്ടപ്പെടുത്തി? സി. ആന്റ് എ.ജി. റിപ്പോർട്ടു പറയുന്നു, 2002-നുശേഷം എം.ഒ.യു. പുതുക്കിയില്ല എന്ന്. ആരാണ് എം.ഒ.യു. പുതുക്കേണ്ടത്? ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഒരു ഘട്ടത്തിൽ കരാർ പുതുക്കി. പിന്നീട് കരാർ പുതുക്കാൻ തയ്യാറായില്ല. ഇതു സംബന്ധിച്ച ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മലബാർ ക്യാൻസർ സെന്ററിന് ഒരു ഡയറക്ടർ ബോർഡുണ്ട്. ഡയറക്ടർ ബോർഡ് 2002 ജനുവരി പതിനഞ്ചാം തീയതി യോഗം ചേർന്നു. ആ യോഗത്തിലെ മിനിട്ട്സ് ഞാൻ മേശപ്പുറത്തു വയ്ക്കാം. ഇത് പരിശോധിക്കുന്ന കമ്പനിക്ക് സമർപ്പിക്കാം. മലബാർ ക്യാൻസർ സെന്ററിന്റെ ഡയറക്ടർ പറഞ്ഞ കാര്യം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. He informed the Committee regarding the MOU between SNC Lavalin and Government of Kerala which expired on 14-12-2001. " I have requested the Governing body to decide on transferring the MOU into a memorandum of agreement, the draft of which is pending with the Government." In this context, the Honourable Minister for Electricity emphasized the requirement of signing the agreement for collecting

LIBRARY ARCHIVES Kerala Legislative Assembly

financial assistance from other agencies in Canada particularly CIDA. ശ്രീ. കടവൂർ യോഗത്തിൽ സംസാരിക്കുന്നതിന്റെ മിനിട്ട്സാണ്. ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നതിൽനിന്നും മന്ത്രി പിന്നീട് എന്തുകൊണ്ട് മാറി? മസ്കറ്റ് ഹോട്ടലിൽ വച്ചാണ് സംഭാഷണം നടത്തിയതെന്ന് മന്ത്രി ഈ സഭയിൽ സമ്മതിച്ചു. എസ്. എൻ.സി. ലാവ്‌ലിനുമായി സംഭാഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കടവൂരും അവരും തമ്മിലുള്ള ധാരണപ്രകാരമാണ് എം.ഒ.യു. പിന്നീട് പുതുക്കാതിരുന്നത്. കേരളത്തിന് കിട്ടേണ്ടിയിരുന്ന 86 കോടി രൂപ നഷ്ടപ്പെടുത്തി. അതിന് ഉത്തരവാദി ഇപ്പോഴത്തെ യു.ഡി.എഫ്. ഗവണ്മെന്റാണ്. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞു, 98 കോടി രൂപ കിട്ടി, അത് ശ്രീ. പിണറായി വിജയൻ കൊണ്ടുപോയെന്ന്. 12 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി കിട്ടാനുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ തന്നെ മന്ത്രിമാർ നടത്തിയ ചർച്ചയുടെ രേഖ ഇവിടെ സമർപ്പിക്കുന്നു. അതിനുശേഷം 2002 ഡിസംബർ മാസം രണ്ടിന് ശ്രീ. എ. കെ. ആന്റണിക്ക് എസ്.എൻ.സി. ലാവ്‌ലിന്റെ വൈസ് പ്രസിഡന്റ് ഒരു കത്തയച്ചു. അതിൽ പറയുന്നത് The Chief Minister, SNC Lavalin hopes that Kerala will allow us to continue to co-operate to complete the Radiotherapy Clinic, അവർ സഹായം തരാൻ തയ്യാറായിരുന്നുവെന്ന് ശ്രീ. എ. കെ. ആന്റണിക്ക് അയച്ച കത്തിൽ പറയുന്നു. അപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് ഈ പണം പൂർണ്ണമായും കിട്ടിയിട്ടില്ല. 12 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ എന്നുള്ള തെളിവ് ഇവിടെ വന്നിരിക്കുന്നു. ശ്രീ. എം. എം. ഹസ്സൻ പറയുന്നത് 98 കോടി രൂപ കിട്ടിയെന്നാണ്. കിട്ടിയിട്ടുണ്ടെങ്കിൽ ആ 98 കോടി രൂപയിൽ ഈ 12 കോടി രൂപകഴിച്ച് 86 കോടി രൂപ വിഴുങ്ങിയത് ശ്രീ. കടവൂർ ശിവദാസനാണ്. ആ 86 കോടി രൂപ ഉപയോഗിച്ചാണ് ഇവിടെ ജയ്ഹിന്ദ് ചാനൽ തുടങ്ങാൻ പോകുന്നത്. വീക്ഷണത്തിന് 3 എഡിഷൻ. എവിടെനിന്നും കിട്ടി പണം? 15 കോടി രൂപ കെ.പി.സി.സി. ഓഫീസിന്റെ പുതിയ കെട്ടിടത്തിന്. എസ്.എൻ.സി. ലാവ്‌ലിൻ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് 12 കോടി രൂപ കൊടുത്തു എന്നാണ് നിയമസഭയിൽ പറഞ്ഞത്, ബാക്കി പൈസ കിട്ടിയെന്ന് ശ്രീ. എം. എം. ഹസ്സൻ സമർത്ഥിച്ച സാഹചര്യത്തിൽ, 86 കോടി രൂപ ഞങ്ങളുടെ കാലത്തല്ല ഇവരുടെ കാലത്താണ് കിട്ടിയത്. അതുകൊണ്ട് ശ്രീ. കടവൂർ ശിവദാസൻ ഇക്കാര്യങ്ങളെല്ലാം കയ്യിലൊതുക്കി വച്ചു എന്നതാണ് ശ്രീ. എം.എം. ഹസ്സന്റെ പ്രസംഗത്തിൽനിന്നും വ്യക്തമാകുന്നത്. ഞങ്ങളുടെ മടിയിൽ ധനമില്ല. ഞങ്ങൾക്ക് വഴിയിൽ ഭയപ്പെടേണ്ട കാര്യമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഈ ഗവണ്മെന്റ് വന്നശേഷം എന്തെല്ലാം ചെയ്തു? ഇത് വെറുമൊരു സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ ചർച്ചയല്ല. ഗൗരവമുണ്ടെന്നറിയാം. അതുകൊണ്ട് രാഷ്ട്രീയപരവും സംഘടനാപരവുമായ പ്രശ്നം ഈ ചർച്ചയ്ക്കു പിന്നിൽ പതിയിരിക്കുന്നു.

എൽ.ഡി.എഫ്-ന്റെ ഭരണകാലത്താണ് ഏറ്റവും വലിയ നേട്ടം ഇലക്ട്രിസിറ്റി മേഖലയിലുണ്ടായത്. വൈദ്യുതി ഉൽപ്പാദന രംഗത്ത് കേരളം മുന്നോട്ടുപോയി. പത്ത് വർഷം മുൻപുണ്ടായിരുന്ന ഒരു സ്ഥിതിവിശേഷം അങ്ങ് ഓർക്കണം. മൂന്നര

LIBRARY ARCHIVES Kerala Legislative Assembly

മണിക്കൂർ ലോഡ്ഷെഡ്ഡിംഗായിരുന്നു. നൂറ് ശതമാനം പവർക്കട്ടായിരുന്നു. ശമ്പളം കൊടുക്കാൻപോലും പണമില്ലാത്ത അവസ്ഥയായിരുന്നു. വൈദ്യുതിക്ഷാമംമൂലം പ്രതിവർഷ സാമ്പത്തിക നഷ്ടം 8,000 കോടി രൂപയാണെന്ന് ഇറിടെത്തന്നെ വ്യക്തമാക്കി. ഇതിൽ നിന്ന് കേരളത്തെ മാറ്റിയെടുക്കാൻ 1087 മെഗാവാട്ട് വൈദ്യുതി ഇടതുപക്ഷജനാധിപത്യ ഭരണകാലത്ത് അധികം ഉൽപ്പാദിപ്പിച്ചു. യു.ഡി.എഫ്-കാർ ഉണ്ടാക്കിയത് വെറും 17 മെഗാവാട്ട്. ഇപ്പോൾ അത് വെറും 47 മെഗാവാട്ട്. ഇടതു പക്ഷം സ്വീകരിച്ചിരിക്കുന്ന ആ നിലപാടിന്റെ ഫലമായിട്ടല്ലേ ഇറിടെ ഇലക്ട്രിസിറ്റി ഉൽപ്പാദനം വർദ്ധിച്ചത്? ഇപ്പോൾ ഇവർ ശ്രീ. പിണറായി വിജയനെ കുറ്റക്കാരനാക്കുന്നത് എന്തിന് വേണ്ടിയാണ്? ശ്രീ. പിണറായി വിജയൻ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി എന്നതുകൊണ്ടാണ്, സിപി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയെ പ്രതികൂട്ടിൽ നിർത്തി കടന്നാക്രമണം നടത്തുക എന്ന രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയാണ് ലാവ്‌ലിൻ പ്രശ്നം ഇവിടെ കുത്തിപ്പൊക്കുന്നത്. എല്ലാ പാർട്ടിയും ഒരുപോലെയാണെന്ന് സ്ഥാപിക്കണം, എല്ലാ നേതാക്കൻമാരും ഒരുപോലെയാണെന്ന് സ്ഥാപിക്കണം എന്നാണ് ഇവർ ഉദ്ദേശിക്കുന്നത്, അതിനു വേണ്ടിയാണ് ഈ പ്രചരണം. ശ്രീ. പിണറായി വിജയന്റെ മകന്റെ അതേ പേരുള്ള ആരെങ്കിലും എവിടെയെങ്കിലും പഠിക്കുന്നുണ്ടോ എന്ന് അന്വേഷണം നടക്കുകയാണ്. ശ്രീ. പിണറായി വിജയന്റെ ഭാര്യയുടെ പേരിലുള്ള ഏതെങ്കിലും സ്ഥാപനം ഉണ്ടോയെന്ന് അന്വേഷിച്ച് നടക്കുകയാണ്. വിദേശത്തുപോയി പഠിക്കുന്ന കുട്ടികളുടെ പേര് ഞാൻ പറയണമോ? മുൻപ് ഇലക്ട്രിസിറ്റി മന്ത്രിയായിരുന്ന ആളുകളുടെ കുട്ടികളുടെ പേര് ഞാൻ പറയണമോ? ഞാൻ പറയുന്നില്ല. എന്റെ സംസ്ക്കാരം അതിന് അനുവദിക്കുന്നില്ല. ഇവിടെ അപ്പുറത്തിരിക്കുന്ന ഓരോ നേതാക്കൻമാരുടെയും സംഗതികൾ ഇവിടെ പറയണമോ? ഞാൻ ആ സംരംഭത്തിന് മുതിരുന്നില്ല. അപ്പുറത്തുള്ള ആളുകൾ പതിവ്രതചമയാൻ പാടില്ല. ശ്രീ. എം. എം.ഹസ്സനെക്കുറിച്ച് പറയണമോ?..... (ബഹളം)..... (ബഹളം).....

റൂൾ 58 അനുസരിച്ച് ശ്രീ. ഹസ്സൻ നോട്ടീസ് നൽകട്ടെ, അപ്പോൾ ഞാൻ ഇതുസംബന്ധിച്ച് വിശദമായി പറയാം. ഇവർ ആരെപ്പറ്റിയെല്ലാം പറഞ്ഞു. ശ്രീ. ശിവദാസമേനോൻ മന്ത്രിയായിരുന്നപ്പോൾ ലോവർ പെരിയാർ പദ്ധതിയിൽ അഴിമതിയുണ്ടെന്ന് പറഞ്ഞില്ലേ? ജസ്റ്റിസ് പത്മനാഭൻ അന്വേഷിച്ചിട്ട് എന്ത് ചെയ്തു? ശ്രീ. ശിവദാസമേനോന് ക്ലീൻ ചിട്ട് കൊടുത്തു. അഴിമതി കണ്ടുപിടിക്കാൻ കഴിഞ്ഞോ? ബ്രഹ്മപുരത്തെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ കമ്മീഷൻ പറഞ്ഞില്ലേ ഇറിടെ അഴിമതിയുണ്ടെന്ന്? 75 കോടി രൂപയുടെ അഴിമതിയുണ്ടെന്ന് വ്യക്തമായി പറഞ്ഞില്ലേ? ഇപ്പോൾ ശ്രീ. പിണറായി വിജയൻ അഴിമതിക്കാരനാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. 400 കോടി രൂപ മുക്കിയ ആളെ സംബന്ധിച്ച് ഇവർ എന്ത് പറയും? 374 കോടി രൂപ ലാപ്സാക്കിയവർ അഴിമതി രാജാവാണെന്ന് ഇവർ പറഞ്ഞാൽ 400 കോടി രൂപയെക്കുറിച്ച് എന്ത് പറയും? കെ.എസ്.റ്റി.പി പദ്ധതിയെക്കുറിച്ച് സി. ആന്റ്. എ.ജി റിപ്പോർട്ടിൽ പറഞ്ഞില്ലേ? 569 കോടി രൂപ. ഹസ്സൻ പറയുന്നു, കേരളം ഉണ്ടായതിന് ശേഷം ഏറ്റവും വലുതാണ് ഇതെന്ന്. കേരള

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടായത് ഈ കഴിഞ്ഞ രണ്ടാഴ്ച മുൻപല്ല. കെ.എസ്.റ്റി.പി പദ്ധതിയിൽ 569 കോടി രൂപയുടെ അഴിമതി. യാതൊരു ടെന്ററും വിളിക്കാതെ 500 കോടി രൂപ പി.ഡബ്ല്യു.ഡി കരാറുകാർക്ക് കൊടുത്തു എന്നാണ് സി.ആന്റ് എ.ജി റിപ്പോർട്ടിലുള്ളത്. ടെന്റർ വിളിക്കാതെ പി.ഡബ്ല്യു.ഡി വർക്ക് കൊടുക്കുന്ന ഗവൺമെന്റാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി ചെയ്ത പദ്ധതിയെ സംബന്ധിച്ച് ഈ നാട്ടിൽ വിവാദം സൃഷ്ടിക്കാൻ വേണ്ടി പുറപ്പെട്ടത് ഇവിടെ രാഷ്ട്രീയ പുകമറ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. ഇവിടെ ആഡിറ്റ് പാരഗ്രാഫ് പരിശോധിച്ചാൽ യു.ഡി.എഫ് ഭരണകാലത്ത് നടത്തിയ പദ്ധതികളെ സംബന്ധിച്ച് 20,000 കോടി രൂപയുടെ ആഡിറ്റ് ഒബ്ജക്ഷനുണ്ട്. അതിനെക്കുറിച്ച് ശബ്ദിക്കാത്തവരാണ് ഇപ്പോൾ ഇവിടെ ഇതിനെക്കുറിച്ച് പറയുന്നത്. ഈ കേരളത്തിൽ അഞ്ച് വർഷത്തെ യു.ഡി.എഫ് ഭരണത്തിൽ നടന്ന അഴിമതിയിൽനിന്നും കുംഭകോണങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടിയുള്ള അടവാണ് എസ്.എൻ.സി ലാവ്‌ലിൻ എന്ന പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ പുതിയ വിവാദം. ഉത്സവപറമ്പിൽ പോക്കറ്റടിക്കാരൻ ചെയ്യുന്ന അതേ വിദ്യയാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ എല്ലാ കാലത്തും ഇവർ ഇങ്ങനെ ചെയ്തിട്ടുണ്ട്. കെ. സി. ജോർജ് ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത് അന്ധ്രയിൽ നിന്ന് അരി ഇറക്കുമതി ചെയ്തപ്പോൾ അന്ന് അന്ധ്രാ കുഭകോണമെന്ന് പ്രചരണം നടത്തി കെ. സി. ജോർജ് എന്ന സമുന്നതനായ രാഷ്ട്രീയ നേതാവിനെ, കമ്മ്യൂണിസ്റ്റ് നേതാവിനെ അപഹസിച്ചവർ ശ്രീ. പിണറായി വിജയനെ അപഹസിക്കുന്നതിൽ ഞങ്ങൾക്ക് ഒട്ടും അതിശയമില്ല. അഴീക്കോടൻ രാഘവനെ അഴിമതിക്കാരനായി ചിത്രീകരിച്ചുകൊണ്ട് സി.പി.ഐ.(എം) നേതാക്കൻമാർക്കെതിരെ അപവാദ പ്രചരണം നടത്തിയവർ, എ.കെ.ജി.യെക്കുറിച്ചും ഇ.എം.എസ്-നെക്കുറിച്ചും അപവാദപ്രചരണം നടത്തിയവർ ഇവിടെ സി.പി.ഐ.(എം) നേതാക്കൻമാരെക്കുറിച്ച് പലതും പറയും. ഞങ്ങൾക്ക് ഇതിലൊന്നും യാതൊരു ഭയവുമില്ല. ഞങ്ങളെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കറിയാം. ഞങ്ങളുടെ പാർട്ടി നേതൃത്വത്തെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ട് ഇവിടെ നടക്കുന്ന ഒരു അന്വേഷണത്തിനും ഞങ്ങളുടെ പ്രസ്ഥാനത്തെ ഒന്നും ചെയ്യാൻ സാധിക്കില്ല. വിജിലൻസ് അന്വേഷിച്ചല്ലോ? ആ വിജിലൻസ് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് എന്തുകൊണ്ട് നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കുന്നില്ല? ഈ ഗവൺമെന്റ് അന്വേഷണം, അന്വേഷണം എന്നുപറഞ്ഞ് അഞ്ച് കൊല്ലം നടന്നില്ലേ? ഒന്നും കിട്ടാതെ വന്നതുകൊണ്ട് ഇലക്ഷൻ അടുത്തു വന്നപ്പോൾ പുകമറ സൃഷ്ടിച്ച് ഞങ്ങളും അഴിമതിക്കാരാണെന്ന് സ്ഥാപിക്കാനുള്ള വ്യഥാശ്രമമാണ് നടത്തുന്നത്. ഞങ്ങൾ ഈ വെല്ലുവിളിയെ നേരിടും. കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഇടതുപക്ഷ പ്രസ്ഥാനത്തെയും ദുർബലമാക്കാൻവേണ്ടി നടത്തുന്ന എല്ലാ അപവാദ പ്രചരണങ്ങളെയും നേരിട്ടുകൊണ്ട് മുന്നോട്ട് പോകാനുള്ള സംഘടനാപരവും രാഷ്ട്രീയവുമായ ശക്തി ഞങ്ങൾക്കുണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ട് ഇതൊന്നും ഞങ്ങളുടെ മുൻപിൽ ഏശാൻ പോകുന്നില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുമ്പോൾ ഞങ്ങൾ കേട്ടിരുന്നതുപോലെ എന്റെ പ്രസംഗവും കേട്ടിരുന്നാൽ ഉപകാരമായിരുന്നു എന്നതാണ്. രേഖയില്ലാത്ത ഒരു കാര്യവും ഞാൻ പറയില്ല. യു.ഡി.എഫ്-ന്റെ കാലത്ത് 20,000 കോടി രൂപയുടെ അഴിമതിയുണ്ടെന്ന് നിങ്ങൾക്ക് പറയാം. രേഖ വയ്ക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട കോടിയേരിയുടെ പ്രസംഗമാണ് കാര്യമായി വന്നത്. അദ്ദേഹം പറഞ്ഞത്, ശ്രീ. കാർത്തികേയൻ 1996 ഫെബ്രുവരി മാസം 24-ാം തീയതി കൺസൽട്ടൻസി കരാർ വച്ചതുകൊണ്ടാണ് 374 കോടി രൂപയുടെ വർക്ക് നടന്നത് എന്നാണ് പറഞ്ഞത്. ഞാനൊരു കാര്യം ഇവിടെ ഉദ്ധരിച്ചതാണ്. ഇത് രേഖയിലുള്ളതാണ്. സി.ആന്റ്.എ.ജി. പറഞ്ഞത്. The Ministerial delegation which conducted (October 1996) deliberations on the contract with SNC and funding arrangements with EDC and CIDA at Canada did not even consider the fact that SNC was only a consultant intermediary and not the original equipment manufacturer (the supply of goods was actually made under the contracts by Alstom, Canada). The contracts were finally signed (February 1997) with undue haste without ascertaining the reasonableness of prices.

1996 ഒക്ടോബർ മാസത്തിലാണ് ഈ എഗ്രിമെന്റ്. ഈ ചർച്ച നടക്കുന്ന സമയത്ത് ശ്രീ. കാർത്തികേയന്റെ കാര്യമെന്താണ്? ഞാൻ വളരെ വ്യക്തമായി രണ്ട് പ്രാവശ്യം പറഞ്ഞു. 1996 ഫെബ്രുവരി 24-ാം തീയതി, അത് വ്യക്തമായ രേഖയാണ്. അതിനുശേഷം അതിലുണ്ടായിരുന്നെങ്കിൽ ശ്രീ. കാർത്തികേയന്റേത് തന്നെ സപ്ലൈ കോൺട്രാക്റ്റായിരുന്നെങ്കിൽ എന്തിനാണ് ശ്രീ. പിണറായി വിജയന്റെ കാലത്ത് ഇതുപോലൊരു എഗ്രിമെന്റ് ഉണ്ടാക്കിയത്? വളരെ ക്ലിയറായി സി. ആന്റ് എ.ജി. പറയുന്നു; Subsequently the contracts for detailed technical specification and design of equipment, manufacture, shop assembly and testing, painting and packing, delivery and supervision of installation was awarded (February 1997/ July 1998) to the consultants themselves at a total fixed price of 59.95 million Canadian dollars. (Rs. 149.15 Crore) തുടർന്നു പറയുന്നത്; With the award of the above contracts the consultants, (SNC) became contractor for supply of equipment and service as well as installation and the technical services contemplated in the consultancy services സർ, എന്താണ് പറയുന്നത്? വളരെ ക്ലീയറായി പറയുന്നു. with the award of the above contracts, the consultant became contractor for supply of equipment and services. ഇതിൽ ഏത് പാര വായിച്ചാലും, ശ്രീ. മത്തായി ചാക്കോ, രക്ഷയില്ല. യാതൊരു സംശയവുമില്ല. സമയം തന്നാൽ ശ്രീ. മത്തായി ചാക്കോ പറയുന്ന പേരെല്ലാം വായിക്കാം..... (ബഹളം)..... ഇവിടെ പേജ് 3.9 ശരി. ഈ പാര തെറ്റ്. ഞാൻ ആവശ്യമുള്ളതെല്ലാം വായിക്കാം. 3.9 നിങ്ങൾ അംഗീകരിക്കുന്നു. ബാക്കിയുള്ള പാരകൾ അംഗീകരിക്കുന്നുണ്ടോ? 3.9 അംഗീകരിക്കുന്നു; ബാക്കി പാര അംഗീകരിക്കുന്നില്ല. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊണ്ട് വളരെ ക്ലിയറായി സി. ആന്റ് എ.ജി.തന്നെ പറയുന്നത് ഈ കൺസൾട്ടന്റിനെ കൺസൾട്ടൻസി സർവ്വീസ് ഏല്പിച്ചയാളെ സ്പള്ളെ കോൺട്രാക്ടറാക്കി മാറ്റിയത് 1997-ലെ എഗ്രിമെന്റാണ് എന്ന്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ വേറൊരു കാര്യം പറഞ്ഞു. ഞങ്ങൾക്ക് യാതൊരു നിവൃത്തിയുമില്ലായിരുന്നു; ശ്രീ. ജി. കാർത്തികേയൻ അങ്ങനെ ഒപ്പിട്ടതുകൊണ്ട് ഇത് ചെയ്യേണ്ടിവന്നു എന്നൊക്കെ. നിവൃത്തിയുണ്ടായിരുന്നു. അത് കൺസൽട്ടൻസി മാത്രമാണ്. Canadian International Development Agency Office on October 17, 1996 എന്നു പറഞ്ഞിരിക്കുന്നു; ആരാണ് സർ അന്നു മന്ത്രി? Ministerial delegation directly negotiated with SNC Lavalin എന്നാണ് സി. ആന്റ് എ.ജി. പറഞ്ഞത്. അതിന്റെ രേഖയാണ് ഇത്. കനേഡിയൻ ഇന്റർ നാഷണൽ ഡെവലപ്മെന്റ് ഏജൻസി ഓഫീസ് ഒക്ടോബർ 17, 1996. അവിടെ നടന്ന കോൺഫറൻസിന്റെ രേഖയാണിത്. ഇത് വായിച്ചിട്ടും ശ്രീ. കോടിയേരി ബാലകൃഷ്ണൻ മറിച്ചാണല്ലോ പറയുന്നത്. ഇതിൽ പങ്കെടുത്ത ആളുകൾ. ആരൊക്കെയാണെന്ന് ഞാൻ വായിക്കാം. Government of Kerala, Pinarayi Vijayan, Honorable Minister for Electricity, Ministerial delegation, 17-ാം തീയതിയിലെ കോൺഫറൻസ് അതിന്റെ ഒരു ഭാഗം ഞാൻ വായിച്ചതാണെങ്കിലും വീണ്ടും വായിക്കുകയാണ്. The MOU is with Director (Admn.) India for signing, KSEB does not want any revision to the MOU. ഏത് എം.ഒ.യു.? ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയ എം.ഒ.യു. അതിൽ ഒരു മാറ്റവും ഞങ്ങൾക്ക് വേണ്ടയെന്നാണ് ശ്രീ. പിണറായി വിജയന്റെ ഡെലിഗേഷൻ കാനഡയിൽ പറഞ്ഞത്. അതിന്റെ അർത്ഥം എന്താണ്? കോൺഫറൻസിലെ ഡെലിഗേഷൻ നെഗോഷ്യയേറ്റ് ചെയ്യുകയാണ്. നെഗോഷ്യേറ്റ് ചെയ്യുമ്പോൾ അവർ ചോദിക്കുകയാണ് നിങ്ങൾക്ക് വല്ല ചെയിഞ്ചും വേണമോ എന്ന്. ഒരു ചെയിഞ്ചും വേണ്ട അന്നത്തേത് തന്നെ മതി എന്നു പറയുന്നു. പിന്നെ വേണ്ടത് എന്താണ്? ബാക്കിയുള്ള കാര്യമാണ്. ഒരു കാര്യം വളരെ ക്ലിയറാണ്. ഈ എം.ഒ.യു.വിൽ ചെയ്ഞ്ച് വരുത്താനുള്ള അവകാശം ഉണ്ടായിരുന്നു; അത് ഉപയോഗിച്ചില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഗവൺമെന്റിന് വേണമെങ്കിൽ ഈ കരാർ മാറ്റാമായിരുന്നുവെന്നാണ്. എനിക്ക് ചോദിക്കാനുള്ളത് അന്ന് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.തന്നെ വീണ്ടും അധികാരത്തിൽ വന്നിരുന്നുവെങ്കിൽ നിങ്ങൾ ഈ കരാർ തുടരുമായിരുന്നില്ലേ? ആ കരാർ റദ്ദാക്കുമായിരുന്നോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, വളരെ ക്ലിയറായിട്ട് ഞങ്ങൾ പറയുകയാണ്; അന്ന് ഒരു കൺസൽട്ടൻസി വച്ചത് ഞങ്ങളായിരുന്നെങ്കിൽ ഒരു മാനുഫാക്ചറിംഗ് സർവ്വീസും ഇല്ലാത്ത ഈ എസ്.എൻ.സി. ലാവ്‌ലിനെ സ്പള്ളെ കോൺട്രാക്ടറാക്കുമായിരുന്നില്ല. എന്നു മാത്രമല്ല, ഒന്നുകൂടി ഞാൻ പറയാം. ഇവിടെ ഒരു ചിത്രം ഉണ്ടാക്കിയതുപോലെ 387 കോടി രൂപയ്ക്ക് ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. ശ്രീ. രാധാകൃഷ്ണൻപിള്ള എന്ന എഞ്ചിനീയർ ഒരു സ്റ്റഡി നടത്തി. അദ്ദേഹം ഉണ്ടാക്കിയ സ്റ്റഡിയിൽ ഏകദേശം ഇങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റ് വേണ്ടേ എല്ലാത്തിനും? നമുക്ക് ഏതൊക്കെ സാധനമാണ് വേണ്ടത് അതിന് എന്ത് വില വരും; അതിനുള്ള ഒരു സ്റ്റഡി നടത്തി. അത് അദ്ദേഹം ഏകദേശം ഇത്ര രൂപ വരുമെന്നു പറഞ്ഞു. ഇത്രയും പണം നമുക്ക് കിട്ടണം; ഇത്രയും എക്യുപ്മെന്റ് നമുക്ക് കിട്ടണം; അങ്ങനെയാണ് ഒരു പ്രോജക്ടുണ്ടാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു കൺസൾട്ടൻസിക്ക് മാത്രം ശ്രീ. ജി. കാർത്തികേയൻ ഒപ്പിട്ടു. പിന്നെ സി. ആന്റ് എ.ജി. പറഞ്ഞതുപോലെ കാനഡയിലെ ഒരു മാനുഫാക്ചറിംഗ് കമ്പനിയോടുപോലും ചോദിച്ചില്ല. എസ്.എൻ.സി. ലാവ്‌ലിൽ മാനുഫാക്ചററാണോ? ഞാൻ പറയുന്നു, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞങ്ങൾ തിരിച്ചു വന്നിരുന്നുവെങ്കിൽ ഒരിക്കലും എസ്.എൻ.സി. ലാവ്‌ലിനെ സപ്ലൈ കോൺട്രാക്ടറാക്കുമായിരുന്നില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് കരാർ ഒപ്പിട്ടുവെന്നു പറയുന്നത് അതിന്റെ ഹോറിൻ എമൗണ്ട് കുറയ്ക്കാൻ വേണ്ടിയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുസരിച്ച് വില കുറയ്ക്കുകയാണ് ചെയ്തത്. അതുസംബന്ധിച്ച് നിങ്ങളിപ്പോൾ പറയുന്നത് തെറ്റായിരുന്നുവെന്നാണ് പറയുന്നതെങ്കിൽ നിങ്ങൾ ആദ്യം വച്ച കരാറിനകത്ത് 183 കോടി രൂപയ്ക്ക് കരാർ എന്തിനായിരുന്നു വച്ചത്. 20 കോടി രൂപയുടെ കൺസൽട്ടൻസി മാത്രം വച്ചാൽ പോരേ? എന്തിനാണ് 183 കോടി രൂപയ്ക്ക് കരാർ ഉണ്ടാക്കിയത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരിക്കലും ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് എസ്.എൻ.സി.ലാവ്‌ലിനെ സപ്ലൈ കോൺട്രാക്ടറാക്കി 180 കോടി രൂപയുടെ ഒരു കരാറും ഒപ്പിട്ടിട്ടില്ല. .....(ബഹളം) ..... എന്റെ ഉത്തരം വളരെ ക്ലിയർ, ഞാൻ പറയുന്നു; ശ്രീ. കാർത്തികേയന്റെ കാലത്ത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറയുന്നതുപോലെ എസ്.എൻ.സി. ലാവിലിന് 183 കോടി രൂപയ്ക്ക് സപ്ലൈ കോൺട്രാക്ട് നൽകാമെന്നു പറഞ്ഞ് കരാർ ഒപ്പിട്ടിട്ടില്ല. ഒരു രൂപയ്ക്കുവേണ്ടിപോലും ഒപ്പ് വച്ചിട്ടില്ല. ശ്രീ. ജി. കാർത്തികേയൻ എസ്.എൻ.സി. ലാവ്‌ലിനെ സപ്ലൈ കോൺട്രാക്ടറാക്കി.പള്ളിവാസൽ-ശെങ്കുളം-പന്നിയാർ റീഹാബിലിറ്റേഷൻ പ്രോജക്ടിനുവേണ്ടി ഒപ്പിട്ട ഒരു രേഖ നിങ്ങൾക്ക് കാണിക്കാൻ സാധിക്കുകയില്ല.....(ബഹളം)..... അതൊന്നു വായിച്ചേ ഞാൻ ഇരുന്നുതരാം. സപ്ലൈ കോൺട്രാക്ടറാക്കില്ല. അങ്ങനെ പ്രസംഗിക്കാൻ പറ്റില്ല; രേഖ വായിക്കൂ. ഏതാ രേഖ, പറയൂ; ആ രേഖയും പേജും പറയൂ.

ഡോ. തോമസ് ഐസക്: February 24, 1996 Contract for consultant services between KSEB, അതിന്റെ അഡൻഡം നമ്പർ.1 കുറ്റ്യാടിക്ക് ഒപ്പിട്ടിരിക്കുന്നു. സപ്ലൈ കരാർ നോക്ക് .....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ്: അദ്ദേഹം വായിച്ചത് ഞാൻ പറഞ്ഞതു തന്നെ. For consultancy ഞാൻ പറഞ്ഞില്ലേ? കൺസൾട്ടൻസ്, അത് ഞാൻ അങ്ങോട്ടു പറഞ്ഞ് തരാം. preliminary and detailed engineering, preparation of drawing.

LIBRARY ARCHIVES Kerala Legislative Assembly

specification bills, calling for and evaluation of tenders producing civil drawing, അതുപോലെ കുറേ കാര്യം പറഞ്ഞിരിക്കുന്നു. അതിനുള്ള കൺസൾട്ടൻസി എന്നല്ലാതെ, ഇവാലുവേഷൻ, പ്രിപ്പറേഷൻ അതിനെല്ലാമുള്ള കൺസൾട്ടൻസിയാണ്. അതൊക്കെ സപ്ലൈ കോൺട്രാക്ട് ആണെന്ന് ആരു പറഞ്ഞാലും ഡോക്ടർ തോമസ് ഐസക്കിന് അത് പറയാൻ പറ്റുമോ? ഇതു കഴിഞ്ഞാൽ ഒരു കാര്യം വളരെ വ്യക്തമാണ്. എന്തൊക്കെ പറഞ്ഞാലും ഇപ്പോൾ വന്നിട്ട് എന്താണ് പറഞ്ഞത് എന്ന് അറിയാമോ? കുറ്റ്യാടി അത് ഇവിടെ വരാൻ പോകുന്നു. ഇനി വരാൻ പോകുന്നത്, ...(ബഹളം) ..... ഞാൻ ഒരു കാര്യം പറയട്ടെ. മലബാർ ക്യാൻസർ സെന്ററിന്റെ കാര്യങ്ങൾ പറഞ്ഞു. കോടിയേരിക്ക് താല്പര്യമുള്ള കേസ്സാണെന്ന് എനിക്ക് നല്ലതുപോലെ അറിയാം. മലബാർ ക്യാൻസർ സെന്ററിനെ സംബന്ധിച്ച് എന്താണ് ഇവിടെ പറഞ്ഞത്? 86 കോടി രൂപ കിട്ടാത്തതിനു ഉത്തരവാദി ശിവദാസൻ വക്കീലാണ്. എന്തും പറയാമെന്നല്ലേ? പറയാനേ പറ്റുകയുള്ളൂ. ഈ മലബാർ ക്യാൻസർ സെന്ററിന് 103.50 കോടി രൂപയുടെ ഒരു പ്രോജക്ട്. അതും ഇതിന്റെ ഭാഗമാണ്. അത് പിണറായി വിജയന് 1997-ൽ അന്നത്തെ ഹൈക്കമ്മീഷണർ അയച്ച കത്തിൽത്തന്നെ സമ്മതിച്ചു എന്നു മാത്രമല്ല, സി. ആന്റ് എ.ജി. റിപ്പോർട്ടിലും ആ ഭാഗം ഇതിന്റെ ഭാഗമാണെന്ന് പറഞ്ഞു. എസ്.എൻ.സി. ലാവ്‌ലിൻ തന്നെ connected with the rehabilitation project എന്നാണ് പറഞ്ഞത്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഇവിടെ വായിച്ചതാണ്. ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ബഹുമാന്യനായ മന്ത്രി ഈ ചർച്ചയ്ക്ക് ഗവൺമെന്റിനു വേണ്ടിയാണ് മറുപടി പറയേണ്ടത്. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്ന കാര്യം ആവർത്തിക്കുകയല്ല വേണ്ടത്. ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത് എന്നാണ് സഭയ്ക്ക് അറിയേണ്ടത്. ഗവൺമെന്റിനുവേണ്ടി ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ മന്ത്രി പറയുന്നതിന് വ്യത്യസ്തമായിട്ടാണ് കെ.എസ്.ഇ.ബി. അഫിഡവിറ്റിൽ കൊടുത്തിരിക്കുന്നത്. അപ്പോൾ ഹൈക്കോടതിയിൽ കൊടുത്തത് ഗവൺമെന്റ് അഭിപ്രായമല്ല. ഇവിടെ പറയുന്നതാണ് അഭിപ്രായം. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത് ആവർത്തിക്കുകയാണോ ഗവൺമെൻറ് ചെയ്യുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു സംശയവും വേണ്ടാ. ഹൈക്കോടതിയിൽ എന്തു കൊടുത്തുവെന്നാണ് പറയുന്നത്. 500 കോടി രൂപ നഷ്ടം വരുത്തി എന്ന് അല്ലല്ലോ? ..... (ബഹളം) ..... 316 കോടിയേ ഞങ്ങൾ പറയുന്നുള്ളൂ. ഹൈക്കോടതിയിൽ നന്ദകുമാർ കൊടുത്ത കേസിൽ 500 കോടി രൂപയാണ്. നിങ്ങൾ അത് സമ്മതിക്കുക. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ ഞങ്ങൾ സമ്മതിക്കാം. സത്യം അതല്ലേ? 316 കോടി രൂപയേ ഉള്ളൂ. .....(ബഹളം) ..... I am coming that point. ..... (ബഹളം) ..... പറയാം..... .....(ബഹളം) ..... അതു തന്നെയാണ് സർ .....(ബഹളം) ..... ഇതിന് മറുപടി പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹൈക്കോടതിയിൽ കൊടുത്തില്ലേ? അത് പറയൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് പറയാം..... (ബഹളം) ..... അതിനു മറുപടി പറയട്ടെ. കോടിയേരി ചോദിച്ചതിനു മറുപടി പറയാൻ ജയരാജൻ സമ്മതിക്കുകയില്ല എന്നു പറഞ്ഞാൽ, എനിക്കു മനസ്സിലായ ഒരു കാര്യം ഞാൻ പറയാം: കോടിയേരി വളരെ നന്ദി. ഹൈക്കോടതിയിൽ കൊടുത്തു. ശരിയാണ്. ഇതു തന്നെയാണ് ഞാൻ പറയുന്നത്. മലബാർ ക്യാൻസർ സെന്ററിന്റെ കാര്യത്തിൽ ഞങ്ങൾക്ക് ഒരു ബന്ധവുമില്ല. ഹൈക്കോടതിയിൽ കെ.എസ്.ഇ.ബി ബോർഡ് പറഞ്ഞു, എന്താണ് കാര്യം? അറിയാമോ? മലബാർ റി-ഹാബിലിറ്റേഷൻ പ്രോജക്ട്, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ .....(ബഹളം) ..... ഞാൻ പറഞ്ഞു കഴിയട്ടെ. ..... (ബഹളം) ..... റി-ഹാബിലിറ്റേഷൻ പ്രോജക്ടിന്റെ ഭാഗമായിട്ടാണ് 103.50-ത്തിൽ വന്നത്. അതിൽ 98.30 കോടി രൂപ നല്കേണ്ടത് എസ്.എൻ.സി. ലാവ്‌ലിനും അതുപോലെ സിഡയും ക്യൂബിക് ഗവൺമെൻറുമാണ്. അങ്ങനെയാണ് പത്ര പ്രസ്താവന നായനാരുടെ ഓഫീസിൽനിന്നും ഇറക്കിയത്. ഇതെപ്പോഴാണ്. എന്തു ചെയ്യുമെന്നു അറിയാമോ? ഇതിന് കെ.എസ്.ഇ.ബി.യുമായിട്ടാണ് ഏർപ്പാട്. അവിടെനിന്നും മി. രാജഗോപാലിന് അയച്ച കത്താണ്. S.N.C. Lavelin is directly connected with the rehabilitation project എന്നു പറഞ്ഞ് അയച്ച കത്താണ്. അതുപോലെ ഹൈക്കമ്മീഷണർ അയച്ച കത്തുണ്ട്. അപ്പോൾ അതിന്റെ ഭാഗമാണ്. പക്ഷേ എന്ത് ചെയ്തെന്ന് അറിയാമോ? അന്നുതന്നെ മലബാർ ക്യാൻസർ സെന്ററിന്റെ കാര്യം പറഞ്ഞു. ആ പണം എന്തു ചെയ്തു എന്നൊന്നും ഞാൻ പറയുന്നില്ല. ഞാൻ മന്ത്രിയാണല്ലോ? ആ എഗ്രിമെന്റിൽ വച്ചില്ല. ആ എഗ്രിമെൻറിൽ വയ്ക്കാത്തതുകൊണ്ട് കെ.എസ്.ഇ.ബി.യും അതുപോലെ തന്നെ ഈ മലബാർ ക്യാൻസർ സെന്ററും തമ്മിൽ യാതൊരു ബന്ധവുമില്ല. ..... (ബഹളം) ..... ശ്രീ. ജയരാജനും മറ്റും അവസാനം വഴങ്ങാം.

മി. എം.വി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്നോടാണ് ചോദിക്കേണ്ടത്. .....(ബഹളം)..... അതൊക്കെ എനിക്കറിയാം. നിങ്ങൾ അങ്ങോട്ട് നോക്കിയുള്ള സംസാരം വേണ്ട.

ശ്രീ. എം. വി. ജയരാജൻ: പോയിന്റ് ഓഫ് ഓർഡർ ആണ്. അങ്ങ് പൂർണ്ണമായി അവാസ്തവ പ്രസ്താവന നടത്തിക്കൊണ്ടിരിക്കുകയാണ്. .....(ബഹളം) .....

മി. സ്പീക്കർ: ഇങ്ങോട്ടു നോക്കി പറയൂ. എന്തിനാണ് അങ്ങോട്ടു നോക്കുന്നത്?

ശ്രീ. എം. വി. ജയരാജൻ: അങ്ങയോടു ചോദിക്കാൻ അങ്ങല്ല അവാസ്തവ പ്രസ്താവന നടത്തുന്നത്. അതുകൊണ്ടാണ് ശ്രീ. ആര്യാടനെ നോക്കിയത്.

മി. സ്പീക്കർ: അങ്ങോട്ടു നോക്കുകയാണെങ്കിൽ മിസ്‌ലീഡിംഗ് വരും.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി, ഇനി ഞാൻ അങ്ങയോടു പറയാം. ഹൈക്കോടതിയിൽ അങ്ങനെ പറഞ്ഞിട്ടില്ല എന്ന് മന്ത്രി പറയുകയാണ്. അങ്ങനെ അവാസ്തവ പ്രസ്താവന നടത്തിക്കൂടാ അത് 307 നീക്കം ചെയ്യണം.

മി. സ്പീക്കർ: കഴിഞ്ഞില്ലേ?..... (ബഹളം) ..... കൂടുതൽ പ്രസംഗമൊന്നും വേണ്ട.

ശ്രീ. എം. വി. ജയരാജൻ: സർ, കോടതിയിൽ കൊടുത്ത counter affidavit page No.10, as there is no loss sustained to the Board എന്ന് കൃത്യമായി ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിട്ടാണ് ഇവിടെ വന്ന് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസംഗം നടത്തുന്നത്. പേജ് നമ്പർ 10. ഇത് രാഷ്ട്രീയ പ്രസംഗമല്ല.

മി. സ്പീക്കർ: ഓരോ രേഖയിലുമുള്ള കാര്യങ്ങളെ സംബന്ധിച്ച് ചെയറിന് ഒരു ഉത്തരവും പറയാൻ കഴിയുകയില്ല. ഞാൻ ആ രേഖ കണ്ടിട്ടില്ല. മിനിസ്റ്റർ, മിനിസ്റ്ററുടെ ഭാഗം പറയുന്നു. ശ്രീ. ജയരാജൻ, അദ്ദേഹത്തിന്റെ ഭാഗം പറയുന്നു. മിനിസ്റ്റർ പറയുന്നതിൽ എന്തെങ്കിലും സത്യവിരുദ്ധമായി ഉണ്ടെങ്കിൽ അതിന് അതിന്റേതായ നടപടിക്രമം എടുക്കുന്നു. അല്ലാതെ എനിക്ക് അതിന് റൂളിംഗ് കൊടുക്കുവാൻ പറ്റുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, മലബാർ ക്യാൻസർ സെന്ററും കെ.എസ്.ഇ.ബി.യും തമ്മിൽ യാതൊരു ബന്ധവുമില്ലേ? ശരിക്കും ബന്ധമുണ്ട്. കെ.എസ്.ഇ.ബി.യുടെ റി-ഹാബിലിറ്റേഷൻ പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ഈ പറയുന്ന ക്യാൻസർ സെന്റർ വന്നത്. പക്ഷേ ബോധപൂർവ്വം അന്നത്തെ ഗവൺമെന്റ് എന്തു ചെയ്തു? ഈ പറയുന്ന മലബാർ ക്യാൻസർ സെന്ററിനുവേണ്ടി സെപ്പറേറ്റ് എം.ഒ.യു.വച്ചു. അതിൽ ഇലക്ട്രിസിറ്റി ബോർഡിനെ കക്ഷി ചേർക്കുകകൂടി ചെയ്തിട്ടില്ല. അതിൽ കക്ഷി ചേർത്ത് ഈ എഗ്രിമെന്റിന്റെ ഭാഗമാക്കിയിരുന്നുവെങ്കിൽ 98 കോടി 30 ലക്ഷം രൂപ നഷ്ടപ്പെടുമായിരുന്നില്ല. അവർക്കു നല്കുന്ന പണത്തിൽനിന്ന് നമുക്ക് അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നു. അതുപോലെ മലബാർ ക്യാൻസർ സെന്റർ ആന്റ് എസ്.എൻ.സി. ലാവ്‌ലിൻ. ബോധപൂർവ്വം കെ.എസ്.ഇ.ബി.യെ മാറ്റിനിർത്തി. അതു കൊണ്ട് കെ.എസ്.ഇ.ബി.ക്ക് ഈ ഇടപാടിൽ നഷ്ടമുണ്ടായിട്ടില്ല. കെ.എസ്.ഇ.ബി.ക്ക് അതുമായി ബന്ധമില്ല എന്നുള്ള കാര്യം പറഞ്ഞിട്ടുണ്ട്. .....(ബഹളം).....ഇവിടെ പറഞ്ഞുവന്നത്..... സർ.....ഇതൊക്കെ പറയാൻ സമ്മതിക്കണ്ടേ? ഒരു കാര്യം കൂടി ഞാൻ പറയട്ടെ. .....(ബഹളം) .....കേരള ഹൈക്കോടതിയിൽ കൊടുത്ത.....(ബഹളം) .....കേരള ഹൈക്കോടതിയിൽ കൊടുത്ത.....(ബഹളം) .....ഒരു കാര്യം കൂടി പറയട്ടെ. ..... (ബഹളം) .....കേരള ഹൈക്കോടതിയിൽ കൊടുത്ത .....(ബഹളം) .....ഇത് എന്തു കഷ്ടമാണ്? .....(ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ എല്ലാ ആളുകളും സംസാരിച്ചു. സംസാരിക്കുന്നതിൽ വിയോജിപ്പുണ്ടാകാം, തെറ്റുകളുണ്ടാകാം. പക്ഷേ അസഹിഷ്ണുത കാണിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. പറയാനുള്ളത് പറയട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: മലബാർ കാൻസർ സെന്ററിന് പണം കിട്ടാത്തത് ശ്രീ. എ. കെ. ആന്റണിയും ശ്രീ. ശിവദാസൻ വക്കീലും വേണ്ടതുപോലെ ശ്രമിക്കാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. മാത്രമല്ല, ശ്രീ.കോടിയേരി ബാലകൃഷ്ണൻ കുറച്ചുകൂടി കടന്നു പറഞ്ഞു. എസ്.എൻ.സി. ലാവ്‌ലിൻ ശിവദാസൻ വക്കീലനെ കണ്ടതുകൊണ്ട് 86 കോടി രൂപ നഷ്ടപ്പെട്ടു എന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ശിവദാസൻ വക്കീലിനു ശേഷം ഞാൻ ചെയ്ത കാര്യം, SNC Lavelin November 30, 2000, assistance to set up a Cancer hospital at Tellicherry. അതിൽ അവസാനം ഈ ഡേറ്റിന് അയച്ച കത്ത്. അന്ന് ശ്രീ. എസ്.ശർമ്മ ആയിരുന്നു മന്ത്രി. November 30, 2000, though our effort is to obtain 98.3 crores for project we could confirm the assistance of Rs.25.30 crores this will be spent for the hospital at the earliest. Our effort is continuing and as per the progress we will confirm you the amount of further assistance in respect of the same. എന്താണ് പറഞ്ഞത്? 25.30 കോടിരൂപ ഇമ്മീഡിയറ്റായി തരാം. എസ്.എൻ.സി. ലാവ്‌ലിൻ മലബാർ ക്യാൻസർ സെന്ററിന് അയച്ച കത്താണ്. നിങ്ങൾക്ക് ലാവ്‌ലിനെയല്ലേ വിശ്വാസം? അവരുടെ കത്താണല്ലോ ഞാൻ വായിക്കുന്നത്. ആ കത്തിന്റെ അടിസ്ഥാനത്തിൽ 2001-ൽത്തന്നെ ഒരു അക്കൗണ്ട് അവിടെ തുടങ്ങി. അതിനുശേഷം സെൻട്രൽ ഗവണ്മെന്റിന്റെ ഇടപെടൽ ഇതിൽ വരികയും ചെയ്തു. ഈ പണം കിട്ടുമെന്നുദ്ദേശിച്ച് അതിന്റെ ശ്രമങ്ങൾ നടത്തി. അതുകഴിഞ്ഞ് 2001 സെപ്റ്റംബർ 5-ന് ശ്രീ. ശിവദാസൻ വക്കീലിന്റെ കാലത്ത് ഉടനെ 25,30,00,000 രൂപ തരാൻ റെഡിയാണെന്നു പറഞ്ഞ് എസ്.എൻ.സി. ലാവ്‌ലിൻ ഇങ്ങോട്ട് കത്തയച്ചു. അതിനുശേഷം നവംബർ 30-ന് ഗവണ്മെന്റ് മാറി. 2001 സെപ്റ്റംബർ 5 -ൽ അയച്ച കത്തിൽ പറയുന്നത് To Dear Sri. N.V. Madhavan, arranging for financing the balance of the facilities will not be easy. 25,30,00,000 രൂപ ഉടനെ തരാമെന്നു പറഞ്ഞെങ്കിലും തന്നില്ല. അതുമാത്രമല്ല, ...(ബഹളം).....മലബാർ കാൻസർ സൊസൈറ്റിക്ക് കത്ത് കിട്ടുന്നതിനു മുമ്പ്, ആദ്യത്തെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 25 കോടി 30 ലക്ഷം രൂപ. അതുകഴിഞ്ഞ് ബാക്കി എമൗണ്ട് പിന്നീട് തരാമെന്ന് പറഞ്ഞു. arrange ചെയ്യാം, efforts will continue. അതു കഴിഞ്ഞു. വാസ്തവത്തിൽ വിദേശപണം സ്വീകരിക്കണമെങ്കിൽ ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് ബാധകമാണ്. അതനുസരിച്ച് ഇന്ത്യാ ഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങിയിരുന്നില്ല. ആ സന്ദർഭത്തിൽ ഈ ഗവൺമെന്റ് വന്ന് മേയ് മാസം 3-ാം തീയതി ഇതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ ഹോം മിനിസ്ട്രിയിൽ ശ്രമം നടത്തി. 8 കോടി 96 ലക്ഷം രൂപ ചെലവായി. അത് ആർ അയച്ചു. എങ്ങനെ വന്നു; ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് അനുസരിച്ച് സമ്മതം വാങ്ങിയോ? അതൊന്നും ചെയ്തിട്ടില്ല. അത് മുഴുവൻ ലംഘിച്ചു. പെർമിഷന്

LIBRARY ARCHIVES Kerala Legislative Assembly

അപ്ലൈ ചെയ്തപ്പോൾ അവർ സമ്മതം തന്നുവെന്നാണ് ഇവിടെ പറഞ്ഞത്. അപ്പോൾ ഇതിനുമുമ്പ് വാങ്ങിയ പണത്തെക്കുറിച്ച് അവർ പറഞ്ഞു. പാരഗ്രാഫ് 2-ൽ WHEREAS acceptance of foreign contribution by the association is punishable in terms of provisions of Section 23, read with Section 6 of the Act. ആറാമത്തെ പാരഗ്രാഫിൽ അവർ പറയുന്നത് The association, Association means the Malabar Cancer Society. The association shall be maintained a separate set of accounts and records exclusively for the foreign contribution received under Contribution Regulation Rules 1976 hereafter referred to as the Rule. അതനുസരിച്ച് സെപ്പറേറ്റ് അക്കൗണ്ട് വയ്ക്കണമെന്നും അതിന്റെ വരവ് ചെവല് എല്ലാം ഹോം മിനിസ്ട്രിയെ അറിയിക്കണമെന്നും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 17.5.2001-ൽ തലശ്ശേരിയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഒരു സെപ്പറേറ്റ് അക്കൗണ്ട് തുടങ്ങുകയും ചെയ്തു. ആ സെപ്പറേറ്റ് അക്കൗണ്ടിൽ 300 രൂപ മലബാർ കാൻസർ സെന്റർ ഇട്ടു. അവിടെ ഇപ്പോൾ അത് അഞ്ചുറിൽ ചിലാനം രൂപയായി. പക്ഷെ ഒരു പൈസപോലും ഫോറിൻ കോൺട്രിബ്യൂഷൻ ആ അക്കൗണ്ടിലേയ്ക്ക് വന്നിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ പറയുന്നത്, further exercise of the power conferred by Section 21 of the Act, the Central Government hereby exempt the association from the application for Section 23. സെക്ഷൻ 23 വരെയുള്ളത് അവർ ഒഴിവാക്കിക്കൊടുത്തു. ഇവരുടെ അറിവില്ലായ്മ കൊണ്ടാണ് എന്നൊക്കെ പറഞ്ഞുകാണും. ആ പണം എങ്ങനെയാണ് വന്നത്? ഇവിടെ ടെക്നിക്കാലിയ പറയുന്നത്, 25,30,00,000 രൂപ റെഡിയാണ് ഉടൻ തരാമെന്ന് ആദ്യം പറയുകയും പിന്നെ ഫണ്ട് റെയ്സ് ചെയ്യുന്നതിൽ കുറച്ച് ബുദ്ധിമുട്ടാണെന്ന് പറയുകയും ചെയ്തു. ഞങ്ങൾ ശ്രമിച്ചില്ലെന്ന് പറഞ്ഞല്ലോ. അതുകഴിഞ്ഞ് അന്നത്തെ സെക്രട്ടറി ശ്രീ. ശിവദാസൻ വക്കീലിന്റെ നിർദ്ദേശപ്രകാരം നിരവധി കറസ്പോണ്ടൻസ് നടത്തി. അവസാനം 2004 ഫെബ്രുവരി 6-ന് അന്നത്തെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ലിസി ജേക്കബ് സഹായം ചോദിച്ച് എഴുതിയ കത്തിന് ഹൈകമ്മീഷണർ നൽകിയ മറുപടി ഞാൻ വായിക്കാം. Thank you for the letter expressing ..... Canadian assistance ..... അതൊക്കെ പറഞ്ഞിട്ട് പറയുകയാണ്, with regards to your request for additional funding from the Canadian International Development Agency for the Malabar Cancer Centre, this is to inform you that we are not in a position to provide any additional funding. അതു കഴിഞ്ഞ് ശ്രീ. ശിവദാസൻ വക്കീൽ മസ്ക്കറ്റ് ഹോട്ടലിൽ എസ്.എൻ.സി. ലാവ്‌ലിൻകാരെ കണ്ടപ്പോൾ, അതിനുശേഷം കിട്ടിയില്ലെന്ന് പറയുന്നത് ദുരൂഹതയെന്നാണല്ലോ ശ്രീ. കോടിയേരി പറഞ്ഞത്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ സെക്രട്ടറിക്ക് ഇങ്ങനെ ഒരു കത്തെഴുതാൻ ധൈര്യം വരുമോ; അതെഴുതിയാൽ മറുപടി ഇങ്ങനെയാണോ വരുന്നത്? ഇത് വളരെ ക്ലിയറാണ്. 98 കോടി രൂപ ഇല്ല. അവസാനം കളക്ടു ചെയ്തു എന്നു പറഞ്ഞു വച്ച പണം ഇല്ല. അവിടത്തെ ഹൈ കമ്മീഷണർ എഴുതിയിരിക്കുന്നു; 1997-ൽ ശ്രീ. പിണറായി വിജയൻ....., ഞാൻ ആ കത്ത് ഇവിടെ ഹാജരാക്കിയതാണ്. SNC Lavalin is collecting/obtaining money from various

LIBRARY ARCHIVES Kerala Legislative Assembly

Government agencies. അതുകഴിഞ്ഞതിനുശേഷം ഇവിടെ ട്രേഡ് കമ്മീഷൻ ഡൽഹിയിൽ വച്ച് തങ്ങൾ ഇടപെടുമെന്ന് പറഞ്ഞു. ഞാൻ ഹൈക്കമ്മീഷണർക്ക് കത്തെഴുതി. അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി എന്താണെന്ന് അറിയാമോ? "ഞങ്ങൾക്ക് ഇതുമായി ഒരു ബന്ധവും ഇല്ല" എന്ന്. മാത്രമല്ല, ട്രേഡ് കമ്മീഷന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞ ഭാഗം വായിക്കാം. December 19, 2005, Hon'ble Aryadan Mohammed, Minister for Power – In earlier letter 9th September 2005, you enquired about the meaning of media report of alleged comments of the State Commissioner of Canada. These comments were reported out of context and do not change the position of Canadian Government in the matter of NTC (National Trading Commission). എന്നുപറഞ്ഞാൽ ഞങ്ങൾക്ക് ആദ്യം എഴുതി തരാൻ പറ്റില്ലെന്ന്. ഞാൻ എഴുതിയപ്പോഴും അങ്ങനെ എഴുതി, ശ്രീ. ശിവദാസൻ വക്കീലിന്റെ കാലത്ത് എഴുതിയപ്പോഴും പറഞ്ഞു. എന്നിട്ട് പറഞ്ഞു, The Commission was replying to a question of a general nature regarding how and whether the Government of Canada would interfere in the business decision of Canadian Company. അതാണ് പറഞ്ഞത്. അല്ലാതെ ട്രേഡ് കമ്മീഷൻ പറഞ്ഞതു പോലെ അല്ല. എല്ലാം കഴിഞ്ഞ് ഞാൻ മൂന്ന് നാല് ലെറ്റർ അയച്ചു. അതിനെല്ലാം മറുപടി വന്നു. ആ മറുപടിയിലെല്ലാം തരാൻ കഴിയില്ലെന്നാണ് പറഞ്ഞത്. ഒരു കാര്യം വളരെ വ്യക്തമാണ്. ഇതിനെല്ലാം വന്ന മറുപടി ഒരുപോലെയാണ്. ഒരു കാര്യം വളരെ ക്ലിയറാണ് ഇപ്പോൾ ഇവിടെ പറഞ്ഞത് ടെക്നിക്കാലിയയ്ക്ക് എട്ടൊൻപത് കോടി രൂപയ്ക്ക് അടുത്ത് കിട്ടി എന്നാണ്. പതിനൊന്നേമുക്കാൽ കോടി രൂപ എന്നു പറയുന്നത് ടെക്നിക്കാലിയയുടെ കൺസൾട്ടൻസി ഫീസും കൂടി കൂട്ടിയിട്ടാണ്. 98.30 കോടിരൂപ കിട്ടേണ്ടിടത്ത് എട്ടിൽ ചിലവാനം കോടി രൂപയാണ് കിട്ടിയത്. ആരാണ് ടെക്നിക്കാലിയയെ വച്ചത്? അന്ന് കനേഡിയൻ ഡിസ്ക്കഷൻ സമയത്ത് സിഡയുമായി നേരിട്ട് ഇടപെട്ടിരുന്നുവെങ്കിൽ പണം തരുമായിരുന്നു. അവസാനം ഹൈ കമ്മീഷണർ എനിക്കെഴുതിയ കത്തിൽ പറഞ്ഞത് എന്താണെന്നോ. കനേഡിയൻ ഗവൺമെന്റിന്, 'സിഡ' (അത് ഒരു ഗവൺമെന്റ് ഏജൻസിയാണ്), 1.8 മില്യൻ ഡോളർ മാത്രമാണ് കൊടുക്കാൻ ഏറ്റത്. അതിന് ഞങ്ങൾ എസ്.എൻ.സി. ലാവ്‌ലിനുമായി കരാർ ഉണ്ടാക്കിയിരിക്കുകയാണ്. അപ്പോൾ ഞാൻ എഴുതി കരാറിന്റെ കോപ്പി വേണമെന്ന്. ആ കരാറിന്റെ കോപ്പി കൈയിലുണ്ട്. മലബാർ ക്യാൻസർ സെന്ററോ, കേരള ഗവൺമെന്റോ ആയിട്ട് ഒരു ബന്ധവും 'സിഡ'യ്ക്ക് ഉണ്ടായിട്ടില്ല. എസ്.എൻസി ലാവ്‌ലിൻ എഗ്രിമെന്റ് ഉണ്ടാക്കിയത് 'സിഡ'യുമായിട്ടാണ്. അതിന് എസ്.എൻസി ലാവ്‌ലിനെ അധികാരപ്പെടുത്തിയതാരാണ്? ശ്രീ. കാർത്തികേയന്റെ എഗ്രിമെന്റിനെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ? കുറ്റ്യാടി പദ്ധതിയെക്കുറിച്ചുള്ള ചർച്ച വരട്ടെ, അപ്പോൾ ഞാൻ ഇതിന്റെ ബാക്കി പറയാം. ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് ക്ലിയറായി വയലേറ്റ് ചെയ്തു. അതുപോലെ ടെക്നിക്കാലിയ എന്നുപറയുന്നതും ആരും അറിയാത്തതും ആയ തമിഴ്നാട്ടിലെ ഒരു കോൺട്രാക്ടറുടെ കൈയിൽ ഈ പണം എങ്ങനെവന്നു?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പണം വരാൻ പാടില്ല. അത് ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ടിന്റെ വയലേഷനാണ്. മലബാർ ക്യാൻസർ സെന്ററിനോട് ഇതിനേക്കാളും വലിയ ചതിവ് ഇവർ നടത്താനില്ല. അതോടൊപ്പം കിട്ടേണ്ട 98.30 കോടി രൂപ വാങ്ങിയില്ലെന്ന് മാത്രമല്ല, മറ്റെന്തൊക്കെ ചെയ്തു എന്ന് ഈ കസേരയിലിരുന്നു കൊണ്ട് ഞാൻ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഒരു കാര്യം കൂടി പറയട്ടെ. ഇവിടെ മലബാർ ക്യാൻസർ സെന്റർ യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി.-യുടെ റീഹാബിലിറ്റേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ടതാണല്ലോ. അവരുടെ കത്തുകളുണ്ട്. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ ഉണ്ട്. എന്നാൽ അവരെ കക്ഷി ചേർത്തില്ല. അത് ബോധപൂർവ്വമാണ്. എന്തിനാണ് അവിടെ എം.ഒ.യു. വച്ചത്? എന്തിനു വച്ചു. ഈ കരാറിന്റെ ഭാഗമാക്കിക്കൂടായിരുന്നില്ലേ? നിങ്ങൾക്ക് അതിൽ മറ്റ് ഉദ്ദേശം ഇല്ലായിരുന്നെങ്കിൽ കരാറിന്റെ ഭാഗമാക്കാമായിരുന്നു. അത് നിങ്ങൾ ആക്കിയില്ല. ചെയ്യേണ്ടതൊക്കെ ചെയ്തിട്ട് ബാക്കിയുള്ള ആളുകളെ കുറ്റംപറയുന്ന സമ്പ്രദായം നിങ്ങൾ നിർത്തണം. എ. കെ. ആന്റണി ഗവൺമെന്റിന് ഇതുമായി ഒരു ബന്ധവും ഇല്ല. നിങ്ങൾക്കൊന്നും പ്രതീക്ഷിക്കാൻ കഴിയാത്തത്ര പരിശുദ്ധനായ നേതാവാണ് ശ്രീ. എ. കെ. ആന്റണി.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. എ. കെ. ആന്റണി വളരെ പരിശുദ്ധനാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെ ഇവിടെ സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ പണം കിട്ടാൻ യാതൊരു മാർഗ്ഗവും ഇല്ല. ശ്രീ. കാർത്തികേയൻ പണം വാങ്ങിയത് കുറ്റ്യാടിയുടെ പേരിലാണ്. അത് ശ്രീ. കാർത്തികേയന്റെ വീട്ടിലേക്കല്ല, ഇലക്ട്രിസിറ്റി ബോർഡിന്. കുറ്റ്യാടി പദ്ധതിയെ സംബന്ധിച്ചുള്ള ചർച്ച വരുമ്പോൾ ഞാൻ അതു പറയാം. ഇതിനും പണം കിട്ടുമായിരുന്നു. ആ പണം കിട്ടാതാക്കി. 5 കോടി രൂപ വരും. 98.30 കോടി രൂപ എസ്.എൻ.സി. ലാവ്‌ലിനും 'സിഡ'യും അതുപോലെ ക്യൂബിക് ഗവൺമെന്റ് തരാമെന്ന് ഏറ്റിരുന്നതാണ്. ക്യൂബിക് ഗവൺമെന്റിന് ഡിന്നർ ഒക്കെ കൊടുത്തല്ലോ? ക്യൂബിക് ഗവൺമെന്റ് ഒരു നയാ പൈസ തന്നതിന് റിക്കോർഡുണ്ടോ? എന്നു മാത്രമല്ല, ഹൈ കമ്മീഷണർ പറയുന്നത് 1.8 മില്ല്യൻ 'സിഡ' തരാമെന്ന് ഏറ്റിട്ടുള്ളത് കൊടുത്തു എന്നാണ്. ഇവിടെ ലാവ്‌ലിന്റെ വേറെ 25,30,00,000 രൂപ ഞങ്ങളുടെ കൈയിലുണ്ട്. ഉടനെ തരാമെന്ന് പറഞ്ഞു. എവിടെപ്പോയി ആ പണം? നിങ്ങളുടെ കാലത്തല്ലേ? .....ബഹളം..... ശ്രീ. എ. കെ. ആന്റണിയുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ടാമത് കത്ത് എഴുതുന്നത്. അപ്പോഴാണ് തരില്ലെന്ന് പറയുന്നത്. എന്നു മാത്രമല്ല, വേറെ വേലകൂടി വച്ചു. ഞാൻ അതിപ്പോൾ കോട്ട് ചെയ്യുന്നില്ല. ആദ്യത്തെ എം.ഒ.യു. വിന് ഘടകവിരുദ്ധമായി, അവർ കൊടുക്കുന്ന പണമൊക്കെ കേരള ഗവൺമെന്റ് റീ-ഇമ്പേഴ്സ് ചെയ്യണമെന്നു പറഞ്ഞ് ഒരു ഡ്രാഫ്റ്റ് എഗ്രിമെന്റ് കൊടുത്തു. ശ്രീ. ശർമ്മ അത് തള്ളി. അതു തന്നെ ശ്രീ. ശിവദാസൻ വക്കീലും തള്ളി. ശ്രീ. ശർമ്മ ഒന്നാംതരമായി

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി അത് കൈകാര്യം ചെയ്തു. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ശ്രീ. കോടിയേരി ഇവിടെ പറഞ്ഞു. ഞങ്ങളുടെ വീക്ഷണം പത്രത്തിന് മൂന്ന് എഡിഷൻ ഉണ്ട് എന്നും 15 കോടിയോളം പത്രം പ്രിന്റ് ചെയ്യുന്നുണ്ടെന്നും. ഞങ്ങൾക്ക് പ്രസ്സില്ല വാടകക്കെട്ടിടത്തിലാണ് പത്രം അടിക്കുന്നത്. അവിടെ 15 കോടിയാണെങ്കിൽ എത്ര ആയിരം കോടി വരും ദേശാഭിമാനിയുടെ എഡിഷനൊക്കെ നോക്കിയാൽ. അതുകൊണ്ടു തന്നെയാണ് സിദ്ധാർത്ഥ മേനോനെ അവിടെ വച്ചത്. പാട്ടമെടുത്ത് പിരിച്ച് ഉണ്ടാക്കി എന്നൊക്കെയാണല്ലോ 'ദേശാഭിമാനി' പത്രത്തെക്കുറിച്ച് പറയുന്നത്? ശ്രീ. പിണറായി പറഞ്ഞു ഇരുപതിനായിരം കോടി രൂപയുടെ ക്രമക്കേട് യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ഉണ്ടായിരുന്നുവെന്നും സി. ആന്റ് എ.ജി. റിപ്പോർട്ടിൽ വന്നിരിക്കുന്നു എന്നും. അത് കാണിച്ചുതന്നാൽ ഞാൻ രാഷ്ട്രീയം വിടാൻ തയ്യാറാണ്. ശ്രീ. കോടിയേരിയോട് ഞാൻ ചോദിക്കുന്നു; അതിനു തയ്യാറുണ്ടോ എന്ന്? ഈ സംസ്ഥാനത്ത് രാഷ്ട്രീയ അഴിമതി തുടങ്ങിയത് ആരാണ്? 1957-ലെ ആന്ധ്രാ അരിക്കച്ചവടം മുതൽ അഴിമതി തുടങ്ങിയില്ലേ ശ്രീ. കോടിയേരി? കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് പി. ടി. രാമൻ നായർ അന്വേഷിച്ചിട്ട് അവസാനം ഈ പറഞ്ഞ രണ്ട് കാര്യങ്ങളും തെളിയിച്ചു. ആ എൻക്വയറി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞവരാണ് ആ ഭാഗത്ത് ഇരിക്കുന്നവർ. ഈ സഭയിൽ വച്ച് ഇ.എം.എസ്-ന്റെ ഭരണ കാലത്ത് കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ പാരമ്പര്യം ഉള്ളവരാണ് ആ ഭാഗത്ത് ഇരിക്കുന്നത്. ഞങ്ങൾ തള്ളിക്കളഞ്ഞിട്ടില്ല. ഏതായാലും ഞാൻ ഒരു കാര്യം പറയുന്നു. .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ കുറെ കാര്യങ്ങൾ പറഞ്ഞല്ലോ? നമ്മൾ പറഞ്ഞ ഒരു കേസുണ്ടല്ലോ ബ്രഹ്മപുരം. അതിൽ 400 കോടി തട്ടിയ ശ്രീ. പത്മരാജൻ വക്കീലിനെ നിങ്ങൾ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ആക്കിയില്ലേ? അതല്ലേ നിങ്ങളുടെ പാരമ്പര്യം?

ശ്രീ. ആര്യാടൻ മുഹമ്മദ്: പിൻബഞ്ചിലിരിക്കുന്നവർക്ക് ഇതൊക്കെ പറയാം. പക്ഷേ അങ്ങ് ഇത് പറയാമോ? റൂൾ 58 സ്പെസിഫിക് മാറ്ററാണ്. .....(ബഹളം) .....ഞാൻ മറുപടി പറയട്ടെ .....(ബഹളം) .....കുറ്റ്യാടി ഇവിടെ വരുന്നു. ബ്രഹ്മപുരത്തിന്റെ കാര്യത്തിൽ ഒരു സംശയവും വേണ്ട. അതിൽ അത്രവലിയ അഴിമതി ഉണ്ടായിരുന്നെങ്കിൽ എത്രയോ കാലമായി റൂൾ 58 നിങ്ങൾ കൊടുത്തിരുന്നേനെ. ഞങ്ങൾ കൊടുത്തപ്പോൾ ശ്രീ. ഖാദർ പറഞ്ഞതുപോലെ ശർക്കര ഐറ്റമായിട്ടല്ലേ കുറ്റ്യാടി കൊണ്ടുവന്നത്? റിപ്പോർട്ട് വന്നിട്ട് കൊല്ലം ഒന്ന് കഴിഞ്ഞില്ലേ? എന്നു മാത്രമല്ല, ഒരു കാര്യം ബ്രഹ്മപുരത്തെക്കുറിച്ച് ഞാൻ പറയുന്നു; ഇവിടെ ആവശ്യമില്ലാത്തതാണെന്ന് സി. ആന്റ് എ.ജി. പറഞ്ഞ ഈ കാര്യം അവിടെപ്പോയി റീഹാബിലിറ്റേഷൻ നടത്തുന്നു. അതേ അവസരത്തിൽ ബ്രഹ്മപുരത്തിൽ അഴിമതിക്കാരൻ ശ്രീ. പത്മരാജനും നേട്ടം. അവരുടെ ഭരണ കാലത്തെ നേട്ടമായി കൊണ്ടുവരികയും ചെയ്യുകയാണ്. 600 മെഗാ വാട്ട് പറഞ്ഞതിൽ 128 മെഗാ വാട്ട് ശ്രീ. പത്മരാജൻ തുടങ്ങിയ തുടങ്ങിയ പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. അത് നിങ്ങളുടെ ഭരണ നേട്ടമാണെന്ന് പറയുന്നു. ഇക്കാര്യത്തെക്കുറിച്ച് അഞ്ചുകൊല്ലം ഇരുന്നിട്ട് റൂൾ 58 അനുസരിച്ച് ഉന്നയിക്കാൻ കഴിയാത്ത നിങ്ങൾ ഈ അസംബ്ളി പിരിയാൻ നേരത്ത് മറുപടി പറയണമെന്ന് പറഞ്ഞാൽ അതൊക്കെ ജനം കാണുന്നില്ലേ ശ്രീ. കോടിയേരീ? അഞ്ചുകൊല്ലം ഇരുന്നിട്ട് നിങ്ങൾക്ക് റെയ്സ് ചെയ്യാൻ സാധിച്ചോ? ആ പദ്ധതിയുള്ളതുകൊണ്ടാണ് ഈ സംസ്ഥാനത്ത് ഇരുട്ട് ഇല്ലാതെവന്നത്. ആ പദ്ധതി ഉണ്ടാക്കിയത് ശ്രീ. പത്മരാജൻ വക്കീൽ ആണ് എന്നുള്ളതിന്റെ തെളിവല്ലേ അദ്ദേഹത്തിന്റെ പേരിൽ അഴിമതിയാരോപണം നിങ്ങൾ ഉന്നയിക്കുന്നത്? അല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ അഴിമതി ആരോപണം വരുമോ? ഇപ്പോൾ അത് നിങ്ങളുടെ ഭരണ നേട്ടം. ബ്രഹ്മപുരം ശ്രീ. പത്മരാജന്റെ കാലത്തല്ല; ഇവരുടെ കാലത്താണ് എന്നു പറയുന്നു. എന്നാൽ നിങ്ങളുടെ പേരിൽ കേസ്സെടുക്കണം, നിങ്ങളുടെ പേരിൽ നടപടി ഉണ്ടാകണം. ബ്രഹ്മപുരം തുടങ്ങിയത് ശ്രീ. പത്മരാജൻ വക്കീൽ. അതിന്റെ എല്ലാ ഏർപ്പാടും ചെയ്തത് ശ്രീ. പത്മരാജൻ വക്കീൽ. വർക്കുകൾ നടത്തിയത് ശ്രീ. പത്മരാജൻ വക്കീൽ. അത് നിങ്ങൾ സമ്മതിക്കാൻ തയ്യാറില്ല. ഇനി അന്വേഷണമൊന്നും വേണ്ട കാലം കഴിയുകയല്ലേ? അതിന് ശേഷം മന്ത്രിയുടെ പേരിൽ പാർട്ടി ഒരു നടപടി എടുക്ക്. ബ്രഹ്മപുരം നിങ്ങളുടേതല്ലേ? അതിനു ഞാനാണോ മറുപടി പറയേണ്ടത്? അതുകൊണ്ട് ഞാൻ ഒരു കാര്യം പറയുന്നു..... (ബഹളം)..... കായംകുളം 359 മെഗാവാട്ട്. എൻ.ടി.പി.സി.യുടേത്. അത് വലുതാണ്. 128 മെഗാവാട്ട് ബ്രഹ്മപുരം, 240 മെഗാവാട്ട് ലോവർ പെരിയാർ ഇവർ വന്ന് രണ്ട് മാസം കഴിഞ്ഞപ്പോൾ 240 മെഗാവാട്ട് രണ്ട് മാസംകൊണ്ട് ഉണ്ടാക്കിയതാണ്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാലത്ത് തുടങ്ങിയതല്ലേ? രണ്ട് മാസം നിങ്ങൾ സമരം സംഘടിപ്പിച്ചു. ഇല്ലെങ്കിൽ അത് ശ്രീ. കാർത്തികേയൻ ഉദ്ഘാടനം ചെയ്യുമായിരുന്നു. അതും നിങ്ങളുടെ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവമാണിത്. ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(2) കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പിലാക്കിയതിലുണ്ടായ നഷ്ടത്തെക്കുറിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച്

ഡോ. തോമസ് ഐസക്: സർ, "കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പാക്കിയതിൽ സംസ്ഥാന ഖജനാവിന് 201.4 കോടി രൂപയുടെ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് സി. ആന്റ് എ.ജി.യുടെ 2004 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് സഭ ചർച്ച ചെയ്യണം" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly